ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).


| വാല്യം 01 | സെപ്റ്റംബർ 2018 | ലക്കം 05 |
|---|---|---|


# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം


curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490- - 2342440

# ഉള്ളടക്കം

1. Prot. No.522/2018 - സർക്കുലർ 14/2018 ........ 5
2. Prot. No.530/18സർക്കുലർ 15/2018 ........ 9
3. Prot. No.524/18സർക്കുലർ 16/2018 ........ 12
4. കച്ചേരിക്കാര്യം ........ 14
5. സെമിനാരി വാർത്തകൾ ........ 17
6. വിശ്വാസപരിശീലനം ........ 19
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 26
8. ചെറുപുഷ്പ മിഷൻലീഗ് ........ 32
9. തിരുബാലസഖ്യം ........ 40
10. യുവജനശുശ്രൂഷ ........ 42
11. കുടുംബപ്രേഷിതത്വം ........ 46
12. സാൻജോസ് അക്കാഡമി ........ 53
13. കുടുംബക്കൂട്ടായ്മ ........ 56
14. എകെസിസി വാർത്തകൾ ........ 60
15. ഇൻഫാം വാർത്തകൾ ........ 63
16. പ്രതീക്ഷാ വാർത്തകൾ ........ 65
17. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ ........ 67
18. കെസിബിസി മദ്യവിരുദ്ധ സമിതി ........ 70
19. സാമൂഹ്യസേവനവേദി ........ 73
20. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 78
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 80
22. Programme of the Archbishop Mar George Njaralakatt ........ 83
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 85
24. Programme of the Auxiliary Bishop Mar Joseph Pamplany ........ 84

Prot. No. 522/18, സർക്കുലർ നമ്പർ 14/2018

# ബഹു. വൈദികരുടെ വാർഷിക ധ്യാനം

ഈശോയിൽ പ്രിയ സഹോദരീ, സഹോദരന്മാരേ,

നമ്മുടെ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ വാർഷികധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ മാസത്തിൽ പരിയാരത്തുള്ള മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുകയാണ്. സെപ്റ്റംബർ 9-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിമുതൽ 14-ാം തീയതി വെള്ളിയാഴ്ച ഉച്ചവരെ ഒന്നാം ബാച്ചും സെപ്റ്റംബർ 16-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിമുതൽ 21-ാം തീയതി വെള്ളിയാഴ്ച ഉച്ചവരെ രണ്ടാംബാച്ചും നടക്കും. നാഗ്പൂർ സെന്റ് ചാൾസ് സെമിനാരിയിലെ പ്രൊഫസറും ഡോമിനിക്കൻ സഭാംഗവുമായ ബഹു. ജോർജ് കുമ്പളുംമൂട്ടിലച്ചനാണ് ധ്യാനഗുരു.

എല്ലാ ധ്യാനാവസരങ്ങളും ദൈവകൃപയുടെ അവസരങ്ങളാണ്. പ്രാർത്ഥിക്കാനും, തിരുവചനങ്ങൾകേട്ട് സ്വന്തം ജീവിതത്തെ വിലയിരുത്താനും ഉതകുന്ന നിമിഷങ്ങൾ. വിശുദ്ധിയുടെ പാതയിലൂടെയാണോ താൻ ചരിക്കുന്നതെന്നും മറ്റുള്ളവരെ നയിക്കുന്നതെന്നും വിലയിരുത്താനുള്ള സന്ദർഭമാണിത്. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നതുപോലെ, ഇത് രക്ഷയുടെ ദിവസങ്ങളാണ്, സ്വീകാര്യമായ സമയമാണ്. "സ്വീകാര്യമായ സമയത്ത് ഞാൻ നിന്റെ പ്രാർത്ഥന കേട്ടു. രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ സഹായിക്കുകയും ചെയ്തു. ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം. ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം" (2 കോറി 6:2). നമ്മുടെ വൈദികരുടെ ധ്യാനദിവസങ്ങളിൽ നമുക്ക് അവരെ സമർപ്പിച്ച് ദൈവസന്നിധിയിൽ അവർക്കുവേണ്ടി മധ്യസ്ഥപ്രാർത്ഥനകൾ നടത്താം.

1953 ഡിസംബർ 31-ന് നമ്മുടെ രൂപത സ്ഥാപിതമായ അന്നുതുടങ്ങി പിതാക്കന്മാരോടും ദൈവജനത്തോടും ചേർന്ന് നമ്മുടെ ഇടവകകളുടെയും രൂപതയുടെയും പ്രദേശത്തിന്റെയും നാനാവിധമായ വളർച്ചയ്ക്കുവേണ്ടി അധ്വാനിച്ചവരാണ് നമ്മുടെ വൈദികർ. അവരുടെ സ്നേഹപൂർവ്വകമായ സമർപ്പണവും കഠിനാദ്ധ്വാനങ്ങളും ഉത്തമമായ മാതൃകകളും നമുക്ക് എന്നും മുതൽക്കൂട്ടായിരുന്നു. ദൈവകൃപയാൽ നമ്മുടെ അതിരൂപതയിൽ നല്ലൊരു വൈദികസമൂഹം നമുക്കുണ്ട് എന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അവർ പ്രാർത്ഥനയിലും വിശുദ്ധിയിലും കൂടുതൽ വളരുവാൻ നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധ

പിതാവും സഭയും ദൈവജനവും അവരിൽ ഏറെ പ്രതീക്ഷ വയ്ക്കുന്നുണ്ട്. കർത്താവായ ഈശോയുടെ ജീവിതശൈലിയും, ഈശോയുടെ ജീവിതത്തിൽ വിളങ്ങിനിന്നിരുന്ന സുകൃതങ്ങളും നാം അവരിൽ നിന്നും പ്രതീക്ഷിക്കുന്നു. ദൈവജനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക്വേണ്ടി പ്രതിബദ്ധതയോടെ സേവനമനുഷ്ഠിക്കുന്നവരാകണം അവർ എന്ന് നാം ആഗ്രഹിക്കുന്നു. നമ്മുടെ വൈദികർ വിശുദ്ധി, ആധ്യാത്മികത, ലാളിത്യം, മനുഷ്യത്വം, ഉത്തരവാദിത്വബോധം, അർപ്പണ മനോഭാവം, സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത എന്നീ കാര്യങ്ങളിൽ തികവുറ്റവരാകണമെന്നും നാം ആഗ്രഹിക്കുന്നു. ധ്യാനദിവസങ്ങളിൽ അവർക്കുവേണ്ടി ആത്മാർത്ഥമായി നമുക്ക് പ്രാർത്ഥിക്കാം.

വിശുദ്ധിയും പരിശുദ്ധാത്മാവും വിജ്ഞാനവും നിറഞ്ഞ വൈദികരാണ് ദൈവജനത്തോടൊപ്പം രൂപതയുടെ വലിയ സമ്പത്ത്. വിശുദ്ധരായ വൈദികർക്കു മാത്രമേ ദൈവജനത്തെ വിശുദ്ധിയിൽ നയിക്കുവാൻ സാധിക്കുകയുള്ളൂ. അപ്പസ്തോലന്മാരോടുള്ള സംഭാഷണ വേളയിൽ ഈശോതന്നെ ഇതേപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. “അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു” (യോഹ 17/19). പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്ന ഈശോയുടെ ത്രിവിധ ദൗത്യങ്ങളിൽ പങ്കാളിയാണ് ഓരോ വൈദികനും. മാമോദീസായിലുടെയും പ്രത്യേകമായി തിരുപ്പട്ട കൂദാശയിലുടെയും ഇതിനുള്ള ഉത്തരവാദിത്വവും അവകാശവും സിദ്ധിക്കുന്നവരാണ് പുരോഹിതർ. ഓരോ വൈദികനും ദൈവജനത്തോടൊപ്പം, എന്നാൽ അവരേക്കാൾ ഉപരിയായി വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടവനാണ്. തന്റെ ഉത്തരവാദിത്വ നിർവ്വഹണത്തിലൂടെയും ദൈവഹിതാനുഷ്ഠാനത്തിലൂടെയും തന്റെ വിവിധങ്ങളായ ശുശ്രൂഷകളുടെ പൂർണ്ണമായ നിർവ്വഹണത്തിലൂടെയും വിശുദ്ധിയിലേയ്ക്ക് പ്രയാണം ചെയ്യേണ്ടവരാണ് വൈദികർ. പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ എല്ലാ വൈദികരും വിശുദ്ധരായി തീരാനായി നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം.

പരിശുദ്ധാത്മാവാണ് എല്ലാ നവീകരണത്തിന്റെയും ഉറവിടം. ആത്മാവാണ് ഹൃദയങ്ങളെ സ്പർശിച്ച് നവീകരണത്തിന് പ്രേരിപ്പിക്കുന്നത്. അപ്പസ്തോലന്മാരെ നയിച്ചതുപോലെ സഭയേയും നയിക്കുന്നതും ആത്മാവ് തന്നെ. നമ്മുടെ വൈദികരും ആത്മാവിനാൽ നിറയപ്പെടാൻ പ്രത്യേകം പ്രാർത്ഥിക്കാം. ആത്മാവിന്റെ ദാനങ്ങളും വരങ്ങളും  ഫലങ്ങളും അവരിൽ സമൃദ്ധമായി ഉണ്ടാകട്ടെ. ധ്യാന

ത്തിന് നേതൃത്വം നല്കുന്ന ധ്യാനഗുരുവിനെയും ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം. ദൈവം അദ്ദേഹത്തിലൂടെ നമ്മുടെ വൈദികരോട് സംസാരിക്കട്ടെ.

നമ്മുടെ രൂപതയിൽ ആകെ 343 ഇടവക വൈദികരും 150-ൽപരം സന്യാസവൈദികരും സേവനം ചെയ്യുന്നു. ഇതിൽ 25-ൽപരം വൈദികർ വിശ്രമജീവിതം നയിക്കുന്നു. 50-ഓളം പേർ പഠനം, ജോലികൾ എന്നിവയ്ക്കായി രൂപതയ്ക്ക് പുറത്താണുള്ളത്. ഏതാണ്ട് 250 ഓളം വൈദികരാണ് ധ്യാനത്തിൽ സംബന്ധിക്കാനുള്ളത്. ധ്യാനാവസരത്തിൽ നമ്മുടെ പ്രിയ വൈദികരെ, നമുക്ക് പ്രത്യേകം അനുസ്മരിക്കാം. നമ്മുടെ വ്യക്തിഗത പ്രാർത്ഥനയിലും, കുടുംബപ്രാർത്ഥനകളിലും, വി. കുർബാന അവസരത്തിലും അവരെ ഓർത്ത് പ്രാർത്ഥിക്കാം.

നമ്മുടെ എല്ലാ വൈദികരെയും വൈദികരുടെ രാജ്ഞിയും അമ്മയുമായ പരി. കന്യകാമറിയത്തിന്റെയും അതിരൂപതാ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെയും വൈദികമധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും സംരക്ഷണത്തിനും മധ്യസ്ഥത്തിനും ഭരമേൽപ്പിക്കാം. വൈദികർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന നിങ്ങളെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

തലശ്ശേരി
20.08.2018

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 സെപ്റ്റംബർ മാസം 9-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

# ബഹു. വൈദികർക്കുള്ള നിർദ്ദേശങ്ങൾ

1. രണ്ട് ബാച്ചുകളിലെയും ധ്യാനം ഞായറാഴ്ച വൈകുന്നേരം 7.30 നുള്ള റംശ നമസ്കാരം മുതൽ വെള്ളിയാഴ്ച ഉച്ചഭക്ഷണം വരെയായിരിക്കും.
2. ബഹു. വികാരി ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ ഇടവകയുടെ അടിയന്തിര അജപാലന ആവശ്യങ്ങൾ നിർവ്വഹിക്കാൻ അടുത്തുള്ള ബഹു. വൈദികരെ ചുമതലപ്പെടുത്തുകയും പ്രസ്തുതവിവരം പള്ളിയിൽ അറിയിക്കുകയും ചെയ്യണം.
3. ധ്യാനത്തിനുവരുമ്പോൾ കൊത്തീന, സൂനാറ, ഊറാറ, കുർബാന കണക്ക്ബുക്ക്, കുമ്പസാര പത്തേന്തി, ബൈബിൾ, യാമ പ്രാർത്ഥനപുസ്തകം, ഒരു ബഡ്ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്.
4. മറ്റ് ധ്യാനകേന്ദ്രങ്ങളിൽ പോയി ധ്യാനിച്ചവരും അതിരൂപതാ വാർഷിക ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
5. ഗൗരവമുള്ള കാരണങ്ങളാൽ പൊതുധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അഭിവന്ദ്യപിതാവിന്റെ പക്കൽനിന്നും മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്.
6. കഴിഞ്ഞ മാസത്തെ ഗിരിദീപത്തിൽ ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആരെങ്കിലും ബാച്ചുമാറി പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മദർഹോം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളിയെ വിവരം അറിയിക്കണം.
7. ധ്യാനിക്കാനായി വരുമ്പോൾ ബഹു. വൈദികർ പി.പി.എഫിൽ അടയ്ക്കാനുള്ള വ്യക്തിവിഹിതവും ഇടവകവിഹിതവും കൊണ്ടുവരേണ്ടതാണ്. ഒപ്പം മറ്റെല്ലാ പിരിവുകളും അടച്ചു തീർക്കാൻ ശ്രദ്ധിക്കുമല്ലോ.

**Prot. No. 530/18; സർക്കുലർ നമ്പർ 15/2018**

# കൂട്ടായ്മ - അതിജീവനത്തിനൊരു എളുപ്പവഴി

മിശിഹായിൽ പ്രിയ സഹോദരരേ,

സമാനതകളില്ലാത്ത പ്രളയദുരന്തത്തെ അതിജീവിക്കാൻ നമ്മുടെ നാട് ഒറ്റക്കെട്ടായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. മലയാളികളുടെ മനസ്സിലെ കൂട്ടായ്മയുടെ സാഹോദര്യവും നന്മയുടെ സൗരഭ്യവും പ്രകടമായ നാളുകളിലാണ് നാം ജീവിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് കൈകോർത്തുകൊണ്ട് കേരളസഭ ദുരിതാശ്വാസരംഗത്തെ ഏറ്റവും സജീവ സാന്നിധ്യമായിരുന്നുവെന്നത് നമുക്ക് അഭിമാനകരമായിരുന്നു. ദുരന്തബാധിത പ്രദേശങ്ങളിൽ സഭയുടെ സ്ഥാപനങ്ങളാണ് ദുരിതാശ്വാസ ക്യാമ്പുകളായി രൂപപ്പെട്ടത്. ലക്ഷക്കണക്കിന് മനുഷ്യർക്ക് ആഴ്ചകളായി ഭക്ഷണവും ഇതര സൗകര്യങ്ങളും എത്തിക്കുന്നതിൽ സഭ പുലർത്തിയ ജാഗ്രത തികച്ചും മാതൃകാപരമായിരുന്നു.

മഹാപ്രളയത്തിൽ മലബാർ മേഖലയും ഏറെ ദുരിതങ്ങളിലൂടെ കടന്നുപോയതിന് നാം സാക്ഷികളാണല്ലോ. കച്ചേരിക്കടവ്, കരിക്കോട്ടക്കരി, എടക്കാനം, എടപ്പുഴ, വാണിയപ്പാറ, രണ്ടാംകടവ്, കിളിയന്തറ, മണിക്കടവ്, ശാന്തിനഗർ, കാഞ്ഞിരക്കൊല്ലി, കാലാങ്കി, പാടാംകവല, ഷിമോഗനഗർ, അറബി, മുണ്ടാനൂർ, ആടാംപാറ, രാജഗിരി-കാനംവയൽ, കാപ്പിമല-ഫർലോങ്ങര, കൊട്ടിയൂർ, അമ്പായത്തോട് എന്നീ പ്രദേശങ്ങളാണ് പ്രളയത്തിന്റെ ദുരിതം ഏറ്റവും അധികമായി ഏറ്റുവാങ്ങേണ്ടി വന്നത്.

കച്ചേരിക്കടവിൽ ആദ്യഉരുൾപൊട്ടൽ നാശംവിതച്ച ജൂൺ 12 മുതൽ അതിരൂപതയുടെ സാമൂഹികസേവനവിഭാഗം ജീവകാരുണ്യ മേഖലയിൽ സജീവ സാന്നിധ്യമായിരുന്നു. അഭിവന്ദ്യ പിതാക്കന്മാർ ദുരന്തമേഖലകളെല്ലാം നേരിട്ടു സന്ദർശിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്തു. അതിരൂപതയിലെ 200 ഇടവകകളിൽ നിന്നു ശേഖരിച്ച 500 ടൺ അരിയും 10 ടൺ പയറും 3 ടൺ പഞ്ചസാരയും ഒരു ടൺ വെളിച്ചെണ്ണയും ഇതിനോടകം ദുരിതബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുകയുണ്ടായി. 150ൽ പരം ലോറികളിലായി മാനന്തവാടി, ഇരിങ്ങാലക്കുട, തൃശൂർ, കുട്ടനാട്, ഇടുക്കി, കോഴിക്കോട്, എറണാകുളം, ചങ്ങനാശ്ശേരി പ്രദേശങ്ങളിലാണ് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തത്. അതിരൂപതയുടെ കുടുംബകൂട്ടായ്മകളിലും സന്യാസഭവനങ്ങളിലും നിർമ്മിച്ച രണ്ടു ലക്ഷത്തിൽപരം ചപ്പാത്തികളും ദുരിതബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തു. ഭക്ഷ്യ

വസ്തുക്കൾക്കൊപ്പം 50 ലക്ഷം രൂപയുടെ പുത്തൻ തുണിത്തരങ്ങളും വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്യുകയുണ്ടായി. പ്രളയംമൂലം മലിനമായ വീടുകൾ ശുചീകരിക്കാൻ ദുരന്തനിവാരണത്തിനായി പ്രത്യേകപരിശീലനം നേടിയ 1200 വോളണ്ടിയർമാർ അടങ്ങിയ സേന വൈദികരുടെ നേതൃത്വത്തിൽ കർമ്മരംഗത്തുണ്ട്. 50 ടീമുകളിലായി പ്രവർത്തിക്കുന്ന ഈ സന്നദ്ധ സേന അത്യന്തം ശ്രമകരമായ അദ്ധ്വാനത്തിലൂടെ ആയിരക്കണക്കിന് ഭവനങ്ങൾ വാസയോഗ്യമായി ശുചീകരിച്ചു. കുന്നോത്ത് മേജർ സെമിനാരിയിലെ 160 വൈദിക വിദ്യാർത്ഥികളും വൈദികരും ഒരാഴ്ചയായി ശുചീകരണ പ്രവൃത്തികളുമായി മധ്യ കേരളത്തിൽ കർമ്മനിരതമാണ്.

കണ്ണൂർ കളക്ടറുടെ അഭ്യർത്ഥനപ്രകാരം രണ്ടുലക്ഷത്തിൽപരം രൂപയുടെ മരുന്നുകൾ അധികാരികൾക്കു കൈമാറി. അതിരൂപതയിലെ ആശുപത്രികളായ തലശ്ശേരി ജോസ്ഗിരി, കരുവഞ്ചാൽ സെന്റ് ജോസഫ്സ്, തൊക്കിലങ്ങാടി ക്രിസ്തുരാജാ എന്നിവിടങ്ങളിൽ ദുരന്തബാധിതർക്ക് സൗജന്യ ചികിത്സാസഹായം ക്രമീകരിച്ചിരുന്നു. മംഗലാപുരം ഫാദർ മുള്ളേഴ്സ് മെഡിക്കൽ കോളേജിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ അതിവിദഗ്ധരായ 40ൽപരം ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് തലശ്ശേരി അതിരൂപത മാനന്തവാടി, ബത്തേരി, അമ്പായത്തോട്, മണിക്കടവ് എന്നീ കേന്ദ്രങ്ങളിൽ വിപുലമായ സൗകര്യങ്ങളോടെ മൂന്നുദിവസം നീണ്ട മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് ഫാദർ മുള്ളേഴ്സ് മെഡിക്കൽ കോളേജിൽ ചികിത്സ ലഭ്യമാക്കകുയും ചെയ്യുന്നുണ്ട്.

ഇതിനോടകം 2 കോടി 85 ലക്ഷത്തിൽപരം രൂപയുടെ സേവനങ്ങളാണ് അതിരൂപതയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയത്. മേൽപ്പറഞ്ഞ സേവനപ്രവർത്തനങ്ങളെല്ലാം സാധ്യമായത് അതിരൂപതയിലെ മുഴുവൻ വിശ്വാസികളുടെയും കൂട്ടായ്മയിലൂടെയാണ്. ഇതിനായി മുന്നിട്ടിറങ്ങിയ വൈദികരെയും ഇല്ലായ്മയിലും നിർല്ലോപമായി സഹകരിച്ച നിങ്ങൾ എല്ലാവരെയും ഞാൻ അഭിമാനത്തോടെയും നന്ദിയോടെയും ഓർമ്മിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളെയും ഭക്തസംഘടനകളുടെ നേതാക്കളെയും ഞാൻ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു.

ദുരിതബാധിതപ്രദേശങ്ങളിലെ വൈദികരും അൽമായ പ്രതിനിധികളും അതിരൂപതാ കോർഡിനേഷൻ കമ്മിറ്റിയും സന്ദേശഭവനിൽ സംയുക്ത സമ്മേളനം ചേർന്നാണ് ദുരന്തനിവാരണത്തിനായുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയത്. മലയോരമേഖലയിൽ ഭവനരഹി

തരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിപുലമായ കർമ്മ പദ്ധതികളാണ് അതിരൂപത ആവിഷ്ക്കരിക്കുന്നത്. വീടു നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത 40 കുടുംബങ്ങൾക്ക് വീടു നിർമ്മിക്കാൻ പരിയാരം, ചെമ്പേരി, ശാന്തിനഗർ, ബെഡൂർ പ്രദേശങ്ങളിലായി 3 ഏക്കറോളം ഭൂമി അതിരൂപത സൗജന്യമായി നൽകുന്നതാണ്. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും തകർന്ന കൃഷിഭൂമികൾ സാധിക്കുന്നിടത്തോളം വീണ്ടും കൃഷിയോഗ്യമാക്കാൻ കർഷകർക്ക് എല്ലാവിധ സഹായവും നൽകേണ്ടതുണ്ട്. പല കുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗങ്ങളായിരുന്ന ആടുമാടുകൾക്കും വ്യാപകമായ തോതിൽ ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഈ പ്രതിസന്ധിയ്ക്കും സാധിക്കുന്നത്ര പരിഹാരം കണ്ടെത്തണമെന്നാണ് നാം ആഗ്രഹിക്കുന്നത്. ദുരിതമേഖലയിൽ ജാതിമതഭേദമെന്യേ സഹായം നൽകണമെന്നാണ് യോഗത്തിൽ തീരുമാനിച്ചിരിക്കുന്നത്.

19.08.2018 ഞായറാഴ്ചയിൽ നമ്മുടെ പള്ളികളിൽ നടത്തിയ ദുരിതാശ്വാസഫണ്ട് ശേഖരണത്തിൽ കഷ്ടനഷ്ടങ്ങൾക്കിടയിലും നിങ്ങൾ നടത്തിയ ഉദാരപൂർണ്ണമായ സഹകരണത്തിന് ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. എല്ലാ പള്ളികളുടെയും സംഭാവനകൾ ഇവിടെ എത്തിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ ദുരിതാശ്വാസനിധിയുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. സെപ്തംബർ മാസത്തിൽ ചേരുന്ന അതിരൂപതാ ദുരന്തനിവാരണസമിതി പുനരധിവാസപ്രവർത്തനങ്ങളുടെ അന്തിമരൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതാണ്. പ്രളയദുരിതത്തെ അതിജീവിക്കുന്നതിനായി മൊത്തം ഏഴുകോടിയിൽപരം രൂപയുടെ ബൃഹത്തായ കർമ്മപദ്ധതിയാണ് നാം വിഭാവനം ചെയ്തിരിക്കുന്നത്. വിശക്കുന്നവനും ദാഹിക്കുന്നവനും നഗ്നനും രോഗിയും പരദേശിയും തടവുകാരനുമായി കഴിയുന്ന ഓരോ മനുഷ്യന്റെ മുഖത്തും ഈശോയുടെ തിരുമുഖം ദർശിക്കുവാനുള്ള ആഴമേറിയ വിശ്വാസമാണ് ഈ നാളുകളിൽ നിങ്ങൾ ഓരോരുത്തരും പ്രകടമാക്കിയത്. നിങ്ങളുടെ കരുണാർദ്ര ഹൃദയത്തെ കർത്താവ് സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
25.08.2018

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2018 സെപ്റ്റംബർ മാസം 16-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

**Prot. No. 524/18; സർക്കുലർ നമ്പർ 16/2018**

# വിളക്കന്നൂരിലെ ദിവ്യകാരുണ്യ അടയാളം

മിശിഹായിൽ പ്രിയമുള്ളവരെ,

വിളക്കന്നൂർ ഇടവകയിൽ 2013 നവംബർ 15-ാം തിയ്യതിയിൽ ബഹു. തോമസ് പതിക്കലച്ചൻ അർപ്പിച്ച ദിവ്യബലിമദ്ധ്യേ തിരുവോസ്തിയിൽ ഈശോയുടെ തിരുമുഖത്തിന്റെ ഛായ പതിഞ്ഞതായി കരുതപ്പെടുന്ന സംഭവത്തെക്കുറിച്ച് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഈ സംഭവത്തെക്കുറിച്ച് സീറോമലബാർ സഭയുടെ ദൈവശാസ്ത്രകമ്മീഷൻ വിശദമായ പഠനം നടത്തുകയും പ്രസ്തുത സംഭവം ഒരു ദിവ്യകാരുണ്യ അത്ഭുതമാകാനുള്ള സാധ്യത ചൂണ്ടിക്കാട്ടുകയും ചെയ്തിരുന്നു. ഇത്തരം സംഭവങ്ങളെ വിലയിരുത്താനുള്ള വത്തിക്കാൻ മാർഗ്ഗരേഖ അനുശാസിക്കുന്നതിൽപ്രകാരം നിശ്ചിതകാലം പ്രസ്തുത അടയാളം കാണപ്പെട്ട തിരുവോസ്തി അതിരൂപതാദ്ധ്യക്ഷന്റെ മേൽനോട്ടത്തിൽ അതിരൂപതാകേന്ദ്രത്തിൽ സൂക്ഷിക്കാൻ നിർദ്ദേശിക്കപ്പെട്ടിരുന്നു. കഴിഞ്ഞ നാലുവർഷത്തിലധികമായി അതിരൂപതാകേന്ദ്രത്തിൽ സൂക്ഷിച്ചിരുന്ന ഈ തിരുവോസ്തി കേടുപാടുകൾക്കോ നാശങ്ങൾക്കോ വിധേയപ്പെടാതെ ഇപ്പോഴും സ്ഥിതി ചെയ്യുന്നുണ്ട്. അതിനാൽ പ്രസ്തുത തിരുവോസ്തി വിളക്കന്നൂർ ക്രിസ്തുരാജാ ദൈവാലയത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയാണ്. 2018 സെപ്റ്റംബർ 21-ന് പ്രസ്തുത തിരുവോസ്തി വിളക്കന്നൂർ പള്ളിയിൽ സ്ഥാപിക്കുന്നതാണ്. ഈ നടപടിയെക്കുറിച്ച് ചില അടിസ്ഥാനപരമായ കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.

1. വിളക്കന്നൂർ പള്ളിയിലേയ്ക്ക് ഈ തിരുവോസ്തി നൽകുന്നതിലൂടെ പ്രസ്തുത സംഭവത്തെ ദിവ്യകാരുണ്യ അത്ഭുതമായി സഭ ഔദ്യോഗികമായി അംഗീകരിച്ചു എന്ന് അർത്ഥമാക്കുന്നില്ല. ഈ ദിവ്യകാരുണ്യ അടയാളത്തെ കൂടുതൽ പഠിക്കുന്നതിനും പ്രസ്തുത തിരുവോസ്തിയുടെ സാന്നിധ്യത്തിലൂടെ സംഭവിക്കാനിടയുള്ള തുടർ അടയാളങ്ങളെ നിരീക്ഷിക്കാനുമായാണ് ഇപ്രകാരം നടപടി സ്വീകരിക്കുന്നത്.
2. നാലുവർഷത്തിലേറെ ആയതിനാൽ പ്രസ്തുത തിരുവോസ്തി ഭക്ഷ്യയോഗ്യമല്ല എന്നു വ്യക്തമാണല്ലോ. അതിനാൽ പ്രസ്തുത തിരുവോസ്തിയെ വി. കുർബ്ബാനയായിട്ടല്ല, ഒരു തിരുശേഷിപ്പ് ആയിട്ടാണ് പരിഗണിക്കേണ്ടത്. ദൈവീകമായ അടയാളം വെളിപ്പെട്ട ദിവ്യകാരുണ്യ തിരുശേഷിപ്പായി ഈ തിരുവോസ്തിയെ നാം പരിഗണിക്കണം.

3. പ്രസ്തുത തിരുവോസ്തി പള്ളിയുടെ പ്രധാന ബലിപീഠത്തിൽ പ്രതിഷ്ഠിക്കാനോ ദിവ്യകാരുണ്യ ആരാധനയ്ക്ക് ഉപയോഗിക്കാനോ പാടില്ല. ദൈവാലയത്തിനുള്ളിൽ പ്രത്യേകം സജ്ജമാക്കിയ പാർശ്വ അൾത്താരയിലോ (side alter) തിരുശേഷിപ്പുകൾക്കൊപ്പമോ ഇതു സൂഷിക്കേണ്ടതാണ്.

4. ഈ തിരുവോസ്തി പരസ്യവണക്കത്തിന് ഉപയോഗിക്കാവുന്നതിനാൽ വിശ്വാസികൾക്ക് ഈ തിരുവോസ്തിക്കു മുന്നിൽ പ്രാർത്ഥിക്കാവുന്നതാണ്.

5. ഈ തിരുവോസ്തിക്കുമുന്നിൽ പ്രാർത്ഥിക്കുന്നതുവഴി സംഭവിക്കുന്ന അടയാളങ്ങളും അതിസ്വാഭാവിക സൗഖ്യങ്ങളും പ്രത്യേകം രേഖപ്പെടുത്തി ശാസ്ത്രീയ തെളിവുകളോടെ സൂക്ഷിക്കേണ്ടതാണ്. തുടർപഠനങ്ങൾക്കും സഭാധികാരികളുടെ പരിശോധനകൾക്കും ഇത്തരം സാക്ഷ്യങ്ങൾ സഹായകമാണ്.

ദിവ്യകാരുണ്യ നാഥനായ ഈശോയിലുള്ള നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്താൻ നമുക്ക് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. സഭയുടെ സത്യവിശ്വാസത്തിന്റെ കേന്ദ്രമായ ദിവ്യകാരുണ്യ ഭക്തിയിൽ വളരാൻ ദൈവം തരുന്ന ഓരോ അവസരങ്ങളെയും അടയാളങ്ങളെയും ശരിയായി വിവേചിച്ചറിയുവാൻ ദൈവാരൂപിയുടെ പ്രചോദനം എല്ലാവർക്കും ലഭിക്കട്ടെ.

സ്നേഹാശംസകളോടെ,

തലശ്ശേരി
22.08.2018

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേകശ്രദ്ധയ്ക്ക് :** ഈ സർക്കുലറിലെ വിവരങ്ങൾ പള്ളികളിൽ അറിയിക്കുമല്ലോ.

# കച്ചേരിക്കാര്യം

## 1. ബഹു. വൈദികരുടെ വാർഷിക ധ്യാനം

അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹു. വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ മാസം 9 മുതൽ 14 വരെയും 16 മുതൽ 21 വരെയും പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. ഓരോ ബാച്ചിലും സംബന്ധിക്കേണ്ട വൈദികരുടെ ലിസ്റ്റ് കഴിഞ്ഞ ലക്കം ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അഭിവന്ദ്യ പിതാവിന്റെ സർക്കുലറും തുടർകുറിപ്പുകളും കാണുക.

## 2. അഭിവന്ദ്യ പിതാവിന്റെ ദുരിതാശ്വാസനിധി

കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രളയക്കെടുതികളിൽ സഹായിക്കാൻ നാമെല്ലാവരും ഒന്നിച്ച് പരിശ്രമിക്കേണ്ടതായിട്ടുണ്ട്. ഇടവകകളും സ്ഥാപനങ്ങളും വ്യക്തികളും സമാഹരിച്ചു നല്കുന്ന സംഭാവനകൾ സ്വീകരിക്കാനായി 'തലശ്ശേരി അതിരൂപതാ റിലീഫ് ഫണ്ട്' എന്നപേരിൽ ഒരു പുതിയ അക്കൗണ്ട് തലശ്ശേരി സൗത്ത് ഇന്ത്യൻ ബാങ്ക് ശാഖയിൽ ആരംഭിച്ചിട്ടുണ്ട്. അക്കൗണ്ട് നമ്പർ : 0078053000076249 ഇടവകകളിൽ സമാഹരിച്ച തുക ഇനിയും അയക്കാത്തവർ എത്രയും പെട്ടെന്ന് ഈ അക്കൗണ്ടിലേയ്ക്ക് അയയ്ക്കുകയും വിവരം പ്രൊക്കുറേറ്ററച്ചനെ വിളിച്ചറിയിക്കുകയും ചെയ്യണമെന്ന് താത്പര്യപ്പെടുന്നു.

## 3. പി.പി.എഫ്. വിഹിതം

പി.പി.എഫിലേക്കുള്ള ഈ വർഷത്തെ ഇടവകവിഹിതവും വ്യക്തിവിഹിതവും അടക്കാനുള്ള അച്ചന്മാർ വാർഷികധ്യാനത്തിനു വരുമ്പോൾ ഇവ അടക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## 4. ആദരാഞ്ജലികൾ

### 1. ഫാ. ചാണ്ടി കുരിശുമ്മൂട്ടിൽ

താമരശ്ശേരി രൂപതാംഗമായ ഫാ. ചാണ്ടി കുരിശുമ്മൂട്ടിൽ 2018 ഓഗസ്റ്റ് 17-ന് നിര്യാതനായി. 1981 ഡിസംബർ 23-ന് തലശ്ശേരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച ബ. ചാണ്ടിയച്ചൻ ചെറുപുഴ, പൈസക്കരി, എന്നീ ഇടവകകളിൽ അസി. വികാരിയായും കുപ്പായക്കോട്, തോട്ടുമുക്കം,

നൂറാന്തോട്, പന്തല്ലൂർ, കരിയാത്തുംപാറ, വാലില്ലാപുഴ, കുളിരാമുട്ടി, കക്കാടംപൊയിൽ, തേക്കുംകുറ്റി തുടങ്ങിയ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. താമരശ്ശേരി രൂപത മദ്യവിരുദ്ധ സമിതി ഡയറക്ടർ എന്ന നിലയിൽ തീക്ഷ്ണതയോടെ പ്രവർത്തിച്ചു. അച്ചന്റെ മൃതസംസ്ക്കാരകർമ്മങ്ങൾ 2018 ഓഗസ്റ്റ് 18 ശനിയാഴ്ച വിളക്കാംതോട് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ നടന്നു. മോൺ. അലക്സ് താരാമംഗലം സംസ്ക്കാരശുശ്രൂഷകളിൽ പങ്കെടുത്തു. ബഹു. ചാണ്ടി കുരിശുമ്മൂട്ടിലച്ചന്റെ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## 4. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മഴുവഞ്ചേരി - 02-09-1985
2. റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം - 05-09-2007
3. റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ - 13-09-2013
4. റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ. - 15-09-1966
5. റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. - 17-09-1988
6. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) - 19-09-1979
7. റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. - 20-09-1979
8. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) - 20-09-1988
9. റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് - 22-09-1982

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## Priest Home Construction

| | |
|---|---|
| St. Antony Church Jayagiri | - 5000 |
| St. Alphonsa Church Mulapra | - 25000 |
| St. Sebastain's Church Kannivayal | - 50000 |

# ശ്രീ ജെയ്സൺ മർക്കോസ് പാലയൂർ പൂവത്തിങ്കലിന് ആദരാഞ്ജലികൾ



തലശ്ശേരി അതിരൂപതയിലെ അത്മായ നേതൃത്വത്തിൽ പ്രശോഭിച്ചിരുന്ന ശ്രീ ജെയ്സൺ മർക്കോസ് പാലയൂർ പൂവത്തിങ്കൽ 2018 ആഗസ്റ്റ് 3-ന് ആകസ്മികമായി നിര്യാതനായി. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, പേരാവൂർ സൺഡേ സ്കൂൾ അസി. ഹെസ്മാസ്റ്റർ, ചെറുപുഷ്പ മിഷൻലീഗ് മുൻ അതിരൂപതാ പ്രസിഡന്റ്, മലബാർ റീജണൽ ഓർഗനൈസർ, അതിരൂപതാ ജനറൽ ഓർഗനൈസർ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ജനറൽ സെക്രട്ടറി, പ്രതീക്ഷ ഉപദേശകസമിതി അംഗം തുടങ്ങിയ നിലകളിൽ ഊർജ്ജ്വസ്വലമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചുവരവെയാണ് അദ്ദേഹത്തിന്റെ നിര്യാണം. കൂത്തുപറമ്പ് നിർമ്മലഗിരി കോളെജിൽ നോൺ-ടീച്ചിങ് സ്റ്റാഫായി പ്രവർത്തിച്ച് കഴിഞ്ഞവർഷമാണ് വിരമിച്ചത്. തീക്ഷ്ണമതിയായ അല്മായ നേതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ അപ്രതീക്ഷിതമായ ദേഹവിയോഗം തലശ്ശേരി അതിരൂപതയ്ക്കും പേരാവൂർ ഇടവകയ്ക്കും അദ്ദേഹം പ്രവർത്തിച്ചിരുന്ന സംഘടനകൾക്കും തീരാനഷ്ടമാണ്. ലാളിത്യം, ഹൃദയനൈർമല്യം, വിനയം, പ്രസന്നത, നിഷ്കപടത, സ്നേഹം, സേവനം, ത്യാഗം തുടങ്ങിയ പുണ്യങ്ങൾ ജീവിതത്തിൽ പകർത്തിയ അദ്ദേഹം ക്രൈസ്തവസാക്ഷ്യത്തിന്റെ വിശുദ്ധ മാതൃകയായിരുന്നു. പേരാവൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന മൃതസംസ്ക്കാരശുശ്രൂഷക്ക് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കാർമ്മികത്വം വഹിച്ചു. നൂറുകണക്കിന് വൈദികരും സിസ്റ്റേഴ്സും അതിരൂപതയുടെ നാനാഭാഗത്തുനിന്നുള്ള ജനങ്ങളും അദ്ദേഹത്തിന് ആദരാഞ്ജലികളർപ്പിച്ചു. ശ്രീ ജെയ്സൺ മർക്കോസിന്റെ ആകസ്മിക നിര്യാണത്തിൽ ദുഃഖാർത്തരായിരിക്കുന്ന സഹധർമ്മിണിയെയും മക്കളെയും അഭിവന്ദ്യപിതാക്കന്മാരുടെയും തലശ്ശേരി അതിരൂപത മുഴുവന്റെയും അനുശോചനം അറിയിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിനേരുകയും ചെയ്യുന്നു.

# സെമിനാരി വാർത്തകൾ

**1. ലൈഫ് ഗൈഡൻസ് വിജയകരം**

വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളിൽ വച്ച് നടന്ന ലൈഫ് ഗൈഡൻസ് പ്രോഗ്രാം 10-ാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉപകാരപ്രദമായി. വൊക്കേഷൻ ബ്യൂറോ അംഗങ്ങളുടെ അത്യുത്സാഹവും കഠിനപ്രയത്നവുമാണ് ഈ പ്രോഗ്രാം വിജയകരമായി തീരുവാൻ സഹായിച്ചത്. ഇതിന് എല്ലാവധി സഹായസഹകരണവും നല്കിയ മാനേജറച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്, ടീമംഗങ്ങൾ വൊക്കേഷൻ ബ്യൂറോയിലെ ബഹു. അച്ചന്മാർ, സിസ്റ്റേഴ്സ്, അല്മായ പ്രേഷിതർ ഇവരെ നന്ദിയോടുകൂടെ ഓർമ്മിക്കുന്നു. ഒപ്പം അഭിനന്ദനങ്ങളും അറിയിക്കുന്നു.

**2. പ്രത്യേക അഭിനന്ദനങ്ങൾ**

ലൈഫ്ഗൈഡൻസ് പ്രോഗ്രാം പനത്തടി കാഞ്ഞങ്ങാട് മേഖലകളിൽ നടത്തണമെന്ന വൈദികകൂട്ടായ്മയുടെ ആവശ്യപ്രകാരം ആദ്യമായി പനത്തടി മേഖലയിൽ നടത്തുകയുണ്ടായി. 180 ഓളം കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുത്തു. പ്രോഗ്രാം ഉപകാരപ്രദമായിരുന്നു എന്നറിയുകയും ചെയ്തു. നമ്മുടെ കോർപ്പറേറ്റ് സ്കൂളുകൾ ഒന്നും തന്നെയില്ലാത്ത ഈ മേഖലകളിൽ ഈ ക്ലാസ്സുകൾ കുട്ടികളുടെ ജീവിതത്തിൽ ഒരു പുതുചുവടുവയ്പ്പാണ്. ഇതിനുവേണ്ടി അക്ഷീണം പരിശ്രമിച്ച ബഹു. ഫൊറോന വികാരിഫാ. തോമസ് പട്ടാംകുളത്തെയും മറ്റെല്ലാ വികാരിയച്ചന്മാരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഒപ്പം ക്ലാസ്സെടുത്ത വൊക്കേഷൻ ബ്യൂറോ ടീംഅംഗങ്ങൾക്കും പ്രത്യേകമായ നന്ദിയും അഭിനന്ദനവും.

**3. നന്മകളും പ്രാർത്ഥനകളും**

നമ്മുടെ അതിരൂപതയിൽനിന്നും നല്ല ദൈവവിളികളെ കണ്ടെത്തി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൊക്കേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയും പുതിയ 4 റീജണൽ വൊക്കേഷൻ പ്രോമോട്ടർമാരെ അഭിവന്ദ്യപിതാവ് നിയോഗിച്ചിരിക്കുന്നു.

1. ഫാ. ജെയിംസ് കുരിശുംമൂട്ടിൽ - കാഞ്ഞങ്ങാട് റീജൺ
   (പനത്തടി, കാഞ്ഞങ്ങാട്, തോമാപുരം, വെള്ളരിക്കുണ്ട്)
2. ഫാ. തോമസ് വാളിപ്ലാക്കൽ - ആലക്കോട് റീജൺ
   (ചെറുപുഴ, മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ)
3. ഫാ. ഫാ. അബ്രാഹം കൊച്ചുപുര - ചെമ്പേരി റീജൺ
   (ചെമ്പന്തൊട്ടി, ചെമ്പേരി, തളിപ്പറമ്പ, പൈസക്കരി)

4. ഫാ. ജോസ് ആനാനിയ്ക്കൽ -ഇരിട്ടി റീജൺ
(പേരാവൂർ, കുന്നോത്ത്, നെല്ലാക്കാംപൊയിൽ, എടൂർ)

ഇവർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും പുതിയ പ്രവർത്തനമേഖലകളിൽ നേരുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലം ഈ ശുശ്രൂഷ ഏറ്റെടുത്ത് വിജയപ്രദമാക്കിയ ഫാ. മാത്യു കോണിക്കൽ, ഫാ. ആന്റണി ചിറ്റേട്ട്, ഫാ. മാത്യു പ്രവർത്തുംമലയിൽ ഇവരെ നന്ദിയോടെ സ്മരിക്കുകയും എല്ലാ വിധത്തിലുമുള്ള കൃതജ്ഞത അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. ജോർജ് കരോട്ട്**
റെക്ടർ

## ലിറ്റിൽ ഫ്ളവർ കൗൺസിലിംഗ് സെന്റർ

നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയുടെ എതിർ വശത്തുള്ള ലിറ്റിൽഫ്ളവർ ഹോമിയോ ക്ലിനിക്ക് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ സി.എം.സി സന്യാസിനീസമൂഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ലിറ്റിൽ ഫ്ളവർ കൗൺസിലിംഗ് സെന്ററിൽ ഫാമിലി കൗൺസിലിംഗ്, കരിയർ ഗൈഡൻസ് കൗൺസിലിംഗ്, ചൈൽഡ് ഗൈഡൻസ്, ഡി. അഡിക്ഷൻ കൗൺസിലിംഗ്, പ്രഗ്നൻസി കൗൺസിലിംഗ്, റഫറൽ സർവ്വീസസ് തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്. ഈ മേഖലയിൽ പ്രവർത്തിച്ച് പരിചയസമ്പന്നരായ സി. ബെറ്റി ജോർജ് (BSW, MSW), സി. ആൽഫിയ (BSW, MSW) എന്നിവരുടെ സേവനം ലഭ്യമാണ്. ആവശ്യമുള്ളവർ ഈ നമ്പറിൽ ബന്ധപ്പെടുക

**പ്രവർത്തനസമയം 9 am - 5 pm**

| | |
|---|---|
| സി. ബെറ്റി | – 9048 948 317 |
| സി. ആൽഫിയ | – 9496 521 563 |
| ഡോ. സി. മെർലി | – 9497 203 129 |

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

"ദൈവത്തിന് യാതൊന്നും അസാധ്യമല്ല എന്നു വിശ്വസിക്കുകയും ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടത്തെ നാമം പരിശുദ്ധമാണ് എന്ന് ദൈവത്തെ പ്രകീർത്തിക്കുവാൻ കഴിയുകയും ചെയ്തവളാകയാൽ പരിശുദ്ധ കന്യകാമറിയമാണ് വിശ്വാസത്തിന്റെ പരമമായ മാതൃക" (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 273). അമ്മയുടെ മാതൃക ഉൾക്കൊണ്ടുകൊണ്ട് നമുക്കും ദൈവവിശ്വാസത്തിൽ വളരാം. എട്ടുനോമ്പനുഷ്ഠിച്ച് അമ്മയുടെ പിറവിത്തിരുന്നാളിനൊരുങ്ങാം.

## 1. ഓണപരീക്ഷ - സെപ്റ്റംബർ 2

ഓണപരീക്ഷ സെപ്റ്റംബർ 2-ാം തീയതിയാണ്. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 2-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള വി. കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

## 2. അസൈൻമെന്റ് ക്ലാസ് - XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മിശ്രവിവാഹത്തെ ബൈബിളിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുക'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

## 3. ആസ്പെക്ട്

2018-2019 അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് '**സഭയും സുവിശേഷവൽക്കരണവും**' എന്ന പുസ്തകമാണ്.

## 4. ARMY - XI- XII ക്ലാസുകളിലെ കുട്ടികൾക്കുള്ള ധ്യാനം

യുവജനവർഷത്തോടനുബന്ധിച്ച് 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഞായറാഴ്ചകളിലായിരിക്കും നടക്കുക. അതിരൂപത കെസിവൈഎം

എസ്എംവൈഎം, വിശ്വാസപരിശീലനകേന്ദ്രം, ജീസസ് യൂത്ത് എന്നീ സംഘടനകൾ ചേർന്നാണ് ധ്യാനം നടത്തുന്നത്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കേരളത്തിലെ പ്രഗൽഭ റിസോഴ്സ് ടീമാണ് ധ്യാനത്തിന് നേതൃത്വം നല്കുന്നത്. രാവിലെ 8.30 മുതൽ വൈകുന്നേരം 5.30 വരെയാണ് ധ്യാനം. വി. കുർബാന, ദിവ്യകാരുണ്യ ആരാധന, സെഷൻസ്, മ്യൂസിക് മിനിസ്ട്രി, മ്യൂസിക്കൽ സ്കിറ്റ് എന്നിവ ധ്യാനത്തിൽ ഉൾപ്പെട്ടിരിക്കും. 11, 12 ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ കുട്ടികളെ ധ്യാനത്തിന് കൊണ്ടുവരേണ്ടതാണ്. **(വിശദവിവരങ്ങൾക്ക് യുവജനശുശ്രൂഷ ARMYപേജ് നമ്പർ 45 കാണുക).**

### 5. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും ഈ അധ്യയനവർഷം അധ്യാപകർക്കായി രണ്ട് ഏകദിന സെമിനാറുകളാണ് നടത്തേണ്ടത്. ബഹു. ഫൊറോനാ വികാരി യച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകര ണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ അധ്യാപകരും സംബന്ധിക്കേണ്ടതാണ്.

### ആഗസ്റ്റ് മാസത്തിൽ നടന്ന സെമിനാറുകൾ

**a. വായാട്ടുപറമ്പ്:** ആഗസ്റ്റ് 11 ശനിയാഴ്ച്ച വായാട്ടുപറമ്പ് ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ റവ. ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഫാ. കുര്യാക്കോസ് കളരിക്കൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. ജോസഫ് പുല്ലാട്ട് സ്വാഗതവും ശ്രീ. സിബി കുന്നേൽ നന്ദിയും പറഞ്ഞു. "പുതിയ തലമുറയും വിശ്വാസപരിശീലനവും" എന്ന വിഷയത്തെ ആസ്പദമാക്കി കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി പ്രൊഫ. റവ. ഡോ. ആന്റണി തറേക്കടവിൽ ക്ലാസെടുത്തു. സെമിനാറിൽ 115 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**b. മേരിഗിരി:** ആഗസ്റ്റ് 11 ശനിയാഴ്ച്ച മേരിഗിരി ഫൊറോനയിലെ വിശ്വാസ പരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു മണിമലത്തറപ്പേൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ടോമി കിളിച്ചുണ്ടമാക്കൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. നോവിച്ചൻ ഓലിക്കൽ സ്വാഗതവും ശ്രീ. സിബി മാലിപ്പുറം നന്ദിയും പറഞ്ഞു. ചെമ്പേരി സാന്ത്വനം-കരുണാലയം ഡയറക്ടർ റവ. ഫാ. ജെയിംസ് പുത്തൻനട "വിശ്വാസപരിശീലനം: സമർപ്പണവും ജീവിത മാതൃ കയും (അപ്പ 20: 20-38)" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. സെമിനാറിൽ 139 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**c. എടൂർ:** ആഗസ്റ്റ് 11 ശനിയാഴ്ച്ച എടൂർ ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട എകദിനസെമിനാർ ഫൊറോന വികാരി വെരി. റവ. ഫാ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ശ്രീ. ജോസഫ് ചക്കാനിക്കുന്നേൽ സ്വാഗതവും ശ്രീ. മാത്യു കളപ്പുരക്കൽ നന്ദിയും പറഞ്ഞു. “Jesus the Master Teacher” എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. ജോബി മൂലയിൽ ക്ലാസെടുത്തു. സെമിനാറിൽ 113 വിശ്വാസ പരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**c. തോമാപുരം:** ആഗസ്റ്റ് 11 ശനിയാഴ്ച്ച തോമാപുരം ഫൊറോനയിലെ വിശ്വാസപരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ അതിരൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമാക്കൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. സജി വള്ളോപ്പിള്ളിൽ സ്വാഗതവും സെക്രട്ടറി ശ്രീ. ജോർജ് കൊല്ലക്കൊമ്പിൽ നന്ദിയും പറഞ്ഞു. “മാറുന്ന കാലത്തെ വിശ്വാസപരിശീലനം” എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടർ ക്ലാസെടുത്തു. സെമിനാറിൽ 204 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**d. പനത്തടി:** ആഗസ്റ്റ് 20 തിങ്കളാഴ്ച്ച പനത്തടി ഫൊറോനയിലെ വിശ്വാസ പരിശീലകർക്ക് നടത്തപ്പെട്ട ഏകദിനസെമിനാർ ഫൊറോന വികാരി വെരി. റവ. ഫാ. തോമസ് പട്ടാംകുളം ഉദ്ഘാടനം ചെയ്തു. റവ. ഫാ. തോമസ് ആമക്കാട്ട് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് ശ്രീ. ജോസ് നെല്ലിക്കുന്നേൽ സ്വാഗതവും ശ്രീ. ഷാജി പൂക്കുളത്തേൽ നന്ദിയും പറഞ്ഞു. ചെമ്പേരി സാന്ത്വനം-കരുണാലയം ഡയറക്ടർ റവ. ഫാ. ജെയിംസ് പുത്തൻനട “വിശ്വാസപരിശീലനം: സമർപ്പണവും ജീവിത മാതൃകയും (അപ്പ 20: 20-38)” എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. സെമിനാറിൽ 120 വിശ്വാസപരിശീലകർ പങ്കെടുത്തു. ഏകദിനസെമിനാറിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**സെപ്റ്റംബർ മാസത്തെ സെമിനാറുകൾ**

1. സെപ്റ്റംബർ- 08ന് വെള്ളരിക്കുണ്ട് ഫൊറോന
2. സെപ്റ്റംബർ - 15ന് കാഞ്ഞങ്ങാട് ഫൊറോന

## 6. ദൈവശാസ്ത്രകോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2018 -19 അധ്യയന വർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ മതാധ്യാപകരെയും ദൈവ

ശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യു മല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 7. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2018–2019 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വില യിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മ യിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം.** അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടു ക്കേണ്ടതാണ് ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 8. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechism thalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, മുൻകാലപരീക്ഷകളുടെ ചോദ്യ പേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോ ത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹി പ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

## 9. റിസോഴ്സ് ടീം ട്രെയിനിംഗ്

**ആലക്കോട്** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയി നിംഗിൽ 16 വിശ്വാസപരിശീലകർ പങ്കെടുത്തു. സി.എം.സി സഭാംഗമായ റവ. സി. പുഷ്പ ക്ലാസുകൾക്ക് നേതൃത്വം നല്കി. **വെള്ളരിക്കുണ്ട്** വച്ചു നടത്തപ്പെട്ട മതാധ്യാപക റിസോഴ്സ് ടീം ട്രെയിനിംഗിൽ 12 വിശ്വാസപരി ശീലകർ പങ്കെടുത്തു. ശ്രീ. സക്കറിയാസ് തേക്കുംകാട്ടിൽ ക്ലാസുകൾക്ക് നേതൃത്വം നല്കി. **കാഞ്ഞങ്ങാട്** വച്ച് നടത്തപ്പെട്ട മതാധ്യാപക റിസോ ഴ്സ് ടീം ട്രെയിനിംഗിൽ 12 വിശ്വാസപരിശീലകർ പങ്കെടുത്തു. ശ്രീ. ടോം വെണ്ണായപ്പിള്ളിൽ ക്ലാസുകൾക്ക് നേതൃത്വം നല്കി. ക്ലാസുകൾക്ക് സൗകര്യങ്ങൾ ഒരുക്കിത്തന്ന വെരി. റവ. ഫാ. ആന്റണി ആനക്കല്ലിൽ, വെരി. റവ. ഫാ. ആന്റണി തെക്കെമുറിയിൽ, വെരി. റവ. ഫാ. മാത്യു പരവരാകത്ത് എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

**സെപ്റ്റംബർ മാസത്തെ റിസോഴ്സ് ടീം ട്രെയിനിംഗ്**

ഫൊറോന തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട 5 മുതൽ 8 വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്കുള്ള ട്രെയിനിംഗ് നടക്കുന്ന സ്ഥലങ്ങൾ:

| | |
|---|---|
| **സെപ്റ്റംബർ 02 ഇരിട്ടി** | : പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ ഫൊറോനകൾ |
| **സെപ്റ്റംബർ 09 ചെമ്പേരി** | : പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ് ഫൊറോനകൾ |
| **സെപ്റ്റംബർ 16 ആലക്കോട്** | : തളിപ്പറമ്പ്, ആലക്കോട്, മേരിഗിരി, ചെറുപുഴ ഫൊറോനകൾ |
| **സെപ്റ്റംബർ 16 വെള്ളരിക്കുണ്ട്** | : തോമാപുരം, വെള്ളരിക്കുണ്ട് ഫൊറോനകൾ |

## 10. പുസ്തകപരിചയ സെമിനാർ

1 മുതൽ 4വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്ക് നടത്തിയ പുസ്തകപരിശീലന സെമിനാറിൽ പൈസക്കിരി, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്, തളിപ്പറമ്പ്, ആലക്കോട്, മേരിഗിരി, ചെറുപുഴ, തോമാപുരം, വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, പനത്തടി, എന്നീ ഫൊറോന കളിലെ വിശ്വാസപരിശീലകർ പങ്കെടുത്തു.

**ക്ലാസുകൾക്ക് നേതൃത്വം നല്കിയവർ:**

റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ശ്രീ. ജോബി മൂലയിൽ, സി. ടെർസിറ്റ എൻ.എസ്, സി. ജാൻസി എസ്.എച്ച്, മെൽസി കട്ടിക്കാനായിൽ, ബിജി വെട്ടത്ത്, സി. സൗമ്യ എം.എസ്.എം.ഐ, മെർലിൻ ഞാവള്ളിൽ, ജോമോൾ അഴികണ്ണിക്കൽ, സി. സീന സേവ്യർ എഫ്.സി.സി, അനിത എം, റോസ്മേരി, സി. ജിഷ എം.എസ്.എം.ഐ, സി. ജൂലിയ എഫ്.സി.സി, സി. ലിസ്ന മാത്യു എസ്.എച്ച്, മിനിജോസ്, സോഫി ഉള്ളാട്ടിൽ, സി. ലിൻസ ജോർജ്, സി. സ്നേഹ മരിയ എസ്.എച്ച്, സി. ദീപ്തി, സി. ഷെറിൻ എം.എസ്.എം.ഐ, സി. പ്രിൻസി എം.എസ്.എം.ഐ, മായ കയ്യൂന്നുപാറ, ജോയി കാര്യാലപ്പുഴ, നിഷ ആലുങ്കത്താഴെ, സി. പൗളിൻ എസ്.എച്ച്, ജാസ്മിൻ പ്ലാത്തോട്ടത്തിൽ, മേരിക്കുട്ടി, സിന്ധു തെക്കുംപുറത്ത്, സി. റ്റെസ്മി എഫ്.സി.സി, ഷെറിൻ പാലോലിൽ, ജെസ്സി ചെമ്പനാനിക്കൽ, ഡോമിന ചാത്തങ്കരിയിൽ, സി. അനൂപ എസ്.എം.എസ്,സി. ആഷ്‌ലി എം.എൽ.എഫ്, ലാലി തടത്തിൽ, വിക്ടോറിയ പൊട്ടംപ്ലാക്കൽ, സി. ഡാനിയ എസ്.എ.ബി.എസ്, മിനി മടുക്കക്കുഴി, മേരി കുട്ടിയാനിയിൽ, ഷാന്റി വട്ടക്കുന്നേൽ, ലില്ലിക്കുട്ടി മൂലേത്തോട്ടം, ടീന തോമസ്, ജെസ്സി വിനോദ്, ഏലമ്മ, സി. ഷൈനി മരിയ എം.എസ്.എം.ഐ, സി. ഐറിൻ എസ്.എ.ബി.എസ്, നീതു മുള്ളൂർ, നിഷ ജെയിംസ്, സി.അനൂജ സി.എം.സി.

## 11. സെപ്റ്റംബർ മാസത്തെ പുസ്തകപരിചയ സെമിനാർ: ക്ലാസ് 5 മുതൽ 8 വരെ

5 മുതൽ 8 വരെ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിശ്വാസ പരിശീലകർക്കുള്ള പുസ്തകപരിചയ സെമിനാർ സെപ്റ്റംബർ മാസത്തിൽ നടത്തുകയാണ്. എല്ലാവരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കണം. വരുമ്പോൾ ടെക്സ്റ്റ് ബുക്ക്, നോട്ട്ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്.

| ഫൊറോന | തീയതി | സ്ഥലം | സമയം |
|---|---|---|---|
| പേരാവൂർ | സെപ്റ്റംബർ 09 | പേരാവൂർ | 2-5 pm |
| എടൂർ | സെപ്റ്റംബർ 09 | എടൂർ | 2-5 pm |
| കുന്നോത്ത് | സെപ്റ്റംബർ 09 | കുന്നോത്ത് | 2-5 pm |
| നെല്ലിക്കാംപൊയിൽ | സെപ്റ്റംബർ 09 | നെല്ലിക്കാംപൊയിൽ | 2-5 pm |
| പൈസക്കരി | സെപ്റ്റംബർ 16 | പൈസക്കരി | 2-5 pm |
| ചെമ്പേരി | സെപ്റ്റംബർ 16 | ചെമ്പേരി | 2-5 pm |
| ചെമ്പന്തൊട്ടി | സെപ്റ്റംബർ 16 | ചെമ്പന്തൊട്ടി | 2-5 pm |
| വായാട്ടുപറമ്പ് | സെപ്റ്റംബർ 16 | വായാട്ടുപറമ്പ് | 2-5 pm |
| ആലക്കോട് | സെപ്റ്റംബർ 23 | ആലക്കോട് | 2-5 pm |
| മേരിഗിരി | സെപ്റ്റംബർ 23 | മേരിഗിരി | 2-5 pm |
| ചെറുപുഴ | സെപ്റ്റംബർ 23 | ചെറുപുഴ | 2-5 pm |
| തളിപ്പറമ്പ് | സെപ്റ്റംബർ 23 | തളിപ്പറമ്പ് | 2-5 pm |
| തോമാപുരം | സെപ്റ്റംബർ 23 | തോമാപുരം | 2-5 pm |
| വെള്ളരിക്കുണ്ട് | സെപ്റ്റംബർ 23 | വെള്ളരിക്കുണ്ട് | 2-5 pm |
| പനത്തടി | സെപ്റ്റംബർ 23 | പനത്തടി | 2-5 pm |

## 12. ദിയാകോണിയ കർമ്മ പദ്ധതി

സെപ്റ്റംബർ മാസം കാരുണ്യമാസമായി നാം ആചരിക്കുകയാണ്. അഗതികൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച വി. മദർതെരേസയുടെ ചരമദിനം സെപ്റ്റംബർ 5ന് ആണല്ലോ. അധ്യാപകരും കുട്ടികളും അഗതിമന്ദിരങ്ങളിലും ഭവനങ്ങളിലും രോഗികളായികഴിയുന്ന വൃദ്ധമാതാപിതാക്കളെയും അഗതികളെയും സന്ദർശിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 13. ആദരാഞ്ജലികൾ

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട പേരാവൂർ സൺഡേ സ്കൂൾ അസി. ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. ജെയ്സൺ മാർക്കോസ് പാലയൂർ പൂവത്തിങ്കൽ സാറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 38 വർഷക്കാലം സൺഡേസ്കൂൾ അധ്യാപകൻ എന്ന നിലയിൽ ചെയ്ത എല്ലാ

ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. സാറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഉളിക്കൽ സൺഡേ സ്കൂൾ അധ്യാപകനായിരുന്ന ശ്രീ. ജോയി (മാത്യു) കാനാട്ട് സാറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 17 വർഷക്കാലം സൺഡേസ്കൂൾ അധ്യാപകൻ എന്ന നിലയിൽ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. സാറിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

## 14. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 15. WhatsApp Group

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയിക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

## 16. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ആയന്നൂർ, തോമാപുരം, വിജയപുരം, എടൂർ, പയ്യാവൂർ എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ പനത്തടി, കോട്ടൂർ, പുന്നക്കുന്ന്, നെല്ലിക്കുറ്റി, എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ലോഗോസ് രൂപതാതലപരീക്ഷ

ലോഗോസ് പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ പൂർത്തിയായി രജിസ്റ്റർ ചെയ്ത എല്ലാവർക്കും രജിസ്ട്രേഷനുവേണ്ടി ആത്മാർത്ഥ മായി പ്രവർത്തിച്ച ബഹു. വികാരിയച്ചൻമാർക്കും വേദപാഠം ഹെഡ് മാസ്റ്റേഴ്സിനും പ്രത്യേകം നന്ദി. ഈ വർഷത്തെ അതിരൂപതാതല ലോഗോസ് പരീക്ഷ സെപ്റ്റംബർ 30 ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെ യാണ്. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും സെപ്റ്റം ബർ 29 -ാം തീയ്യതി രാവിലെ മുതൽ ഫൊറോന കേന്ദ്രങ്ങളിൽനിന്ന്, സെന്റ റുകളിലെ കോർഡിനേറ്റർക്ക് കൈപ്പറ്റാവുന്നതാണ്. ഓരോ സെന്ററുകളി ലേയും പരീക്ഷയ്ക്കുശേഷം ഉത്തരക്കടലാസുകൾ ശേഖരിച്ച് സൂപ്പർവൈ സറുടെ നേതൃത്വത്തിൽ പായ്ക്ക് ചെയ്ത് വികാരിയച്ചന്റെ മേൽനോട്ടത്തിൽ സൂക്ഷിക്കേണ്ടതാണ്. ഫൊറോന കേന്ദ്രങ്ങളിലേക്ക് ഉത്തരക്കെട്ടുകൾ കൊടുത്ത് വിടേണ്ടതില്ല. മൂല്യനിർണ്ണയം ഓരോ ഇടവകയിലുമാണ് നടത്തേ ണ്ടത്.

## ലോഗോസ് പരീക്ഷയുടെ മൂല്യനിർണ്ണയം

നേരത്തെ അറിയിച്ചിരുന്നതുപോലെ ലോഗോസ് പരീക്ഷയുടെ ഉത്തരക്കടലാസുകൾ ഇടവകാതലത്തിലാണ് മൂല്യനിർണ്ണയം നടത്തു ന്നത്. ഒക്ടോബർ 6 -ാം തീയ്യതി ശനിയാഴ്ച ഫൊറോന സെന്ററുകളിൽ ഓരോ ഇടവകയിലെയും പരീക്ഷയുടെ ഉത്തരവാദിത്വമുള്ളവർ ഒരുമിച്ച് കൂടുമ്പോൾ ഉത്തരസൂചിക വിതരണം ചെയ്യുന്നതാണ്. കൂടേണ്ട സമയം മേഖലാ പ്രസി ഡന്റിനെ അറിയിക്കുന്നതാണ്. ഓരോ ഗ്രൂപ്പിലെയും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേരുടെ മാർക്കുകളും ഉത്തരക്കടലാസുകളും എ വിഭാ ഗത്തിൽ 60 ഉം അതിന് മുകളിൽ ഉള്ളവരുടെ ലിസ്റ്റും മറ്റുവിഭാഗങ്ങളിൽ 70 ഉം അതിന് മുകളിൽ ഉള്ളവരുടെ ലിസ്റ്റും ഒക്ടോബർ 13 ന് മുൻപ് രൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇടവക യിൽ ഒക്ടോബർ 13-ാം തീയ്യതി പരീക്ഷ എഴുതിയവരുടെ മാർക്കുകൾ പ്രസിദ്ധം ചെയ്യാവുന്നതാണ്.

## ALAKODE

| | |
|---|---|
| Alakode | 406 |
| Arivilanjapoil | 97 |
| Jayagiri | 50 |
| Karthikapuram | 156 |
| Kuttaparamba | 100 |
| Mampoil | 103 |
| Manakkadav | 208 |
| Nellippara | 179 |
| Ottathai | 126 |
| Parappa | 165 |
| Udayagiri | 352 |
| Vijayagiri | 127 |
| Cheekkad | 49 |

## CHEMPANTHOTTY

| | |
|---|---|
| Chempanthotty | 556 |
| Cheparamba | 92 |
| Karayathumchal | 107 |
| Kottoor | 161 |
| Kottoorvayal | - |
| Mandalam | 202 |
| Vennakkallu | - |
| Vilakkannur | 273 |
| Naduvil | - |
| Nellikkunnu | 42 |
| Sreekandapuram | 79 |

## CHEMPERI

| | |
|---|---|
| Areekamala | 132 |
| Chemperi | 735 |
| Deepagiri | 88 |
| Kudianmala | - |
| Lissigiri | 101 |
| Nellikkutty | 262 |
| Ponmala | 69 |
| Pottenplavu | 66 |
| Pulikkurumba | 259 |
| Rathnagiri | 40 |
| Kanakakkunnu | 71 |
| Pooparamba | 85 |

## CHERUPUZHA

| | |
|---|---|
| Aravanchal | 124 |
| Cherupuzha | 329 |
| Choorappadave | 90 |
| Josegiri | 84 |
| Koluvally | 132 |
| Kozhichal | 183 |
| Pulingome | 359 |
| Rajagiri | 122 |
| Thabore | - |
| Thirumeni | 269 |
| Mulapra | 153 |
| Ummarpoil | - |
| Padiyottuchal | 124 |

## EDOOR

| | |
|---|---|
| Chedikulam | 155 |
| Edappuzha | 109 |
| Edoor | 596 |
| Karikkottakkari | 436 |
| Keezhppally | 137 |
| Mangode | 236 |
| Uruppumkutty | 68 |
| Vattiyara | 77 |
| Velimanam | 228 |

## MARYGIRI

| | |
|---|---|
| Cherupara | 130 |
| Edakkom | - |
| Kariyapally | 119 |
| Marygiri | 372 |
| Perumpadave | 311 |
| Rayarome | - |
| Vellariyanam | 80 |
| Vimalassery | 120 |
| Pachani | 108 |
| Kodoppally | - |
| Perigala | 71 |

## NELLICKAMPOIL

| | |
|---|---|
| Arabi | 53 |
| Iritty | 154 |
| Kalanki | 120 |
| Kalluvayal | 133 |
| Kanjirakolly | 119 |
| Manikkadave | 394 |
| Manippara | 219 |
| Mattara | - |
| Mundanoor | 124 |
| Nellickampoil | 265 |
| Padiyoor | 70 |
| Puravayal | 253 |
| Santhinagar | 85 |
| Thermala | 118 |
| Ulickal | 220 |
| Vilamana | 111 |
| Anara | 122 |

## KANHANGAD

| | |
|---|---|
| Badiyadukka | 158 |
| Chayoth | 113 |
| Cheemeni | 70 |
| Delampady | 9 |
| Ennappara | 198 |
| Kalichanadukkam | 134 |
| Kasargod | 242 |
| Mulleria | 52 |
| Nileshwar | 67 |
| Padannakkad | 231 |
| Periya | 30 |
| Udayapuram | 42 |
| Nelliyadukkam | - |
| Kanhangad | 110 |
| Kanjiradukkam | 120 |
| Poinachi | 35 |
| Kodoth | - |
| Hosangadi | 44 |

## KUNNOTH

| | |
|---|---|
| Angadikkadave | 365 |
| Charal | 151 |
| Edakkanam | 27 |
| Kacherikkadave | 379 |
| Kilianthara | 184 |
| Kunnoth | 223 |
| Madathil | 67 |
| Mudayaranji | 57 |
| Palathinkadave | 49 |
| Peratta | 185 |
| Perinkiri | 81 |
| Randamkadave | 122 |
| Vaniyappara | 80 |
| Nazarath Convent | 46 |
| Anapanthy | - |

## THOMAPURAM

| | |
|---|---|
| Athirumavu | 55 |
| Bedoor | 27 |
| Chattamala | 145 |
| Chavaragiri | 81 |
| Kadumeni | 238 |
| Kamballoor | 104 |
| Kannivayal | 217 |
| Kavumthala | 146 |
| Kulineer | - |
| Kunnumkai | 141 |
| Mandapam | - |
| Palavayal | 1371 |
| Thayyeni | 134 |
| Thomapuram | 719 |
| Varakkadu | 111 |
| Ayannur | 89 |

## PAISAKARY

| | |
|---|---|
| Adampara | 93 |
| Chandanackampara | 78 |
| Chundapparamba | 175 |
| Ettupara | 156 |
| Josemount | 100 |
| Paisakkary | 474 |
| Vembuva | 120 |
| Shimoganagar | - |
| Mutharikulam | 100 |
| Padamkavala | 48 |
| Payyavoor | 131 |

## PERAVOOR

| | |
|---|---|
| Aryaparambu | 120 |
| Chengome | 122 |
| Chettiyaparambu | 107 |
| Edathotty | 178 |
| Kanichar | 218 |
| Kallumuthirakkunnu | 105 |
| Kolakkad | 276 |
| Kolayadu | 142 |
| Melmuringodi | 61 |
| Nedumpuramchal | 140 |
| Nirmalagiri | 92 |
| Odenthode | 184 |
| Peravoor | 587 |
| Perumpunna | 160 |
| Poolakkutty | 81 |
| Rajamudy | 118 |
| Thokkilangady | 38 |
| Mattannur | 24 |
| Madappurachal | 34 |
| Manhalampuram | 125 |

## THALIPPARAMBA

| | |
|---|---|
| Balesugiri | - |
| Neduvaloor | 69 |
| Kannur | 180 |
| Melechovva | 174 |
| Payyannur | 118 |
| Pariyaram | 259 |
| Minor Seminar -Tly | - |
| Thalassery | - |
| Thalipparamba | 290 |

## VAYATTUPARAMBA

| | |
|---|---|
| Alphonsagiri | 65 |
| Karunapuram | 204 |
| Karuvanchal | 306 |
| Mavumchal | 58 |
| Pathenpara | 54 |
| Vayattuparamba | 364 |
| Vellad | 289 |
| Vijayapuram | - |
| Thadikkadave | 143 |

## VELLARIKKUNDU

| | |
|---|---|
| Amalagiri | |
| Anamanjal | 63 |
| Attakkandam | - |
| Balal | 190 |
| Bheemanady | 326 |
| Birikkulam | 95 |
| Chully | 85 |
| Karunapuram | 76 |
| Konnakkad | 176 |
| Malome | 140 |
| Nattakkal | 73 |
| Puncha | 86 |
| Punnakkunnu | 111 |
| Vellarikkundu | 480 |
| Vimalagiri-Parappa | 207 |
| Kalichamaram | 61 |
| Kanakappally | 66 |
| Paramba | 90 |

## PANATHADY

| | |
|---|---|
| Adottukkaya | 60 |
| Kottody | 135 |
| Manadukkam | 88 |
| Marypuram | 164 |
| Padimaruthu | 122 |
| Paduppu | 341 |
| Panathady | 348 |
| Panathoor | 154 |
| Santhigiri-Kallar | 130 |
| Kodom | - |
| Ellukochi | 35 |

### 4. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകളുടെ സമയക്രമം

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| 01.09.2018 | D. M Convent | 9.30-4.30 | Book of Revelation<br>Morality of Life<br>Theology of Other Religions<br>Wisdom Books |
| 01.09.2018 | Irinjalakuda | 9.30-4.30 | Social Doctrines<br>Ezra-Nehemiah,<br>Eschatology<br>Philosophy and Theology |
| 04.09.2018 | DTH | 9.30-4.30 | |
| 08.09.2018 | F C C Provincial House, Clarapuram, Aluva | 9.30-4.30 | Book of Revelation<br>Morality of Life<br>Theology of Other Religions<br>Wisdom Books |
| 15.09.2018 | St. Thomas Church , Vasai (Mumbai) | 9.30-4.30 | Textual Criticism<br>Ezekiel<br>New Testament<br>Morality of Life |
| 16.09.2018 | St. Thomas Church , Vasai (Mumbai) | 9.30-4.30 | Mariology<br>Greek<br>The Gospel of St. John<br>Spiritual Theology |
| 20.09.2018 | CMC Provincial House,TLY | 9.30-4.30 | Introduction to Theology<br>Book of Revelation<br>Morality of Life<br>Theology of Other Religions,<br>Wisdom Books |
| 21.09.2018 | Jai Christo Provincial House, Palakkad | 9.30-4.30 | Mariology<br>Greek<br>The Gospel of St. John<br>Spiritual Theology |
| 23.09.2018 | FCC Nirmala Provincial House, Nidamanuru, Vijayawada | 9.30-4.30 | Mariology<br>Greek<br>The Gospel of St. John<br>Spiritual Theology |
| 29.09.2018 | Carmelate Provincial House, Eranakulam | 9.30-4.30 | Introduction to Theology<br>Book of Revelation<br>Morality of Life<br>Theology of Other Religions,<br>Wisdom Books |

## ല്യൂമെൻ എക്ലേസിയ പരീക്ഷാക്രമം

| | | |
|---|---|---|
| വെളിപാട് പുസ്തകം | - 02.09.2018 | (2.30 - 4.30) |
| ജീവന്റെ ദൈവശാസ്ത്രം | - 23.09.2018 | (2.30 - 4.30) |

## ഷോർട്ട് ഫിലിം ട്രെയിനിംഗ് ക്യാമ്പ്

ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ
ഷോർട്ട്ഫിലിം ട്രെയിനിംഗ് ക്യാമ്പ് (മീഡിയ കമ്മീഷനുമായിചേർന്ന്)

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ മീഡിയ കമ്മീഷനുമായി സഹകരിച്ച് ഹ്രസ്വചലച്ചിത്ര ട്രെയിനിംഗ് ക്യാമ്പ് പാലാരിവട്ടത്തുള്ള പിഒസിയിൽ സെപ്റ്റംബർ 14 ന് വൈകിട്ട് 5 മുതൽ 16 ന് വൈകിട്ട് 4 വരെ സംഘടിപ്പിക്കുന്നു.

സുപ്രസിദ്ധ സിനിമാസംവിധായകൻ സിബിമലയിൽ സുപ്രസിദ്ധ തിരക്കാഥാകൃത്ത് ജോൺ പോൾ സുപ്രസിദ്ധ ആർട്ട് ഡയറക്ടർ ജോസഫ് നെല്ലിക്കൽ, ഫാ.ജേക്കബ് കോറോത്ത്, ഫാ. ജോളി വടക്കൻ തുടങ്ങിയവർ നേതൃത്വം നല്കുന്നു.

താത്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ഓഫീസിൽ വിളിക്കുക. ഉടൻ സീറ്റ് ബുക്കുചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാ. ജോൺസൺ പുതുശ്ശേരി, സെക്രട്ടറി, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ, പി.ഒ.സി, പാലാരിവട്ടം; ഫോൺ: 0484-2805897 (9447991287)

### ലോഗോസ് പഠനസഹായി - 2018

ലോഗോസ് - 2018 പഠനസഹായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാണ്.

| | |
|---|---|
| മത്തായി | 10 - 18 |
| നിയമാവർത്തനം | 1 - 11 |
| പ്രഭാഷകൻ | 1 - 10 |
| വെളിപാട് | 10 - 16 |

ഈ വിശുദ്ധഗ്രന്ഥഭാഗങ്ങളെ ആസ്പദമാതക്കി തയ്യാറാക്കിയിരിക്കുന്ന ലോഗോസ് പഠനസഹായിക്ക് 50 രൂപയാണ് വില. പഠനസഹായി ആവശ്യമുള്ളവർക്ക് ബൈബിൾ അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ നിന്ന് പുസ്തകം കൈപ്പറ്റാവുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റർ, കുഞ്ഞുമിഷനറിമാരായ കൂട്ടുകാരേ,

ക്ഷമയുടെയും എളിമയുടെയും പൊൻവെളിച്ചമായി ലോകത്തിൽ ഉദിച്ച പരി. അമ്മയുടെ പിറവിത്തിരുനാളിനായി ഒരുങ്ങുമ്പോൾ നമ്മുടെ പരിത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി മനോഹരമായ ഒരു പിറന്നാൾ പൂച്ചെണ്ട് അമ്മയ്ക്ക് സമ്മാനിക്കാം. ജന്മപാപത്തിന്റെ കറയേൽക്കാതെ നക്ഷത്രമായി വിളങ്ങിയ പരിശുദ്ധ അമ്മയെപോലെ ജീവിതവഴികളിൽ നന്മയുടെയും സ്നേഹത്തിന്റെയും പരിമളം പരത്തി വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുവാൻ ഈ പിറവിത്തിരുനാൾ നിമിത്തമാകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഒപ്പം മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന എല്ലാവരെയും അവരെ സഹായിക്കുന്ന എല്ലാ കരങ്ങളെയും പ്രാർത്ഥനയിൽ അനുസ്മരിക്കാം.

| | | |
|---|---|---|
| **അനുസ്മരിക്കുന്ന തിരുനാൾ:** | | മാതാവിന്റെ പിറവിത്തിരുനാൾ; കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| ,, **വിശുദ്ധർ** | : | വി. മദർ തെരേസ, വി. മത്തായി, വി. വിൻസെന്റ് ഡിപോൾ |
| **പ്രാർത്ഥനാനിയോഗം** | : | എല്ലാ അധ്യാപകർക്കുംവേണ്ടി |
| **സുകൃതജപം** | : | അറിവിന്റെ ആത്മാവേ അധ്യാപകരിൽ നിറയണമേ. |
| **വചനഭേരി** | : | പ്രഭാഷകൻ 13-17 അധ്യായങ്ങൾ മനഃപാഠമാക്കുക |
| **സുകൃതം** | : | 71 നന്മനിറഞ്ഞമറിയമേ... |
| ***ദിയാക്കോണിയ*** | : | കാരുണ്യമാസം<br>1. ശാഖാതല അഗതിമന്ദിര സന്ദർശനം<br>2. വൃദ്ധമാതാപിതാക്കളെ സന്ദർശിക്കൽ |

## ശാഖകൾ ശ്രദ്ധിക്കാൻ

1 ശനി : എട്ട് നോമ്പ് ആരംഭം. നിയോഗം പ്രേഷിതപ്രവർത്തന വിജയത്തിനായി

5 ബുധൻ : മദർ തെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം

8 ശനി : മാതാവിന്റെ ജനനതിരുനാൾ, ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 20-ാം ചരമവാർഷികം

9 ഞായർ : ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകരണം.

14 വെള്ളി : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

29 ബുധൻ : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, എം.റ്റി.സി., ഒന്നാംക്ലാസ്സ്, ദിനാചരണങ്ങൾ- കാരുണ്യ പ്രവർത്തനം, അഗതിമന്ദിരങ്ങൾ സന്ദർശിക്കുന്നു.

## അധ്യാപകദിനം

സെപ്റ്റംബർ 5 ബുധനാഴ്ച അധ്യാപകദിനത്തോടനുബന്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ അധ്യാപകദിനം മേരിഗിരി ചെറുപുഷ്പം യു.പി. സ്കൂളിൽ വച്ച് നടത്തുന്നതാണ്.

## അംഗത്വ നവീകരണം

മുൻവർഷങ്ങളിൽ മിഷൻലീഗിൽ അംഗത്വം സ്വീകരിച്ച എല്ലാവരും ഒക്ടോബർ 1 ന് വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വം നവീകരിക്കുമല്ലോ.

## അതിരൂപതാവിഹിതങ്ങൾ

ഈ വർഷത്തെ വാർഷിക വിഹിതവും (500രൂപ) അംഗത്വഫീസും (ശാഖയിലെ എല്ലാ അംഗങ്ങൾക്കും 5 രൂപ വീതം) അടയ്ക്കാനുള്ളവരും കഴിഞ്ഞവർഷത്തെ കുടിശ്ശിക അടയ്ക്കാനുള്ളവരും സെപ്റ്റംബർ 30 ന് മുമ്പ് അടച്ച് സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## കാരുണ്യദിനം: സെപ്റ്റംബർ 5

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതി മന്ദിരങ്ങൾ സന്ദർശിക്കുകയും സാധിക്കുന്ന കാരുണ്യപ്രവർത്തികളും സഹായങ്ങളും ചെയ്യുവാനും ശ്രദ്ധിക്കുമല്ലോ. അതിരൂപതാതലത്തിൽ അന്നേദിവസം കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

## മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്റ്റംബർ 20 ന് മുമ്പ് അതിരൂപതഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## നിബന്ധനകൾ

- മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം
- ഏഴിനും പത്തിനുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.
- സ്ഥലമൊരുക്കൽ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം, തുടങ്ങി വിവിധഘട്ടങ്ങളിലെ കുട്ടികളുടെ പ്രവർത്തനം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇമെയിൽ ചെയ്യേണ്ടതാണ്. (cmltly01@gmail.com)
- ശാഖകളുടെ പേരോടുകൂടിയ 'മിഷൻ പച്ചക്കറിത്തോട്ടം' എന്ന നെയിം ബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.
- സെപ്റ്റംബർ-ഡിസംബർ മാസങ്ങൾക്കിടയിൽ മേഖല-അതിരൂപത ഭാരവാഹികൾ മുന്നറിയിപ്പില്ലാതെ ഏതവസരത്തിലും തോട്ടം സന്ദർശിക്കുന്നതാണ്.
- തോട്ടത്തിന്റെ മികവും മറ്റ് പ്രവർത്തനങ്ങളും പരിഗണിച്ചായിരിക്കും സമ്മാനം നൽകുക.
- 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്ന ശാഖകൾക്ക് യഥാക്രമം 5000, 3000, 2000 രൂപവീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ 16 തോട്ടങ്ങൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നതായിരിക്കും.

(കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 16,17 കാണുക)

## കുഞ്ഞേട്ടൻ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ ഒൻപതാം ചരമവാർഷികവും അനുസ്മരണവും അതിരൂപതാ ശാഖാതലത്തിൽ പനത്തടി ശാഖയിൽ വെച്ച് നടത്തി. ഫൊറോന വികാരി ഫാ. തോമസ് പട്ടാംകുളത്തിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ആഷിൻ പുന്നാംകുഴി കുഞ്ഞേട്ടൻ അനുസ്മരണ പ്രസംഗം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ 'കുഞ്ഞേട്ടനും ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ ആരംഭവും വളർച്ചയും' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു.

## അഭിനന്ദനങ്ങൾ

ഓഗസ്റ്റ് 4-ാം തീയതി വിയാനിഡേയോടനുബന്ധിച്ച് എല്ലാ ശാഖകളിലും മേഖലകളിലും വൈസ് ഡയക്ടർ സിസ്റ്റേഴ്സിന്റെയും ശാഖാ-മേഖലാഭാരവാഹികളുടെയും നേതൃത്വത്തിൽ ബഹു. വൈദികരെ സന്ദർശിച്ച് ആശംസകളർപ്പിക്കുകയും പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു. ശാഖാ

-മേഖലാ-രൂപത ഡയറക്ടർ അച്ചന്മാരെയും അഭിവന്ദ്യ പിതാക്കന്മാരെയും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ച ബഹു. വൈദികരെയും സന്ദർശിച്ച് ആശംസകളർപ്പിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും നേതൃത്വം നല്കുകയും ചെയ്ത ബഹു. ശാഖാ-മേഖലാ വൈസ് ഡയറക്ടർ സിസ്റ്റേഴ്സിനും മേഖലാ ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും...

## എം.റ്റി.സി പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ എം.റ്റി.സി. പഠനസഹായിയുടെ എണ്ണം സെപ്റ്റംബർ 5-ാം തീയതിക്ക് മുമ്പ് അതിരൂപതാ ഓഫീസിൽ അറിയിച്ചാൽ 10-ാം തീയതിക്കു മുമ്പ് മേഖലകളിൽ എത്തിക്കുന്നതായിരിക്കും എന്ന കാര്യം എല്ലാ മേഖലാഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 20-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ ഓഗസ്റ്റ് 9-ാം തീയതിയോ തുടർന്നുവരുന്ന ഞായറാഴ്ചയോ നടത്തുമല്ലോ.

## ശാഖാസന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം എടൂർ(സെപ്റ്റം. 9), കുന്നോത്ത് (സെപ്റ്റം. 16), നെല്ലിക്കാംപൊയിൽ (സെപ്റ്റം. 23), പൈസക്കരി (സെപ്റ്റം. 30) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേദിവസം ശാഖാ വൈസ് ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. പേരാവൂർ ഫൊറോനയിൽ പിന്നീട് അറിയിക്കുന്നതാണ്.

## മേഖലാ ഡയറക്ടേഴ്സ് - വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മേഖലാതല പ്രവർത്തനങ്ങൾ വിലയിരുത്തുവാനും 2018-19 വർഷത്തെ പ്രധാനപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനുമായി ഓഗസ്റ്റ് 2-ാം തീയതി വൈകുന്നേരം 6 മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ചു നടന്ന മേഖലാ ഡയറക്ടേഴ്സ് - വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ 14 ഫൊറോനകളിൽനിന്നും ഡയറക്ടർ അച്ചന്മാരും വൈസ് ഡയറക്ടർ സിസ്റ്റേഴ്സും പങ്കെടുത്തു. മീറ്റിംഗിൽ പങ്കുചേർന്ന എല്ലാ മേഖലാ ഡയറക്ടേഴ്സിനും വൈസ് ഡയറക്ടേഴ്സിനും നേതൃത്വം നൽകിയ അതിരൂപതാ ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് മെമ്പേഴ്സിനും പ്രത്യേകം നന്ദി. അതിരൂപതാഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ സ്വാഗതം ആശംസിച്ച മീറ്റിംഗിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി

അധ്യക്ഷത വഹിച്ചു. മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്ത എല്ലാ ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## മിഷൻതാര പുരസ്ക്കാരം - അഭിനന്ദനങ്ങൾ

2017 ജൂൺ 1 മുതൽ ഡിസംബർ 31 വരെ ചെയ്ത പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതി ഏർപ്പെടുത്തിയ യുവപ്രതിഭാ പുരസ്ക്കാരത്തിന് ചെട്ടിയാപറമ്പ് ശാഖയിലെ വർഗ്ഗീസ് മാറാട്ട്കുന്നേൽ അർഹനായി. ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലൂടെ തന്റെ വ്യക്തിപരമായ പ്രേഷിതചൈതന്യം ഉജ്ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീസിന് അതിരൂപതാ കുടുംബത്തിന്റെ പേരിലുള്ള അഭിനന്ദങ്ങൾ.

## കുഞ്ഞേട്ടൻ അനുസ്മരണം

ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ 9-ാം ചരമവാർഷികാനുസ്മരണം നടത്തിയ എല്ലാ മേഖലാ, ശാഖാ, ഡയറക്ടർമാർക്കും, മേഖലാ, ശാഖാ ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദങ്ങൾ...

## ശ്രീ. ജയ്സൺ പാലയൂർ പൂവ്വത്തിങ്കൽ അനുസ്മരണം

മിഷൻലീഗ് കൂട്ടായ്മയിൽനിന്നും ആകസ്മികമായി നിത്യസമ്മാനത്തിന് വിളിക്കപ്പെട്ട ശ്രീ. ജെയ്സൺ സർ അനുസ്മരണം പേരാവൂർ ഇടവകയിൽവച്ച് ഓഗസ്റ്റ് - 21 ന് ആചരിച്ചു. അന്നേദിവസം വി. കുർബാനയും ഒപ്പീസും അനുസ്മരണ മീറ്റിംഗും ഉണ്ടായിരുന്നു. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. അലക്സ് താരാമംഗലം വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും ഒപ്പീസ് ചൊല്ലുകയും ചെയ്തു. പേരാവൂർ ഫൊറോന വികാരി വെരി. റവ. ഫാ. തോമസ് കൊച്ചുകരോട്ട് ഉദ്ഘാടനം ചെയ്ത അനുസ്മരണയോഗത്തിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരിൽ അധ്യക്ഷത വഹിച്ചു. രൂപതാ, മേഖലാ, ശാഖാ ഭാരവാഹികളും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും അതിരൂപതാ ജൂണിയർ ഭാരവാഹികളും ചടങ്ങുകൾക്ക് നേതൃത്വം നൽകി. ഫൊറോനയിൽനിന്നായി 180ഓളം കുഞ്ഞുമിഷനറിമാരും അനുസ്മരണ ചടങ്ങിൽ പങ്കെടുത്തു.

## 2017-18: മികച്ച മേഖലയും ശാഖയും

2017-18 പ്രവർത്തനവർഷത്തെ ഏറ്റവും മികച്ച മേഖലയായി കുന്നോത്തും നെല്ലിക്കാംപൊയിൽ തോമാപുരം മേഖലകൾ രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. ശാഖാതലത്തിൽ അങ്ങാടിക്കടവ്, പൊട്ടംപ്ലാവ്, ചെട്ടിയാംപ

റമ്പ് എന്നീ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച മേഖലകൾക്കും ശാഖകൾക്കും നേതൃത്വം നൽകിയ മേഖല-ശാഖ ഡയറക്ടർമാർക്കും വൈസ് ഡയറക്ടർമാർക്കും മേഖല-ശാഖ ഭാരവാഹികൾക്കും അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## സാഹിത്യമത്സരങ്ങൾ

ഓഗസ്റ്റ് 22-ാം തീയതി ബുധനാഴ്ച നാലു റീജിയണുകളിലായി നടത്തപ്പെട്ട അതിരൂപതാ സാഹിത്യമത്സരത്തിന് നേതൃത്വംകൊടുത്ത ഫാ. അബ്രാഹം പുതുശ്ശേരി, ഫാ. ജോസഫ് വടക്കേപറമ്പിൽ, ഫാ. മാത്യു നരിക്കുഴി, ഫാ. ജോർജ് പടിഞ്ഞാറെ ആനശ്ശേരി, ഫാ. പോൾ കണ്ടത്തിൽ, ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ എന്നിവർക്കും അതിരൂപതാ ഭാരവാഹികളായ ശ്രീ. ജെയ്സൺ പുളിച്ചമാക്കൽ, ശ്രീ. ബേബി പ്ലാശ്ശേരി, ജോയൽ കൈച്ചിറ മറ്റത്തിൽ, ശ്രീ മാണി കണിയാരോരിക്കൽ, ശ്രീ. ഷിജോ പുതുപറമ്പിൽ എന്നിവർക്കും പ്രത്യേകം നന്ദി.

## ശാഖാ ഡയറക്ടേഴ്സിന്റെയും വൈസ് ഡയറക്ടേഴ്സിന്റെയും ശ്രദ്ധയ്ക്ക്

കാലാവസ്ഥ കെടുതിമൂലം ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി മിഷൻലീഗ് അംഗങ്ങൾ എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുമല്ലോ. കൂടാതെ പ്രളയബാധിത സ്ഥലങ്ങളിലേക്ക് സാധനങ്ങളും, വസ്തുക്കളും കയറ്റിയയ്ക്കുവാൻ വേണ്ട സഹായസഹകരണങ്ങൾ ചെയ്ത എല്ലാ ഡയറക്ടർ അച്ചന്മാർക്കും, വൈസ് ഡയറക്ടേഴ്സിനും, കുഞ്ഞുമിഷനറിമാർക്കും പ്രത്യേകം നന്ദി.

**ഉണ്ണീശോ ചെപ്പ് :-** കുട്ടികൾ കൊച്ചു കൊച്ചു ത്യാഗങ്ങൾ ചെയ്ത് സ്വരൂപിക്കുന്ന തുക നിക്ഷേപിക്കുന്നതിനായി എല്ലാ ശാഖകളിലും കുട്ടികളുടെ നേതൃത്വത്തിൽ ഉണ്ണീശോ ചെപ്പ് സ്ഥാപിക്കുവാൻ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഉണ്ണീശോ ചെപ്പിലൂടെ കുട്ടികൾ സ്വരൂപിക്കുന്ന തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണേ.

**കലാമത്സരങ്ങൾ:-** ഈ വർഷത്തെ കലാമത്സരങ്ങൾ മേഖല-അതിരൂപതാ തലത്തിൽ ഉണ്ടായിരിക്കുന്നതല്ല. കലാമത്സരങ്ങൾക്കായ് നാം വിനിയോഗിക്കേണ്ടിയിരുന്ന തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയേഗിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിരൂപതാ മിഷൻലീഗ് ഓഫീസിൽ ആ തുക ഏൽപ്പിച്ച് രസീത് കൈപ്പറ്റുമല്ലോ. ചെറുപുഷ്പ മിഷൻലീ

ഗിന്റെ വകയായി ആ തുക അഭിവന്ദ്യപിതാവിന്റെ ദുരിതാശ്വാസ ഫണ്ടി ലേക്കും സംസ്ഥാന സമിതിയിലേയ്ക്കും എത്തിയ്ക്കേണ്ടതായിട്ടുണ്ട്. സാഹ ചര്യം മനസ്സിലാക്കി തുക എത്തിക്കുവാൻ ശാഖാ-മേഖല ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**മിഷൻ ഗ്രാമം:-** ഓരോ ശാഖകൾക്കും കിട്ടിയിരിക്കുന്ന മിഷൻ ഗ്രാമവു മായി ഫോൺ മുഖേനയോ കത്തുവഴിയോ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമ ല്ലോ. കുട്ടികൾക്ക് മിഷൻഗ്രാമത്തിലേക്ക് കത്തെഴുതാനും സുകൃതങ്ങൾ അയച്ചുകൊടുക്കാനും സാമ്പത്തികമായി അവരെ സഹായിക്കാനും വേണ്ട ക്രമീകരണങ്ങൾ ശാഖാ വൈസ് ഡയറക്ടേഴ്സ് ചെയ്തുകൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം പ്രാർത്ഥിക്കാൻ ലഭിച്ച വൈദി കർക്കുവേണ്ടിയും അനാഥാലയങ്ങൾക്കുവേണ്ടിയും എന്നും പ്രാർത്ഥിക്കു വാൻ അവരെ ഓർമ്മിപ്പിക്കണേ.

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചേയ്യേണ്ടവ:

1) അഗതിമന്ദിര സന്ദർശനം നടത്തുക.

2) വാർഡ് അടിസ്ഥാനത്തിൽ കുട്ടികൾ വൃദ്ധരായ മാതാപിതാക്കളെ സന്ദർശിക്കുമല്ലോ.

## സെമിനാറുകൾ

- ജൂലൈ 22-ാം തീയതി ഞായറാഴ്ച നെല്ലിക്കാംപൊയിൽ ശാഖയിൽ അതിരൂപതാ ഡയറക്ടർ സെമിനാർ നടത്തി.
- ജൂലൈ 28 ശനിയാഴ്ച താബോർ ശാഖയിൽ വച്ച് അതിരൂപതാതലത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.
- ഓഗസ്റ്റ് 12 ഞായറാഴ്ച പനത്തടി ശാഖയിൽ വെച്ച് അതിരൂപതാതലത്തിൽ കുഞ്ഞേട്ടൻ അനുസ്മരണം നടത്തുകയും കുട്ടികൾക്കായി സെമിനാർ നടത്തുകയും ചെയ്തു.
- ഓഗസ്റ്റ് 15 ബുധനാഴ്ച കോട്ടൂർ ശാഖയിൽ സ്വാതന്ത്ര്യദിനാഘോഷവും പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളും ആഘോഷിച്ചു.
- ഓഗസ്റ്റ് 19 ഞായറാഴ്ച പുന്നക്കുന്ന് ശാഖയിൽ മാതാപിതാക്കൾക്കും കുട്ടികൾക്കുംവേണ്ടി സെമിനാർ നടത്തി.
- ഓഗസ്റ്റ് 23 ചേപ്പറമ്പ് ശാഖയിൽ ദൈവവിളി സെമിനാർ നടത്തി.
- ഓഗസ്റ്റ് 26 നെല്ലിക്കുറ്റി ഇടവകയിൽ സന്ദർശനം നടത്തുകയും വി. കുർബാനയർപ്പിച്ച് കുട്ടികൾക്കായി ക്ലാസ്സ് എടുക്കുകയും ചെയ്തു.

## പരിസ്ഥിതി ജീവന്റെ മൂല്യം

പരിസ്ഥിതി-ജീവന്റെ മൂല്യം എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽനിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപത ഓഫീസിൽ എത്തിക്കുമല്ലോ. മത്സരം വ്യക്തിഗതമായിരിക്കും. ഒരു ശാഖയിൽനിന്ന് എത്ര കുട്ടികൾക്കുവേണമെങ്കിലും പങ്കെടുക്കാം. പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ആൽബം നൂറ് പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ്. (22X34 സെ.മി.)

## ആദരാഞ്ജലികൾ

കഴിഞ്ഞ നാലുപതിറ്റാണ്ടുകൾ ചെറുപുഷ്പ മിഷൻലീഗിനെ നേഞ്ചിലേറ്റുകയും തീക്ഷ്ണതയോടെ നയിക്കുകയും ചെയ്ത തലശ്ശേരി അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് ജനറൽ ഓർഗനൈസറും മുൻ അതിരൂപതാ പ്രസിഡന്റും മിഷൻലീഗ് മലബാർ റീജണൽ ഓർഗനൈസറുമായ ഞങ്ങളുടെ പ്രിയപ്പെട്ട ജെയ്സൺ മർക്കോസ് സാറിന് കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ.

ആലക്കോട് മേഖല വൈസ് പ്രസിഡന്റ് സിജി രാമനാട്ടിന്റെ പിതാവ് തങ്കച്ചൻ പ്ലാക്കാട്ടിന് അതിരൂപതയുടെ പേരിലുള്ള ആദരാഞ്ജലികൾ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരിസ്നേഹത്തോടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

**നിറംകൊടുക്കാമോ ഓഗസ്റ്റ് മാസത്തെ വിജയികൾ**

I ട്രീസ മഴുവഞ്ചേരിയിൽ - ഓടംതോട്

II ജാൻവിയ - മേരിഗിരി

III ജോയൽ തുരുത്തിമറ്റം - ചെമ്പന്തൊട്ടി

**നിങ്ങൾക്കറിയാമോ വിജയികൾ**

I കിഷോർ താഴത്തുവീട്ടിൽ - ആലക്കോട്

II അനിറ്റ് മരിയ - വിജയഗിരി

III ജോർജ് മേച്ചേരി തകിടിയേൽ - രാജമുടി

## ഈശോയെപ്പോലെ ആശ്വസിപ്പിക്കാം ...

ഈ മാസം നമുക്ക് ഈശോയെപ്പോലെ ആശ്വസിപ്പിക്കാം എന്ന മൂന്നാം അധ്യായം പഠിക്കാം. ധനികനെന്നോ, ദരിദ്രനെന്നോ, പണ്ഡിതനെന്നോ, പാമരനെന്നോ വിത്യാസമില്ലാതെ എല്ലാമക്കളുടെയും സങ്കടങ്ങൾ കാണുന്നവനാണ് നമ്മുടെ ഈശോ. വി. ഗ്രന്ഥത്തിന്റെ ഏടുകളിലൂടെ കടന്നുപോകുമ്പോൾ ലാസറിന്റെ മരണത്തിൽ ദുഃഖിതരായ സഹോദരിമാരെ അശ്വസിപ്പിക്കുന്നു. ഈശോയെ നമുക്ക് കാണാൻ സാധിക്കും. അതുപോലെ നമ്മുടെ അയൽവാസികൾ, സഹോദരങ്ങൾ, കൂട്ടുകാർ ഒക്കെ വേദനിക്കുന്നത് കാണുമ്പോൾ കൂട്ടുകാരേ നമുക്കും അവരെ ആശ്വസിപ്പിക്കാം... അങ്ങനെ ആശ്വസിപ്പിക്കുന്ന ഈശോയുടെ ഹൃദയഗുണങ്ങൾ നമുക്ക് സ്വന്തമാക്കാൻ പരിശ്രമിക്കാം.

## വൈസ് ഡയറക്ടേഴ്സിന്റെ പ്രത്യേക ശ്രദ്ധയ്ക്ക്

തിരുബാലസഖ്യം വർക്ക്ബുക്കിന്റെ തുക ഇനിയും അടയ്ക്കാത്ത ശാഖകൾ എത്രയും പെട്ടെന്ന് അതിരൂപതാ ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## വി. മദർ തെരേസ ഫാൻസി ഡ്രസ്സ് മത്സരം

വി. മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി മദർ തെരേസ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു.

ശാഖയിൽ താൽപര്യമുള്ള കുട്ടികൾക്കെല്ലാം മത്സരത്തിൽ പങ്കെടുക്കാം. സെപ്റ്റംബർ 9-ാം തീയതിയോ 16-ാം തീയതിയോ ശാഖാമത്സരം നടത്തി ശാഖയിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന ഫാൻസി ഡ്രസ്സിന്റെ ഫോട്ടോ സെപ്റ്റംബർ 23-ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരുമല്ലോ. അതിരൂപതാതലത്തിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും. അയയ്ക്കേണ്ട വിലാസം cmltly01@gmail.com OR 9496900845 എന്ന വാട്സപ്പ് നമ്പറിലേക്ക്. ഫോട്ടോകൾ അയയ്ക്കുമ്പോൾ ഇടവകയുടെ പേരും പങ്കെടുക്കുന്ന കുട്ടിയുടെ പേരും അഡ്രസ്സും ഫോൺ നമ്പറും കൂടികൂട്ടിച്ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

## ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് സെമിനാർ

ജെസ്യൂട്ട് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സൊസൈറ്റി, ന്യൂഡൽഹിയിൽ വച്ച് 2018 ഒക്ടോബർ 17 മുതൽ 20 വരെ ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങളെക്കുറിച്ച് സെമിനാർ നടത്തുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഉപകാരപ്രദമായിരിക്കും.

contact Person: Abhishek Kumar
Email:abshishek@isidelhi.org.in/isitudelhi@gmail.com
Ph: 011-49534155, 08745872533

## ദളിത് പെൺകുട്ടികളെ ആദരിക്കൽ

സി.ബി.സി.ഐ. വിമൻ, ദളിത് കമ്മീഷനുകളുടെ നേതൃത്വത്തിൽ ഓരോ സംസ്ഥാനത്തും പത്താംക്ലാസ്, പ്ലസ്ടു പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ബി.പി. എൽ വിഭാഗത്തിൽപ്പെട്ട ദളിത് പെൺകുട്ടികളെ ആദരിക്കുന്നു. അർഹതയുള്ള കുട്ടികളുണ്ടെങ്കിൽ അതിരൂപതാകേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഫോം പൂരിപ്പിച്ച് 2018 ഒക്ടോബർ 12നു മുമ്പ് സി.ബി.സി.ഐ. ഓഫീസിലേക്ക് അയക്കേണ്ടതാണ്.

# യുവജനശുശ്രൂഷ

**യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം**
**തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം**

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

## അഗതിദിനാചരണം സെപ്റ്റംബർ 5

മദർതെരേസ അനുസ്മരണദിനത്തോടനുബന്ധിച്ച് ഓരോ യൂണിറ്റും ഏതെങ്കിലും അഗതി മന്ദിരം സന്ദർശിച്ച് അവർക്കുവേണ്ട സഹായം ചെയ്തു കൊടുക്കുന്നത് നന്നായിരിക്കും. ദിയാകോണിയ പൊതുകർമ്മപദ്ധതിയിൽ കെസിവൈഎം ആഗസ്റ്റ് മാസം നടത്താൻ തീരുമാനിച്ചിരിക്കുന്ന പദ്ധതികൂടിയാണ് അഗതി ദിനാചരണം.

## അതിരൂപതാ അഗതിദിനാചരണം സെപ്റ്റംബർ 2

തലശ്ശേരി അതിരൂപതാ അഗതിദിനാചരണം വെള്ളരിക്കുണ്ട് ഫൊറോനയുടെ ആതിഥേയത്വത്തിൽ ചുള്ളി ജീവജ്യോതി അഗതിമന്ദിരത്തിൽ വച്ച് സെപ്റ്റംബർ 2 ന് നടത്തപ്പെടുന്നു.

## യുവജനസംഗമം ഡിസംബർ 8

അതിരൂപതാ യുവജന സംഗമം ഡിസംബർ 8-ാം തിയതി തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ കണ്ണൂർ ശ്രീപുരം സ്റ്റേഡിയത്തിൽവച്ച് നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## ഫൊറോന യൂത്ത് അസംബ്ലി സമാപനം ചെമ്പേരി

യുവജന വർഷത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ 16 ഫൊറോനകളിലായി നടത്തിവന്ന ഫൊറോന യൂത്ത് അസംബ്ലി ജൂലൈ 26 ന് ചെമ്പേരിയിൽ സമാപിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജിതിൻ മുടപ്പാലയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അസംബ്ലി മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ ഫൊറോനകളിൽ നിന്നുമായി 250 യുവജന നേതൃത്വങ്ങൾ പങ്കെടുത്തു. എല്ലാ യൂണിറ്റും തങ്ങളുടെ റിപ്പോർട്ടുകൾ വായിച്ച് കർമ്മപദ്ധതികൾ അവതരിപ്പിച്ചു. അതിരൂപതാ ഡയറക്ടർ ഫാ.സോണി വടശ്ശേരിൽ വിഷയാവതരണം നടത്തി. ഫൊറോന വികാരിമാരായ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, ഫാ. ജോസ് മാണിക്കത്താഴെ, ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫൊറോന ഡയറക്ടേഴ്സ് ഫാ. മനോജ് കൊച്ചുപുരക്കൽ, ഫാ. ജോർജ് തൈക്കുന്നുംപുറം, ഫാ. ജോർജ് ചേലമരം എന്നിവർ സംസാരിച്ചു. അസംബ്ലിയുടെ സമാപനത്തിൽ തലശ്ശേരി അതിരൂപത സമ്പൂർണ്ണ കെസിവൈഎം

ആയി ജോസഫ് പാംപ്ലാനി പിതാവ് പ്രഖ്യാപിച്ചു. ഫൊറോന യൂത്ത് അസം ബ്ലിയുടെ വിജയത്തിനായി ഏറെ അദ്ധ്വാനിച്ച ഫൊറോന ഡയറക്ടർമാർക്കും ഫൊറോന വികാരിമാർക്കും എല്ലാ വൈദികർക്കും ആനിമേറ്റേഴ്സിനും ഫൊറോന പ്രസിഡന്റുമാർ, ഭാരവാഹികൾ, എല്ലാ യൂണിറ്റിലെയും യുവ ജന നേതൃത്വങ്ങൾ, സ്ഥല സൗകര്യങ്ങൾ ഒരുക്കിതന്ന ചെമ്പേരി എൻജി നിയറിംഗ് കോളേജിലെ വൈദികർ എല്ലാവർക്കും തലശ്ശേരി അതിരൂപത യുടെ നന്ദി അറിയിക്കുന്നു.

## പ്രതിഷേധിച്ചു

വി. കുമ്പസാരത്തെ അവഹേളിച്ച് ക്രൈസ്തവരുടെ വിശ്വാസത്തെ മുറി പ്പെടുത്തിയ വനിതാ കമ്മീഷൻ രേഖ ശർമ്മയുടെ പ്രസ്താവനയെ തല ശ്ശേരി അതിരൂപത കെ സി വൈ എം പ്രവർത്തകർ തിരികത്തിച്ചുപിടിച്ച് തങ്ങളുടെ വിശ്വാസം ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് പ്രതിഷേധിച്ചു. അതിരൂ പതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പ്രതിജ്ഞ ചൊല്ലിക്കൊ ടുത്തു. ചെമ്പേരിയിൽ വച്ചു നടന്ന യൂത്ത് അസംബ്ലിയിൽ വച്ചാണ് പ്രതി ഷേധിച്ചത്. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ, ഫൊറോന വികാരിമാർ, ഫൊറോന ഡയറക്ടേഴ്സ് എന്നിവർ നേതൃത്വം നൽകി.

## സമ്പൂർണ്ണ കെ സി വൈ എം അതിരൂപത

ഒരു വർഷം നീണ്ടുനിൽക്കുന്ന യുവജന വർഷത്തിന്റെ ആരംഭത്തിൽ തുടങ്ങിയ ഫൊറോന യൂത്ത് അസംബ്ലി 16 ഫൊറോനകളിലും വിജയകര മായി നടത്തപ്പെട്ടു. കാഞ്ഞങ്ങാട് ഫൊറോനയിൽ ആരംഭിച്ച യൂത്ത് അസംബ്ലി ചെമ്പേരി ഫൊറോനയിൽ സമാപിച്ചു. അസംബ്ലിയുടെ സമാപ നത്തിൽ മാർ ജോസഫ് പാംപ്ലാനി പിതാവ് തലശ്ശേരി സമ്പൂർണ്ണ കെ സി വൈ എം അതിരൂപതയായി പ്രഖ്യാപിച്ചു.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

40-മത് സംസ്ഥാന അർദ്ധവാർഷിക സെനറ്റ് ജൂലൈ 27,28,29 തിയതി കളിലായി തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ടു. 28 രൂപതകളിൽ നിന്നുമായി 230 തോളം യുവജനങ്ങൾ പങ്കെടുത്തു. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇമ്മാനുവൽ മൈക്കിളിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. കെസിബിസിയൂത്ത് കമ്മീഷൻ ചെയർമാൻ ജോസഫ് മാർ തോമസ് പിതാവ് അനുഗ്രഹപ്രഭാഷണവും സംസ്ഥാന ഡയറക്ടർ ഫാ.ഡോ. മാത്യു തിരു വാലിൽ ആമുഖ പ്രഭാഷണവും നടത്തി. 28 രൂപതകളും തങ്ങളുടെ റിപ്പോർട്ടു കൾ അവതരിപ്പിച്ചു. തലശ്ശേരി അതിരൂപതയുടെ റിപ്പോർട്ട് ജനറൽ സെക്ര ട്ടറി ശ്രീ. കിരൺ അർത്തശ്ശേരിൽ അവതരിപ്പിച്ചു. സംസ്ഥാന അർദ്ധ വാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി എബിൻ കണിവേലിൽ അവതരി പ്പിച്ച് പാസാക്കി. സെനറ്റിൽ വച്ച് വി. കുമ്പസാരത്തെ അപമാനിച്ച വനിതാ

കമ്മീഷൻ രേഖ ശർമ്മ മാപ്പുപറയണമെന്ന് ആവശ്യപ്പെട്ട് സെനറ്റംഗങ്ങൾ വിവാദ പ്രസ്താവനയുടെ കോപ്പി കത്തിച്ച് പ്രതിഷേധിച്ചു. ജോസഫ് മാർ തോമസ് പിതാവ് നേതൃത്വം നല്കി. 29 ന് ഉച്ചയോടെ സെനറ്റ് സമാപിച്ചു. മുഴുവൻ സമയവും സെനറ്റംഗങ്ങളോടൊപ്പമുണ്ടായിരുന്ന ജോസഫ് മാർ തോമസ് പിതാവിനും, 28 രൂപതകളിൽ നിന്നും വന്ന എല്ലാ ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും യുവജന നേതൃത്വങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു. സംസ്ഥാന സെനറ്റിന് ആദ്യമായി തലശ്ശേരി അതിരൂപത ആതിഥേയത്വം വഹിച്ചപ്പോൾ അതിനു നേതൃത്വം വഹിക്കാനും വൻവിജയമായിത്തീർക്കാനും അതിരൂപതാ പ്രസിഡന്റ് ശ്രീ ജിതിൻ മുടപ്പാലയോട് ചേർന്ന് പ്രവർത്തിച്ച സെനറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ. പ്രിയ യുവജന സുഹൃത്തുക്കളെ നിങ്ങളുടെ ആത്മാർത്ഥതയ്ക്കും സഹകരണത്തിനും അധ്വാനത്തിനും എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. ഗ്രൂപ്പു തിരിഞ്ഞ് നിങ്ങൾ ഏറ്റെടുത്ത ഓരോ പ്രവർത്തനങ്ങളും അതിന്റെ പൂർണ്ണതയിൽ ചെയ്തതുകൊണ്ടാണ് ഇത് ഭംഗിയാക്കാൻ സാധിച്ചത്. എല്ലാവർക്കും ആത്മാർത്ഥമായ നന്ദിപറയുന്നു. ഒപ്പം എല്ലാ പ്രോത്സാഹനങ്ങളും നൽകി ഞങ്ങളോടൊപ്പമുണ്ടായിരുന്ന അഭിവന്ദ്യ പിതാക്കന്മാർക്കും സഹായസഹകരണങ്ങൾ നൽകിയ സന്ദേശഭവൻ ഡയറക്ടർ സണ്ണി തയ്യിലച്ചനും സന്ദേശഭവൻ കുടുംബാംഗങ്ങൾക്കും അതിരൂപതാ കെസിവൈഎം ന്റെ നന്ദി അറിയിക്കുന്നു.

## സ്പന്ദനം പ്രോലൈഫ് എക്സിബിഷൻ

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതാ വി. തോമസ് മൂർ അനുസ്മരണ പ്രോലൈഫ് എക്സിബിഷൻ ചെറുപുഴ സെന്റ്മേരീസ് ദൈവാലയ പാരിഷ് ഹാളിൽ വച്ച് അഗസ്റ്റ് 5-ാം തിയതി നടത്തപ്പെട്ടു. ജീവനെതിരെ നടക്കുന്ന വെല്ലുവിളികൾക്കെതിരെ പ്രതികരിക്കുന്നതിനും അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ കുഞ്ഞുങ്ങളെ കൊല്ലുകയും ചെയ്യുന്നതിനെതിരെ സമൂഹമനഃസാക്ഷിയെ ഉണർത്തുന്നതായിരുന്നു പ്രോലൈഫ് എക്സിബിഷൻ. ചെറുപുഴ ഫൊറോന വികാരി ഫാ.ജോർജ് വണ്ടർകുന്നേൽ എക്സിബിഷൻ ഉദ്ഘാടനംചെയ്തു. അതിരൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ, പ്രസിഡന്റ് ശ്രീ ജിതിൻ മുടപ്പാലയുടെ നേതൃത്വത്തിലുള്ള അതിരൂപത സമിതി, ഫൊറോന ഡയറക്ടർ ഫാ സ്റ്റാനി ആനകുത്തിയിൽ ഫൊറോന പ്രസിഡന്റ് ശ്രീ ബോണി കൊല്ലംകുന്നേലിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതി എന്നിവർ നേതൃത്വം നൽകി. ചെറുപുഴ ഫൊറോനയിലെ വിവിധ ദേവാലയങ്ങളിൽ നിന്നുള്ള സൺഡേസ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെ നിരവധിപേർ എക്സിബിഷൻ കാണാൻ എത്തിയിരുന്നു. പ്രോലൈഫ് എക്സിബിഷനുവേണ്ടി കഠിനാധ്വാനം ചെയ്ത ചെറുപുഴ ഫൊറോന വികാരി ബഹു. ജോർജ് വണ്ടർകുന്നേൽ അച്ചനും അസി. വികാരി ഫാ ജോബി കാഞ്ഞിരത്തിങ്കലിനും ഫൊറോന ഡയറക്ടർ ബഹു. സ്റ്റാനി അച്ചനും ഫൊറോന പ്രസിഡന്റ് ബോണിയുടെ നേതൃത്വത്തിലുള്ള

ഫൊറോന സമിതിക്കും ചെറുപുഴ യൂണിറ്റ് ഭാരവാഹികൾക്കും എക്സി ബിഷനുവേണ്ടി സഹായിച്ച പ്രോലൈഫ് ടീമിനും ക്ലാസ്സെടുത്ത ഡോ.സി. ലില്ലീസ് എസ് എ ബി എസ് നും പങ്കെടുത്ത ചെറുപുഴ ഫൊറോനയിലെ എല്ലാ നാട്ടുകാർക്കും വിവിധ ഫൊറോനകളിൽനിന്നും വന്ന യുവജന നേതൃ ത്വങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി.

## കൈത്താങ്ങ്

ഉരുൾപൊട്ടൽമൂലം കഷ്ടപ്പെടുന്ന കച്ചേരിക്കടവിലെ ജനങ്ങളെ സഹാ യിക്കാൻ അതിരൂപതാ ഡയറക്ടർ ഫാ സോണി വടശ്ശേരിയുടെ നേതൃത്വ ത്തിൽ യുവജനങ്ങൾ പോകുകയും അവിടെ സന്ദർശിച്ച് അവർക്കുവേണ്ട സഹായം ചെയ്തുകൊടുക്കുകയും ചെയ്തു.

## പ്രീസ്റ്റ് ഹോം സന്ദർശനം

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതാ കെ സി വൈ എം യുവജനങ്ങൾ കരുവഞ്ചാൽ പ്രീസ്റ്റ്ഹോം സന്ദർശിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട വൈദികരുമായി സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു. വിവിധ ഫൊറോനകളിൽ നിന്നു മായി 50 തോളം യുവജനങ്ങൾ പങ്കെടുത്തു. വൈദികർ അവരുടെ ആദ്യ കാല അനുഭവങ്ങൾ പങ്കുവച്ചത് യുവജനങ്ങൾക്ക് ഏറെ പ്രചോദനം നൽകു ന്നതായിരുന്നു. യുവജനങ്ങൾക്കായി ഇങ്ങനെ ഒരു വേദിഒരുക്കിത്തന്ന പ്രീസ്റ്റ് ഹോം ഡയറക്ടർ ബഹു. മാർട്ടിനച്ചനും ഞങ്ങളുടെ എല്ലാ പ്രിയപ്പെട്ട വൈദികർക്കും കലാപരിപാടികൾ അവതരിപ്പിച്ച കരുവഞ്ചാൽ യുവജന സുഹൃത്തുക്കൾക്കും വൈദികരെ ഏറെ സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന വിവിധ ഫൊറോനകളിൽ നിന്നെത്തിയ എല്ലാ യുവജനങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ആർമി നടത്തുന്ന തീയതികൾ

| തീയതി | ഫൊറോനകൾ |
|---|---|
| സെപ്റ്റം. 9 | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ” 16 | നെല്ലിക്കാംപൊയിൽ, കുന്നോത്ത്, പേരാവൂർ |
| ” 23 | വായാട്ടുപറമ്പ്, ആലക്കോട്, തളിപ്പറമ്പ്, ചെറുപുഴ |
| ” 30 | മേരിഗിരി, തോമാപുരം |
| ഒക്ടോ. 7 | വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, പനത്തടി |
| ” 23 | എടൂർ |

സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

"ഞാൻ മഴ തരാതെ ആകാശം അടക്കുകയോ, ദേശത്തെ കൃഷി നശിപ്പിക്കുവാൻ വെട്ടുകിളിയെ നിയോഗിക്കുകയോ, എന്റെ ജനത്തിനിടയിൽ മഹാമാരി അയക്കുകയോ ചെയ്യുമ്പോൾ എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമാർഗ്ഗങ്ങളിൽ നിന്നും പിൻതിരിയുകയും ചെയ്താൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് അവരുടെ പ്രാർത്ഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും. ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകൾക്കു നേരെ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും" (ദിനവൃ.7/13-15). നമ്മുടെ നാടൊന്നാകെ പ്രളയക്കെടുതിയിലകപ്പെട്ടിരിക്കുന്ന ഈ സമയം ദൈവത്തിന്റെ കരുണയിൽ നമുക്കാശ്രയിക്കാം. ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് കഴിയുന്ന വിധം സഹായ സഹകരണങ്ങൾ നൽകി നമുക്കൊന്നുചേർന്ന് പ്രവർത്തിക്കാൻ സന്നദ്ധരാകാം. പ്രാർത്ഥനയിലൂടെ ശക്തിപകരാനും നിസ്വാർത്ഥ സേവനങ്ങളിലൂടെ അനേകം മക്കൾക്ക് ആശ്വാസമേകുവാനും നമുക്ക് പരിശ്രമിക്കാം.

## I. 1) ദിയാക്കോണിയ പ്രോഗ്രാം - അഗതിമന്ദിര സന്ദർശനം, കാരുണ്യ സംഗമം

മേഖലാ തലത്തിൽ അഗതി മന്ദിരങ്ങൾ സന്ദർശനം നടത്തുക. അഗതി മന്ദിരങ്ങൾ നടത്തുന്നവരുടെ സംഗമം സംഘടിപ്പിക്കുക.

## 2) ദമ്പതീ ക്വിസ്

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ദമ്പതികൾക്കായി ഒരു ക്വിസ് പ്രോഗ്രാം ഒരുക്കുന്നുണ്ട്. ഭാര്യാ ഭർത്താക്കന്മാർ ഒരുമിച്ച് പഠിച്ചെഴുതാനായി നടത്തുന്ന ഈ ക്വിസ് പരിപാടിയിൽ താൽപര്യപൂർവ്വം പങ്കുകൊള്ളാൻ ദമ്പതികളെ ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിച്ച് ആനിമേറ്റർമാരുടെ സഹായത്തോടെ ടീമിനെ പഠിപ്പിച്ചൊരുക്കുമല്ലോ. ഇതിലേക്കാവശ്യമായ പുസ്തകങ്ങൾ ഫാമിലി അപ്പസ്റ്റൊലേറ്റ് ഓഫീസിൽ ലഭ്യമാക്കുന്നതാണ്. ഇടവകയിലെ ഒരു ടീമിനാണ് രൂപതയിൽ മത്സരിക്കുവാൻ സാധിക്കുകയുള്ളൂ. കൂടുതൽ പേർ മത്സരിക്കുവനുണ്ടെങ്കിൽ ഇടവകാതലത്തിൽ മത്സരങ്ങൾ നടത്തി വിജയികളായ ദമ്പതികളിൽ ഒരു ടീമിനെ രൂപതയിലേക്ക് പറഞ്ഞുവിടുമല്ലോ.

പഠനഭാഗം : വിശുദ്ധ ദമ്പതികൾ
സ്നേഹത്തിന്റെ ആനന്ദം : 4, 7 അദ്ധ്യായങ്ങൾ.
മത്സര ദിവസം : നവംബർ 10 ശനി
രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : ഒക്ടോബർ 31
രജിസ്ട്രേഷൻ ഫീസ് : 100 രൂപ

ഒന്നാം സമ്മാനം : 5001 രൂപ
രണ്ടാം സമ്മാനം : 3001 രൂപ
മൂന്നാം സമ്മാനം : 2001 രൂപ
നാലാം സമ്മാനം : 1500 രൂപ
അഞ്ചാം സമ്മാനം : 1000 രൂപ

## 3) സഖറിയാസ് കൺവെൻഷൻ

60 വയസ്സിന് മുകളിൽ പ്രായമുള്ള ദമ്പതികൾക്കു വേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം-സഖറിയാസ് കൺവെൻഷൻ ദമ്പതികളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

**ഉളിക്കൽ** : ജൂലൈ 17,18,19 തിയ്യതികളിൽ ഉളിക്കൽ ഉണ്ണിമിശിഹാ പള്ളിയുടെ ബഥേൽ ഓഡിറ്റോറിയത്തിൽ വച്ച് സഖറിയാസ് ധ്യാനം നടന്നു. ചടങ്ങിൽ അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. ധ്യാനത്തിൽ 530 ഓളം പേർ പങ്കുകൊണ്ടു. ദമ്പതികൾക്കായി കൗൺസിലിംഗ്, കുമ്പസാരം എന്നിവ ധ്യാനത്തിൽ ഏർപ്പെടുത്തി. തുടർന്ന് ഫാ.ജോൺ മുല്ലക്കര, ഫാ.ജോസഫ് മഞ്ചപ്പള്ളിൽ, ബ്ര. ജോയ്സ് എന്നിവർ വചന സന്ദേശവും നൽകി. ഇടവക വികാരി ബഹു.ഫാ.തോമസ് പൈമ്പിള്ളിൽ, കൈക്കാരന്മാർ, കമ്മിറ്റിക്കാർ, നെല്ലിക്കാംപൊയിൽ മാതൃവേദി അംഗങ്ങൾ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

825, 826 എന്നീ എം.പി.സി കോഴ്സുകൾ ജൂലൈ 24 – 26, ആഗസ്റ്റ് 7 – 9 എന്നീ തീയ്യതികളിൽ പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, തലശ്ശേരി സന്ദേശഭവനിൽ എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 135 ആൺകുട്ടികളും 126 പെൺകുട്ടികളും ഉൾപ്പെടെ ആകെ 261 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. ഇവരുടെ മാതാപിതാക്കൾക്കുള്ള ക്ലാസ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ നയിച്ചു. 53 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

## 3. MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. **മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.**

- tകാഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.
- ആഗസ്റ്റ് മാസം മുതൽ എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. ഇനി മുതൽ Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration \ടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt sâ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment sâ Screen shot അയച്ചുതരിക. അതോടൊപ്പം രജിസ്ട്രേഷൻ നടത്തിയ നമ്പർ അയക്കുക. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate**
**Contact Number: 0490 2343414, Mob: 9400206974**
**Account Details :**
**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JANUARY | 8 - 10 22 – 24 | 15 - 17 | |
| FEBRUARY | 5 - 7 | 26 – 28 | Nil |
| MARCH | 5 – 7 | 12 – 14 | 26 - 28 |
| APRIL | 2 – 4, 23 - 25 | Nil | 9 - 11 |
| MAY | 21 - 23 | 7 - 9 | Nil |
| JUNE | 25 - 27 | 11 - 13 | Nil |
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 3 – 5 | 17 – 19 | 10 – 12 |

## III. മാതൃവേദി

### 1) സ്വാശ്രയത്വം

സെപ്റ്റംബർ മാസത്തിൽ അമ്മമാർ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സ്വാശ്രയം എന്ന കർമ്മ പദ്ധതി നടപ്പിലാക്കുന്നതിലാണ്. കുടിൽ വ്യവസായത്തിലൂടെയും വിവിധങ്ങളായ കൃഷിമാർഗ്ഗത്തിലൂടെയും വിവിധങ്ങളായ കൃഷിമാർഗ്ഗത്തിലൂടെയും പരാശ്രയം കൂടാതെ ജീവിക്കാനുള്ള അവസ്ഥയിലേക്ക് കുടുംബങ്ങളെ വളർത്തുക എന്നതാണ് അതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

• കോഴി, ആട്, മുയൽ, കാട, മത്സ്യങ്ങൾ തുടങ്ങിയവയെ വീടുകളിൽ വളർത്തുവാൻ ശ്രദ്ധിക്കുക. • ചെറിയ തുകകൾ ബാങ്കിൽ അടച്ച് വലിയ തുക കൈപ്പറ്റാൻ സാധിക്കുന്ന തരത്തിലുള്ള ഇൻഷൂറൻസിൽ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് അവസരം പ്രയോജനപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുക. • സ്വയം തൊഴിൽ പരിശീലനം നൽകുക. കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.

### 2) ഹരിതം 2018

മുൻ വർഷങ്ങളിൽ നാം നടത്തി വന്ന ഹരിതം എന്ന ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം കുറേക്കൂടി വിപുലമായി ഈ വർഷം നടത്തുവാൻ ശ്രദ്ധിക്കുക. നാം ജീവിക്കുന്ന പ്രപഞ്ചത്തിന്റെയും നമ്മോടൊത്തു കഴിയുന്നവരുടെ ജീവന്റെയും സംരക്ഷകരാണ് നമ്മൾ എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഈ ജനുവരി മാസത്തിൽ അമ്മമാർ പരമാവധി പച്ചക്കറികൾ, പഴവർഗ്ഗ

ങ്ങൾ, പൂച്ചെടികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ, മറ്റുവൃക്ഷങ്ങൾ എന്നിവ നട്ടുവളർത്താൻ ശ്രദ്ധിക്കുക. ജൈവ വളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഈ കൃഷികളിലൂടെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് എത്തുവാനും ജീവന്റെയും പ്രപഞ്ചത്തിന്റെയും കാവലാളുകളായി തീരുവാനും നമ്മുക്ക് കഴിയണം. മേഖലാ, ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ വിത്തുകളും വിവിധ ഇനം തൈകളും എത്തിച്ച് കൊടുത്ത് മാറ്റാൾ പണിയിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ഇത് വിജയകരകമായി നടപ്പിലാക്കാനും എല്ലാ കുടുംബങ്ങളെയും ഇതിൽ ഉൾച്ചേർക്കാനും ശ്രദ്ധിക്കണെ.ഏറ്റവും കൂടുതൽ ഇനം പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ നട്ടുവളർത്തി നല്ല അടുക്കളത്തോട്ടം ഉണ്ടാക്കുന്നവർക്ക് രൂപതാതലത്തിൽ പ്രത്യേക സമ്മാനം നൽകുന്നതാണ്.

## 3) ജ്വാല - മേരിഗിരി

2018 ആഗസ്റ്റ് 4 ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ മേരിഗിരി മേഖലയുടെ ജ്വാല പ്രോഗ്രാം വെള്ളരിയാനം ദേവാലയത്തിൽ വച്ച് നടന്നു. വെള്ളരിയാനം യൂണിറ്റ് മാതൃവേദി ആനിമേറ്റർ സി. ജെസ്സി ജോസ് സി.പി.എസ് സ്വാഗതം ആശംസിച്ചു. മേഗിഗിരി മേഖലാ പ്രസിഡണ്ട് ശ്രീമതി സാലി തങ്കച്ചൻ ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. മേരിഗിരി മേഖലാ ഡയറക്ടർ ഫാ.റോയ് കോച്ചപ്പള്ളി ആമുഖ പ്രഭാഷണം നടത്തി ശേഷം മേരിഗിരി ഫൊറോനാ വികാരി റവ.ഫാ.മാത്യു മണിമലത്തറപ്പേൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹപ്രഭാഷണവും വെള്ളരിയാനം യൂണിറ്റ് ഡയറക്ടർ റവ.ഫാ.മാത്യു മുല്ലപ്പള്ളി എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ശ്രീ.ടി.എം ജോസ് തയ്യിൽ ക്ലാസ്സ് നയിച്ചു. മേരിഗിരി മേഖലാ സെക്രട്ടറി ശ്രീമതി ഷൈനി കൃഷ്ണതൊടികയിൽ റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി മേരി വടക്കേക്കര കണക്കും അവതരിപ്പിച്ചു. മേരിഗിരി മേഖലാ ആനിമേറ്റർ സി.ആലീസ് എസ് എച്ച് ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു. ജ്വാല പ്രോഗ്രാം നന്നായി നടത്തുവാൻ സഹകരിച്ച മേരിഗിരി മേഖലയ്ക്കും ഭാരവാഹികൾക്കും വെള്ളരിയാനം യൂണിറ്റിനും അനുമോദനങ്ങൾ.

## മാതൃവേദി പ്രോഗ്രാംസ് - സെപ്റ്റംബർ

| | | |
|---|---|---|
| സെപ്റ്റംബർ 1 | - | മേഖലാ വിസിറ്റ് - ചെമ്പന്തൊട്ടി |
| സെപ്റ്റംബർ 11-13 | - | എം.ജി.സി - പടന്നക്കാട് |
| സെപ്റ്റംബർ 15 | - | ജ്വാല - പൈസക്കരി |
| സെപ്റ്റംബർ 22 | - | ജ്വാല - എടൂർ |
| സെപ്റ്റംബർ 25-27 | - | എം.ജി.സി - തലശ്ശേരി |
| സെപ്റ്റംബർ 29 | - | ജ്വാല - നെല്ലിക്കാംപൊയിൽ |

ജ്വാല പ്രോഗ്രാമുകൾക്ക് പങ്കെടുക്കുമ്പോൾ യൂണിറ്റുകളുടെ റിക്കാർഡുകളും പരിശോധനയ്ക്ക് കൊണ്ടുവരേണ്ടതാണ്.

## 5) സെപ്റ്റംബർ 8 മാതൃദിനം-കാരുണ്യദിനം

കേരളത്തിലുണ്ടായ അസാധാരണ പ്രളയദുരിതത്തിൽ കഴിയുന്നവരെ സഹായിക്കാൻ മാതൃവേദിയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ നടത്തിയ കാരുണ്യ പ്രവർത്തനങ്ങൾക്ക് മുന്നോട്ടിറങ്ങിയ എല്ലാവരെയും അഭിനന്ദിക്കുന്നു. പ്രകൃതി ദുരന്തങ്ങൾക്കിരയായവരെ തുടർന്നും സഹായിക്കാൻ അഭിവന്ദ്യ പിതാവിന്റെ ദുരിതാശ്വാസ പദ്ധതിയോട് ചേർന്ന് മാതൃവേദിയുടെ എല്ലാ യൂണിറ്റുകളും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഇതിനോടകം സാധനങ്ങൾ ശേഖരിച്ചു നൽകിയവരും പൊതുവായ സംരഭത്തിൽ കഴിവിനൊത്ത് സഹകരിക്കുമല്ലോ. സെപ്റ്റംബർ 8-ാം തിയ്യതി എല്ലാ യൂണിറ്റുകളിലും മാതാവിന്റെ പിറവിത്തിരുനാൾ മാതൃദിനമായി ആഘോഷിക്കണം. അന്നേദിവസം മാതൃവേദിയുടെ പതാക ഉയർത്തി ആന്തം ആലപിക്കുക. വി.കുർബ്ബാനയ്ക്കു മുമ്പായി എല്ലാ അമ്മമാരും ഒരു കാഴ്ച സമർപ്പണം നടത്തുക. ഈ സമർപ്പണത്തിലൂടെ ലഭിക്കുന്ന തുക സെപ്റ്റംബർ 15 ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുക (ഫാമിലി അപ്പൊസ്റ്റൊലേറ്റ്). ഇത് അഭിവന്ദ്യപിതാവിന്റെ ദുരിതാശ്വാസ നിധിയോട് ചേർക്കുന്നതായിരിക്കും. അതോടൊപ്പം രൂപതാതലത്തിൽ നടത്തുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ വളണ്ടിയേഴ്സ് ആകാൻ താൽപര്യമുള്ള അമ്മമാരുടെ ലിസ്റ്റ് മേഖലാതലത്തിൽ ശേഖരിച്ച് രൂപതാ ഓഫീസിൽ അറിയിക്കുക. കൃഷിയിടങ്ങൾ നഷ്ടപ്പെട്ടവർക്ക് സഹായം, വീടിന്റെ ശുചീകരണം, അറ്റകുറ്റപണികൾ എന്നിവ നടത്താൻ രൂപതാതലത്തിൽ സംഘടിപ്പിക്കുന്ന സന്നദ്ധ സേവകരെ സഹായിക്കാൻ മാതൃവേദി അംഗങ്ങളും പങ്കാളികളാകുക. മേഖലാ ഡയറക്ടേഴ്സ്, ആനിമറ്റേഴ്സ് എന്നിവർ ഇക്കാര്യങ്ങൾക്ക് മേഖലയിൽ നേതൃത്വം നൽകുമല്ലോ.

## 6) പ്രളയക്കെടുതി - ദുരിതാശ്വാസം

പ്രളയക്കെടുതിയുണ്ടായ സ്ഥലങ്ങളിൽ അതിരൂപതാ ഡയറക്ടർ രൂപതാ ഭാരവാഹികൾക്കൊപ്പം സന്ദർശനം നടത്തുകയും സഹായങ്ങൾ നൽകുകയും ചെയ്തു. മാനന്തവാടി പ്രദേശത്തെ ദുരിതാശ്വാസ ക്യാമ്പുകളിലേക്കാവശ്യമായ സാനിട്ടറി ഉപകരണങ്ങൾ തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ എത്തിച്ചുകൊടുത്തു.

### പ്രോലൈഫ് സംഗമം - തലശ്ശേരി

ജൂലൈ 20 വെള്ളിയാഴ്ച വൈകിട്ട് 6.30 മുതൽ 8 മണി വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് പ്രോലൈഫ് സംഗമം നടത്തപ്പെട്ടു. തുടർന്നുള്ള മാസങ്ങളിൽ നടത്താനിരിക്കുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. പ്രോലൈഫ് എക്സിബിഷനുവേണ്ടി പ്രാർത്ഥനാ കാർഡുകൾ അടച്ചു നൽകുകയും

കെ.സി.വൈ.എം പ്രോജക്ടായ പ്രോലൈഫ് എക്സിബിഷനിൽ ചെറുപുഴയിൽ വച്ച് നടത്തിയതിൽ പ്രോലൈഫ് അംഗങ്ങൾ സഹകരിക്കുകയും ചെയ്തു.

**ഫാമിലി അപ്പൊസ്റ്റോലേറ്റ് കലണ്ടർ – 2019**

ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ 2019 വർഷത്തെ കലണ്ടർ പ്രസിദ്ധീകരിച്ച് മാതൃവേദിയുടെ മേഖലാ കേന്ദ്രങ്ങളിൽ ഏല്പിച്ചിട്ടുണ്ട്. വികാരിയച്ചന്മാർ ചാരിറ്റി കളക്ഷനായി മാതൃവേദി യൂണിറ്റുകൾക്ക് ഇത് ഉപയോഗിക്കുന്നതിനെക്കുറിച്ച് പള്ളിയിലറിയിക്കുമല്ലോ. 1 കലണ്ടറിന് 15 രൂപ വീതം മേഖലാതലത്തിൽ ശേഖരിച്ച് ഒക്ടോബർ 13 ന് നടത്തപ്പെടുന്ന കലാമത്സരത്തിനുമുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കണെ.

**പ്രത്യേക ശ്രദ്ധയ്ക്ക് : അതിരൂപതാ കലാമത്സരങ്ങൾ**

കേരളത്തിലുണ്ടായ അസാധാരണ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാതൃവേദിയുടെ ഈ വർഷത്തെ അതിരൂപതാ കലാമത്സരങ്ങൾ ക്യാൻസൽ ചെയ്യുകയാണ്. എല്ലാ മേഖലകളിൽ നിന്നും ഈ തീരുമാനത്തോടുള്ള പിൻതുണ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തീരുമാനം അർത്ഥപൂർണ്ണമാകുന്നത് മത്സരങ്ങൾക്കായി നാം നീക്കിവച്ചിരുന്ന തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പങ്കുവയ്ക്കുമ്പോഴാണല്ലോ. അതിനാൽ എല്ലാവരും സൻമനസ്സോടെ ഈ ലക്ഷ്യപ്രാപ്തിക്കായി സഹകരിക്കുമല്ലോ. അതിരൂപതാതലത്തിൽ കലാമത്സരങ്ങൾ ഈ വർഷം നടത്തുന്നില്ലാത്തതിനാൽ അതിനായി വരുന്ന ചിലവിൽ ആനുപാതികമായ തുക യൂണിറ്റുകളും മേഖലകളും ശേഖരിച്ച് ഈ സെപ്റ്റംബർ 8 ന്റെ സമർപ്പണ ഫണ്ടിനോടൊപ്പമോ അതിനുശേഷമോ മാതൃവേദി രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

k t \ I ] qÀÆw,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റോലേറ്റ്

## Rosary Across India

2018 ഒക്ടോബർ 7ന് ഭാരതത്തിലെമ്പാടും ഒരുമിച്ച് കൊന്തചൊല്ലുന്ന ഒരു പ്രോഗ്രാം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള ഇടവകകൾ http://rosaryacrossindia.co.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുക.

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

***ഫോൺ : 8281750777 , 8281730777***

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ 6 മാസക്കാലം പിന്നിട്ട് വിളവെടുപ്പ് നടത്തിയ മാസമായിരുന്നു ആഗസ്റ്റ്. ദൈവാനുഗ്രഹത്താൽ വിവിധ പരിശീലനങ്ങളിൽ ഏർപ്പെട്ടവർ മികച്ച വിജയങ്ങൾ നേടിയെടുത്ത് സാൻജോസ് അക്കാഡമിയ്ക്ക് അഭിമാനം സമ്മാനിച്ച അവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. താരതമ്യേന കഠിനമായ പ്രവേശന പരീക്ഷകളിൽ വിജയികളായവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

## NET Result

26 പേർ പരിശീലനത്തിലേർപ്പെട്ട സാൻജോസ് നെറ്റ് പരിശീലനത്തിൽ 5 പേർ വിജയിക്കുകയുണ്ടായി. മലബാർ പ്രദേശത്ത് ആദ്യമായിട്ടായിരുന്നു. നെറ്റ് ജനറൽ പേപ്പറിൽ കോച്ചിംങ്ങ് നടത്തപ്പെട്ടത്. കണ്ണൂർ-കാസർഗോഡ് ജില്ലകളിൽനിന്നുള്ള വിദ്യാർത്ഥികളായിരുന്നു ഉണ്ടായിരുന്നത്. മികച്ച വിജയം നേടിയെടുത്ത വിദ്യാർത്ഥികളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഒപ്പം വിജയികളെ രൂപപ്പെടുത്തിയ അധ്യാപകരെയും.

## K-TET Result

ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയം കേന്ദ്രീകരിച്ച് നടത്തിയ K-TET ഫസ്റ്റ് ബാച്ചിന്റെ റിസൾട്ട് ഗവൺമെന്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. ഓൾ കേരള ലെവലിൽ വിജയശതമാനം 17% സാൻജോസ് അക്കാഡമിയിൽ 56% വിജയം ലഭിക്കുകയുണ്ടായി. വിജയികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ. ഒപ്പം അധ്യാപകർക്കും.

## വിവിധ പരിശീലനങ്ങൾ

### 1. K-TET Coaching

2018 നവംബറിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്ന TET പരീക്ഷക്ക് ഒരുക്കമായി സാൻജോസ് TET രണ്ടാം ബാച്ചിന്റെ ക്ലാസ്സുകൾ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ വച്ച് ഓഗസ്റ്റ് 18-ാം തീയതി മുതൽ ആരംഭിച്ചു. ഇരിട്ടി വികാരി ബഹു. ജോസഫ് മഞ്ചപ്പള്ളി അച്ചൻ ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ചു. പരിശീലനങ്ങൾ 120 മണിക്കൂറുകൾ നീണ്ടുനിൽക്കുന്നതും എല്ലാ ശനി, ഞായർ ദിവസങ്ങളിലും, പ്രത്യേക അവധി ദിനങ്ങളിലുമായി നടത്തപ്പെടുന്നതുമാണ്. ഇനിയും പരിശീലനത്തിലേർപ്പെ

ടാനാഗ്രഹിക്കുന്നവർ 8281750777, 8281730777 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## 2. NET Coaching

2018 ഡിസംബറിൽ നടക്കാനിരിക്കുന്ന നെറ്റ് പരീക്ഷക്ക് ഒരുക്കമായിട്ടുള്ള ജനറൽ പേപ്പറിന്റെ Net Exam Coaching ഒക്ടോബർ മാസത്തിൽ നടത്തപ്പെടുന്നതായിരിക്കും. വിവിധ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും പ്രഗൽഭ അധ്യാപകർ പരിശീലനത്തിന് നേതൃത്വം നൽകും. പരിശീലനത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ സെപ്റ്റംബർ മാസത്തിൽതന്നെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇരിട്ടിയിൽ വച്ചായിരിക്കും ക്ലാസ്സുകൾ നടത്തപ്പെടുക കോഴ്സ് ഫീസ് : 5000 രൂപ.

## 3. SET Exam Coaching

സെപ്റ്റംബർ 9-ാം തീയതി നടക്കാനിരിക്കുന്ന SET പരീക്ഷയ്ക്കുള്ള പരിശീലനങ്ങൾ ഇരിട്ടി പുഷ്പാരം ITI യിൽ വച്ച് നടന്നുകൊണ്ടിരിക്കുന്നു.

## 4. PSC Coaching

ഓഗസ്റ്റ് മാസത്തിലെ ഗിരിദീപത്തിൽ വിശദമായി പ്രതിപാദിച്ചിരുന്ന PSC കോച്ചിംങ്ങ് ക്ലാസ്സുകൾ ആരംഭിച്ചു. ഓഗസ്റ്റ് 4-ാം തീയതി ആലക്കോട് ദേവമാതാ കോളേജിൽ വച്ചു നടന്ന പൊതുസമ്മേളനത്തിൽവച്ച് ഈ പദ്ധതി ഫൊറോന വികാരി പെരിയ ബഹു. സിബിച്ചൻ ആനക്കല്ലിൽ ഉദ്ഘാടനം ചെയ്തു. സാൻജോസ് അക്കാഡമി ഡയറക്ടർ ഫാ. പയസ് പടിഞ്ഞാറെമുറിയിൽ അധ്യക്ഷഭാഷണം നടത്തി. കോളേജ് PSC Coaching കോഴ്സിന്റെ ചുമതല വഹിക്കുന്ന ബഹു. മാത്യു കോണിക്കലച്ചൻ ആമുഖപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. ജോസഫ് തോമസ് വിശിഷ്ടാതിഥിയായിരുന്നു. 'PSC ഇന്നിന്റെ ആവശ്യം' എന്ന വിഷയത്തെയധികരിച്ച് ശ്രീ. സാബു ചെല്ലംങ്കോട്ട് സാർ ക്ലാസ്സ് നയിച്ചു. വിവിധ പ്രദേശങ്ങളിലായി നൂറിലധികം വിദ്യാർത്ഥികൾ ക്ലാസ്സിൽ ചേർന്നിട്ടുണ്ട്.

പൈസക്കരി ദേവമാതാ കോളെജിൽ PSC പരിശീലനം സെപ്റ്റംബർ 1-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഫൊറോനാ വികാരി പെരിയ ബഹു. ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം നിർവ്വഹിക്കും.

## 5. BRIDGE +

2020-ലെ എൻട്രൻസ് പരീക്ഷ ലക്ഷ്യമാക്കി ഈ വർഷം +1-ലേക്ക് പ്രവേശിച്ചിരിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന ഒന്നാം വർഷ എൻട്രൻസ് പരിശീലനത്തിന്റെ വേനൽ അവധിക്കാല ക്ലാസുകൾ പൂർത്തിയാക്കി. ഇനിയുള്ള നാളുകളിൽ രണ്ടാം ശനിയാഴ്ചകളിലും, ഞായറാഴ്ചകളിലുമായി ഈ കോഴ്സ് തുടരുന്നതാണ്.

## 6. സെമിനാറുകൾ-ക്ലാസുകൾ

ഓണാവധിക്കാലത്ത് കുട്ടികൾക്കായി നടത്താനിരുന്ന THE LEADER എന്ന നേതൃത്വ പരിശീലന ശിൽപശാല കാലവർഷദുരന്തങ്ങൾമൂലവും അവധിക്കാലദിനങ്ങളിൽ വന്ന പുനഃക്രമീകരണങ്ങൾമൂലവും വലിയ അവധിക്കാലത്തേക്ക് മാറ്റിവച്ചിരിക്കുന്നു എന്നറിയിക്കുന്നു.

മാതാപിതാക്കൾ, പി.ടി.എ., യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകളും സെമിനാറുകളും സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ഇടവകകളിലും സ്ഥാപനങ്ങളിലും നടത്തിക്കൊടുക്കുന്നതും, ആവശ്യമായ റിസോഴ്സ് പേഴ്സൺസിനെ ക്രമീകരിച്ച് നൽകുന്നതുമാണ്. ആവശ്യമെങ്കിൽ സാൻജോസ് ഓഫീസുമായി ബന്ധപ്പെടുമല്ലോ...

1. മണക്കടവ് ഇടവകയിൽ അൽഫോൻസാ ദിനത്തോടനുബന്ധിച്ച് ബഹു. പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ വി. കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ ഇടവകാജനങ്ങളോട് വിശദീകരിക്കുകയും ചെയ്തു. ഇതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിച്ച ബഹു. അബ്രാഹം മഠത്തിമ്യാലിൽ അച്ചന് പ്രത്യേകം നന്ദിയർപ്പിക്കുന്നു.

2. 22-08-2018ന് ഞായറാഴ്ച മാങ്ങോട് ഇടവകയിൽ ബഹു. ഡയറക്ടറച്ചൻ സന്ദർശിക്കുകയും ദിയാക്കോണിയ, ദുരിതാശ്വാസപ്രവർത്തനങ്ങൾ, സാൻജോസ് അക്കാഡമി എന്നിവയെപ്പറ്റി സംസാരിക്കുകയും യുവജനങ്ങളുമായി പ്രത്യേകം സംവദിക്കുകയും ചെയ്തു. ഇതിനുള്ള അവസരം നൽകിയ ബഹു. മാത്യു പൊട്ടംപ്ലാക്കലച്ചനെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

### നന്ദിയോടെ

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായങ്ങൾ നല്കിയവരെയെല്ലാം നന്ദിയോടനുസ്മരിക്കുന്നു. പ്രത്യേകിച്ച് ഇരിട്ടി ഇടവകയിൽ അക്കാഡമിക്കായി പ്രത്യേക ക്ലാസ്സ്റൂം ക്രമീകരിച്ചു തന്ന ബഹു. ജോസഫ് മഞ്ചപ്പള്ളിയച്ചനെയും ഇടവകാസമൂഹത്തെയും. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട്...

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

അതിരൂപതയുടെ ഭാവി താളവും വേഗവും സ്വാധീനിക്കുന്ന പുതിയ സംരംഭമായ കുടുംബക്കൂട്ടായ്മയുടെ രൂപീകരണശ്രമങ്ങൾ നടന്നു വരികയാണ്. ഈ ദൗത്യത്തിൽ ഉയർന്നുവന്ന ചില ആശങ്കകൾക്കു ഉത്തരം നാം കണ്ടെത്തണം.

**1.** പഴയതുപോലെ പോരേ, എന്തിനാണ് ഈ പുതിയ പരിപാടി എന്ന ചിന്ത സ്വാഭാവികമാണ്. നമ്മുടെ സഭയും സമൂഹവും പഴയതുപോലെ പോയാൽപോരാ എന്ന് ചിന്തിച്ച അസംബ്ലിയിൽ ഉയർന്നു വന്ന ഏറ്റവും സുപ്രധാന തീരുമാനമാണിത്. ജനത്തിന്റെ ആവശ്യമാണിത്. സജീവവും ശക്തവുമായ സഭാസമൂഹത്തെ കെട്ടിപ്പടുക്കണമെങ്കിൽ നാം മാറി ചിന്തിച്ചേ പറ്റൂ.

**2.** ജനത്തെ കൂടെ നിർത്താനുള്ള പുതിയ ശൈലിയാണിത്. നിസ്സംഗമായി നിൽക്കുന്നവരെയും അകന്ന് പോയവരെയും നമ്മുടെ കൂട്ടായ്മയിലേക്ക് നാം തിരിച്ച് കൊണ്ടുവരണം. കാൽചുവട്ടിലെ മണ്ണ് ഒലിച്ചുപോകുന്നതുപോലെ ജനം മാറിതുടങ്ങിയിരിക്കുന്നുവെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം.

**3.**അജപാലകരും ജനവും ഒത്ത്ചേർന്ന് നിൽക്കുന്ന സമൂഹം ഉണ്ടാകണമെങ്കിൽ അടുത്ത് ഇടപെടുവാൻ വേദികൾ കണ്ടെത്തണം (Attachment leads to commitment). പള്ളി പ്രാർത്ഥനകളുടെ സാദായോഗം എന്നതിലുപരി ജനത്തിനുംകൂടി പ്രീതികരമായ വിഷയങ്ങൾ ചർച്ചചെയ്യുകയും അവരുടെ ജീവിതത്തെ സ്വാധീനിക്കുന്ന ജന്മദിനം, വാർഷികം, വിജയങ്ങൾ മുതലായവ ആഘോഷിക്കുകയും കലാപരിപാടികൾ നടത്തുകയും ചെയ്യുമ്പോൾ കൂട്ടായ്മകൾ ആകർഷണീയമായി മാറും.

**4.** ഭക്ഷണസൗഹൃദം ആളുകളെ അടുപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ്. ഭക്ഷണം ഒന്നിച്ച് ഉണ്ടാക്കുമ്പോഴും വിളമ്പുമ്പോഴും കഴിക്കുമ്പോളും അടുത്ത് ഇടപെടുവാൻ അവസരങ്ങൾ സൃഷ്ടിക്കുകയാണ്. കുഞ്ഞുവാശികളും സൗന്ദര്യപിണക്കങ്ങളും ഇല്ലാതാക്കുവാനും തെറ്റിദ്ധാരണകളും അകൽച്ചകളും മാറ്റാനും ഭക്ഷണത്തെക്കാൾ നല്ലൊരു തന്ത്രമില്ല. ഭക്ഷണം ഉണ്ടാക്കുവാൻ വലിയ തുക ചിലവാകില്ല. 60 പേർക്ക് ഭക്ഷണം ഉണ്ടാക്കുവാൻ 6 കിലോ അരിയും (250 രൂപ) 250 രൂപയുടെ പയറും ഇത്തിരി അച്ചാറും മതിയല്ലോ. അതായതു 500-800 രൂപ മതിയാവും. രണ്ട് വർഷത്തിലൊരിക്കൽ തങ്ങളുടെ ഭവനത്തിൽ എത്തുന്നവർക്ക് വേണ്ടി ഈ തുക മുടക്കാൻ ആർക്കാണ് സാധ്യമല്ലാത്തത്?. ആരെങ്കിലും ഉണ്ടെങ്കിൽ

പൊതുവായ സ്തോത്രക്കാഴ്ച എടുത്തുകൊടുക്കണം. പാത്രങ്ങളും ഗ്ലാസ്സുകളും കസേരകളും പൊതുവായി സംഘടിപ്പിച്ച് മാറി മാറി ഉപയോഗിക്കാമല്ലോ. വലിയ ലക്ഷ്യത്തിനുവേണ്ടി ചെറിയ ത്യാഗങ്ങൾ എടുക്കുവാൻ ജനത്തെ പരിശീലിപ്പിച്ച് അവരെ നാം വളർത്തണം. സ്കൂളിൽപോകാൻ മടിക്കുന്ന കുട്ടിയെ അവന്റെ ഇഷ്ടത്തിന് നാം വിടാറില്ലല്ലോ. നാം സ്കൂളിൽ കൊണ്ടുചെന്നാക്കും.

**5.** മാസത്തിലൊരിക്കൽകൂടുമ്പോൾ 50-100 രൂപ സ്തോത്രക്കാഴ്ചയായി സമർപ്പിക്കണം. കേക്ക് വാങ്ങിക്കുക, സമ്മാനം കൊടുക്കുക, അലങ്കാരം നടത്തുക എന്നീ കാര്യങ്ങൾക്കായി ചിലവഴിക്കാം. ആ യൂണിറ്റിലെ ആരെയെങ്കിലും സഹായിക്കണമെങ്കിൽ അതിനും മാറ്റിവയ്ക്കാം. മിച്ചമുള്ളത് സിക്രട്ടറി അറിഞ്ഞ്, ട്രഷറർ സൂക്ഷിക്കണം.

### പ്രിയ അച്ചന്മാരെ,

**1.** ഇടവകകളെ യൂണിറ്റുകളായി തിരിച്ച് ഭാരവാഹികളെ നിശ്ചയിച്ച് തുടങ്ങിയെന്ന് വിചാരിക്കുന്നു. 20 എന്ന നമ്പറിൽ കൂടാതിരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഓരോ യൂണിറ്റിന്റെയും ഭാരവാഹികളുടെയും പ്രതിനിധി കളുടെയും ലിസ്റ്റ് ഇവിടെ കഴിയുന്നതും വേഗം എത്തിക്കണം. ഫോറം നിങ്ങൾക്കു കിട്ടിക്കാണും. ഇല്ലെങ്കിൽ ഫൊറോന ഡയറക്ടറുമായി ബന്ധപ്പെടണം. ഇതിന്റെ ഒരു കോപ്പി ഇടവകയിൽ സൂക്ഷിക്കുകയോ രജിസ്റ്ററിൽ എഴുതിവയ്ക്കുകയോ വേണം.

**2.** ഓരോ ഫൊറോനയ്ക്കും ഓരോ ഡയറക്ടർമാരെ നിശ്ചയിച്ചിട്ടുണ്ട്. (ലിസ്റ്റ് കാണുക). ഈ പുതിയ ദൗത്യത്തിൽ സഹായിക്കുവാൻ തയ്യാറായ ഈ അച്ചന്മാരെ നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ ഫൊറോനയിലെ എല്ലാ ഇടവകകളിലും രൂപീകരണം നടക്കുന്നത് ത്വരിതപ്പെടുത്തുകയും ഭാരവാഹികളുടെ ലിസ്റ്റ് ശേഖരിക്കുകയും വേണം. അഭിവന്ദ്യപിതാവിന്റെ അംഗീകാരത്തോടെ ഫ്രൂട്ട്സിന്റെ ഫൊറോന ഡയറക്ടർമാരെ നിശ്ചയിക്കു കയാണ്.

## ഫൊറോന വികാരിമാരുടെ ശ്രദ്ധയ്ക്ക്

തങ്ങളുടെ കീഴിലുള്ള എല്ലാ ഇടവകകളിലെയും പാരിഷ് കൗൺസിൽ അംഗങ്ങളുടെയും മതാദ്ധ്യാപകരുടെയും മദർ സുപ്പീരിയർമാരുടെയും ഒരു സമ്മേളനം ഈ ദിവസങ്ങളിൽ വിളിച്ചുചേർത്താൽ (3 മണിക്കൂർ സമയം) ജനനേതാക്കളെ ഈ വിഷയം ബോധ്യപ്പെടുത്താനും കൂട്ടായ്മ രൂപീകരണം എളുപ്പത്തിലാക്കുവാനും കഴിയും. ഓരോ അച്ചന്മാരും കമ്മിറ്റിക്കാരോട് വിശദീകരിക്കുവാൻ സമയം കളയണ്ട. ഓഗസ്റ്റ് 15 പൈസക്കരി ഫൊറോന സമ്മേളനം ബഹു. സിബി പാലാക്കുഴി അച്ചൻ വിളിച്ച് ചേർത്തു. 300ൽ അധികം ആളുകൾ പങ്കെടുത്തു. ഓഗസ്റ്റ് 22ന് ചെമ്പേരിയിൽ ബഹു. ജോർജ് കാഞ്ഞിരക്കാട്ട് അച്ചൻ യോഗം വിളിച്ചു. ഫാദർ മാത്യു ആശാരിപറമ്പിൽ ക്ലാസ്സ് എടുക്കുകയും സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്തപ്പോൾ

ഏറെ ഉണർവ്വോടെ ഇത് നടപ്പിലാക്കണമെന്ന ചിന്തയോടെയാണ് അംഗങ്ങൾ തിരിച്ച് പോയത്.

## ഫൊറോന ഡയറക്ടമാർ

| നമ്പർ | ഫൊറോന | ഡയറക്ടർ |
|---|---|---|
| 1. | ആലക്കോട് | ഫാ. മാത്യു നരിക്കുഴി |
| 2. | ചെമ്പന്തൊട്ടി | ഫാ. ജോസഫ് വണ്ടർകുന്നേൽ |
| 3. | ചെമ്പേരി | ഫാ. ജെയിംസ് പുത്തൻനടയിൽ |
| 4. | ചെറുപുഴ | ഫാ. ഫ്രാൻസീസ് റാത്തപ്പള്ളി |
| 5. | എടൂർ | ഫാ. ആന്റണി പുന്നൂർ |
| 6. | കാഞ്ഞങ്ങാട് | ഫാ. ആന്റണി ചിറ്റേട്ട് |
| 7. | കുന്നോത്ത് | ഫാ. തോമസ് മണവത്ത് |
| 8. | മേരിഗിരി | ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് |
| 9. | നെല്ലിക്കാംപൊയിൽ | ഫാ. തോമസ് പൈമ്പിള്ളിൽ |
| 10. | പൈസക്കരി | ഫാ. ജോസഫ് നൂറാമ്മാക്കൽ |
| 11. | പനത്തടി | ഫാ. തോമസ് ആമക്കാട്ട് |
| 12. | പേരാവൂർ | ഫാ. ജോസഫ് പൂവത്തോലിൽ |
| 13. | തളിപ്പറമ്പ | ഫാ.സ്കറിയ പൂവത്താനി ക്കുന്നേൽ |
| 14. | തോമാപുരം | ഫാ. മാത്യു ഓലിക്കൽ |
| 15. | വായാട്ടുപറമ്പ | ഫാ. ജോൺ വാഴകാട്ട് |
| 16. | വെള്ളരിക്കുണ്ട് | ഫാ. ജോസഫ് കൊളുത്താപ്പള്ളി |

## സെൻട്രൽ കമ്മിറ്റി

കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങൾ ചലനാത്മകമാക്കുവാൻ ജ്ഞാനവും അർപ്പണബോധവുമുള്ള അത്മായരെ ചേർത്ത് ഒരു സെൻട്രൽ കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. ശ്രീ. മാത്യു മണ്ടപത്തിൽ സാർ ആയിരിക്കും ഈ യൂണിറ്റിന്റെ അതിരൂപതാകൺവീനർ. ജീവിതത്തിന്റെ വ്യത്യസ്തതുറകളിൽ പ്രാഗത്ഭ്യം പുലർത്തുന്ന ഇവർ സെൻട്രൽ റിസോഴ്സ് ടീമായി പ്രവർത്തിക്കുന്നതാണ്.(ലിസ്റ്റ് കാണുക)

## ഫ്രൂട്സ് കേന്ദ്ര സമിതി

**രക്ഷാധികാരി** : മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി

**സഹരക്ഷാധികാരി** : മോൺ. അലക്സ് താരാമംഗലം, മോൺ. ജോർജ് എളുക്കുന്നേൽ

**അംഗങ്ങൾ**

1. ഡോ. എം.ജെ മാത്യു മണ്ഡപത്തിൽ (റിട്ട. പ്രിൻസിപ്പൽ എം.ജി കോളെജ്, ഇരിട്ടി) (കൺവീനർ) ഫോൺ : 9447 282 104

2. ഡോ. ഡൊമിനിക് പുളിക്കൽ (പ്രിൻസിപ്പൽ, എസ്.ഇ.എസ് കോളെജ്, ശ്രീകണ്ഠപുരം) ഫോൺ : 9447 449 390

3. ശ്രീമതി. ത്രേസ്യാമ്മ ജോസഫ് (റിട്ട.വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ) ഫോൺ : 9447 728 771

4. ജോസ് ദേവസത്തിൽ (റിട്ട. കണ്ണൂർ ദീപിക റീജനൽ മാനേജർ) ഫോൺ : 7558 085 501

5. ജെയ്മി കൊച്ചുപറമ്പിൽ (സി.എം.എൽ. മുൻരൂപതാപ്രസിഡന്റ്) ഫോൺ : 9446 268 583

6. ജോൺ കണ്ണംകുളം (എസ്.പി ഓഫീസ് കാസർഗോഡ്) ഫോൺ : 9497 935 718

7. ജോർജ് തയ്യിൽ (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി) ഫോൺ : 93 49 599 039

8. സി. മെർലിൻ ജോസ് എസ്.എച്ച് (ആനിമേറ്റർ) ഫോൺ : 9074 314 742

9. ഫാ. തോമസ് തയ്യിൽ (സന്ദേശഭവൻ ഡയറക്ടർ) ഫോൺ : 9447 850 747

10 . ഫാ. മാത്യു ആശാരിപ്പറമ്പിൽ (ഡയറക്ടർ) ഫോൺ : 9447 607 101

## ഫൊറോന ഡയറക്ടർമാരുടെ യോഗം

കുടുംബക്കൂട്ടായ്മയുടെ ഫൊറോന ഡയറക്ടർമാരുടെ യോഗം ഓഗസ്റ്റ് 8ന് ഓഫീസിൽ ചേർന്നു. ഡയറക്ടർമാർ വളരെ താല്പര്യത്തോടെ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് മുമ്പോട്ടുപോകാൻ തയ്യാറായി, ആശംസകൾ!

ആലക്കോട്, കാവുംതല, അങ്ങാടിക്കടവ്, രണ്ടാംകടവ് എന്നീ ഇടവകകളിൽ ഡയറക്ടർ ഞായറാഴ്ചകളിൽ ദിവ്യബലിയർപ്പിച്ച് കുടുംബക്കൂട്ടായ്മയുടെ പ്രസക്തിയെക്കുറിച്ച് പ്രസംഗിച്ച് ബോധ്യംനല്കി.

കാലവർഷക്കെടുതിയിലും പ്രകൃതിക്ഷോഭങ്ങളിലും ദുരിതമനുഭവിക്കുന്നവരെ സന്ദർശിക്കുവാനും ആശ്വസിപ്പിക്കുവാനും കഴിയുന്നവിധത്തിൽ സഹായിക്കുവാനും അതിരൂപതാ ടീമിനോടൊപ്പം ഫാ. മാത്യു ആശാരിപറമ്പിൽ സജീവമായി പ്രവർത്തിച്ചു.

അഹങ്കാരം വെടിഞ്ഞ്, ജാഡകളില്ലാതെ നാം ഒന്നിച്ച് നിൽക്കണമെന്ന് ഈ ദുരിതവും നമ്മെ പഠിപ്പിച്ചു. നമുക്ക് ഈ കൂട്ടായ്മ തുടരണം, വളർത്തണം, കൈകോർക്കാം, ഒന്നിച്ച് വളരാം.

**ഫാ. മാത്യു ആശാരിപ്പറമ്പിൽ**
ഡയറക്ടർ

# എ.കെ.സി.സി.

കത്തോലിക്കാ സമുദായം അകത്തുനിന്നും പുറത്തുനിന്നും പ്രതിസന്ധികളെ നേരിടുന്ന ഈ കാലഘട്ടത്തിൽ ശക്തമായ സാമുദായിക ശക്തിയായി ക്രൈസ്തവസമൂഹം മാറുന്നതിനുള്ള പരിശ്രമത്തിലാണ് കത്തോലിക്കാ കോൺഗ്രസ്. ജനത്തിന്റെ നൊമ്പരങ്ങളിലും ആശങ്കകളിലും കൂടെനില്ക്കുന്ന നേതൃത്വശൈലിയാണ് നാം വളർത്തിയെടുക്കുന്നത്. പ്രകൃതിയും കാലാവസ്ഥയും ദുരന്തം വിതച്ച് കടന്നുപോയ ആഗസ്റ്റ് മാസത്തിൽ വേദനിക്കുന്ന ഓരോ വ്യക്തിയുടെ സമീപത്തും കത്തോലിക്ക കോൺഗ്രസ് കടന്നുചെന്നു. വീട് തകർന്ന കരിക്കോട്ടക്കരിയിലെ മോഹനന്റെ അടുത്തും രണ്ടുപേർ മരണമടഞ്ഞ ഇടപ്പുഴയിലെ ഇമ്മട്ടിൽ കുടുംബത്തിന്റെ അടുത്തും 24 മണിക്കൂറിനുള്ളിൽത്തന്നെ ഡയറക്ടർ ഫാ. മാത്യു ആശാരി പറമ്പിലും പ്രസിഡന്റ് ദേവസ്യ കൊങ്ങോലയും മറ്റ് ഭാരവാഹികളും ഓടിയെത്തി. അഭിവന്ദ്യ പിതാക്കന്മാരോടൊത്ത് ആടാംപാറ, കച്ചേരിക്കടവ്, കരിക്കോട്ടക്കരി, എടപ്പുഴ, വാണിയപ്പാറ, തുടങ്ങിയ സ്ഥലങ്ങളും പിന്നീട് സന്ദർശിച്ചു.

## ദുരിതാശ്വാസപ്രവർത്തനങ്ങൾ

18.8.2018ന് കൊട്ടിയൂർ പഞ്ചായത്തിൽ ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലങ്ങൾ അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല, ട്രഷറർ ബെന്നി പുതിയാപുരം എന്നിവരുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി. അമ്പായത്തോട്, കണ്ടപ്പനം, നെല്ലിയോടി തുടങ്ങിയ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ക്യാമ്പിൽ കഴിയുന്നവരുടെ വിഷമത്തിൽ പങ്കുചേർന്നു. പെരുംമഴയിൽ ദുരിതത്തിൽപെട്ട ജനത്തിന് സഹായമെത്തിക്കുവാൻ അതിരൂപതനടത്തുന്ന പരിശ്രമങ്ങളിലും കുട്ടനാടിന് കൈത്താങ്ങായും വയനാടിന് സഹായഹസ്തമായും പോയ രൂപതാസംഘത്തിലും പങ്കുചേർന്നു.

## അതിരൂപത എക്സിക്യൂട്ടീവ്

കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 4.8.2018ന് ശനിയാഴ്ച അതിരൂപത ഓഫീസിൽ പ്രസിഡന്റ് ദേവസ്യ കൊങ്ങോലയുടെ അധ്യക്ഷതയിൽ ചേർന്നു. ഫാ. മാത്യു ആശാരി പറമ്പിൽ വിഷയാവതരണം നടത്തി. കത്തോലിക്കാ കോൺഗ്രസിന്റെ പ്രസക്തിയെപ്പറ്റി ഫാമിലി റിന്യൂവൽ യൂണിറ്റ് കൺവീനർ ഡോ. എം.ജെ മാത്യു മണ്ഡപത്തിൽ ക്ലാസ്സെടുത്തു. സെപ്റ്റംബർ 1ന് രാവിലെ 9.30ന് തളിപ്പറമ്പിൽവച്ച് നടത്തുന്ന നേതൃത്വ സംഗമം വിജയിപ്പിക്കുവാൻ തീരുമാനിച്ചു. കർഷകദിനമായ ആഗസ്റ്റ് 17 (ചിങ്ങം ഒന്ന്) കണ്ണീരണിഞ്ഞ കർഷകദിനമായി ആചരിക്കുന്നതിനും പൊതുസമ്മേളനം, ധർണ്ണ എന്നിവ

നടത്തുന്നതിനും തീരുമാനിച്ചു. (കാലവർഷക്കെടുതികളും കനത്തമഴയും മൂലം അത് മാറ്റിവച്ചു) ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലെ ദിയാക്കോണിയ പ്രവർത്തനങ്ങൾ ചർച്ചചെയ്തു. സെപ്റ്റംബർ മാസത്തിൽ എല്ലാ യൂണിറ്റുകളിലും കാരുണ്യപ്രവർത്തികളും സീനിയർ സിറ്റിസൺസിനെ ആദരിക്കലും നടത്തേണ്ടതാണ്. കത്തോലിക്കാകോൺഗ്രസ് കേന്ദ്രസമിതി ഏർപ്പെടുത്തി യിട്ടുള്ള വിവിധ സ്കോളർഷിപ്പുകൾക്കും അവാർഡുകൾക്കും അപേക്ഷ സെപ്റ്റംബർ10ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

## ഫൊറോന ഡയറക്ടർമാരുടെ യോഗം

ആഗസ്റ്റ് 8ന് എ.കെ.സി.സി ഫൊറോന ഡയറക്ടർമാരുടെ ആദ്യയോഗം സന്ദേശഭവനിൽ ചേർന്നു. അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരി പറമ്പിൽ അദ്ധ്യക്ഷം വഹിച്ചു. അതിരൂപത കൺവീനർ ഡോ. എം.ജെ. മാത്യു മണ്ഡപത്തിൽ, പ്രസിഡന്റ് ദേവസ്യ കൊങ്ങോല എന്നിവർ ചർച്ചകൾക്ക് നേതൃത്വം നല്കി. ഡയറക്ടർമാരായി തീക്ഷ്ണതയോടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന ബഹു. അച്ചന്മാരെ അഭിനന്ദിക്കുന്നു. കത്തോലിക്ക കോൺഗ്രസിന്റെ യൂണിറ്റുകൾ അടിയന്തിരമായി രൂപീകരിക്കുക, ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തീക്ഷ്ണമായി പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

## എകെസിസി ഫൊറോന ഉപദേശകസമിതി

| ന. | ഫൊറോന | ഡയറക്ടർ | ഫോൺനമ്പർ |
|---|---|---|---|
| 1. | ആലക്കോട് | ഫാ. ഐസക്ക് മറ്റത്തിൽ | 9446 655 664 |
| 2. | ചെമ്പന്തൊട്ടി | ഫാ. സന്തോഷ് ചാരംതൊട്ടിയിൽ | 9048 508 690 |
| 3. | ചെമ്പേരി | ഫാ. ജോൺ ഓണംകുളം | 9447 156 576 |
| 4. | ചെറുപുഴ | ഫാ. ആന്റണി ചാണക്കാട്ടിൽ | 9447 460 950 |
| 5. | എടൂർ | ഫാ. കുര്യാക്കോസ് ഓരത്തേൽ | 9447 519 216 |
| 6. | കാഞ്ഞങ്ങാട് | ഫാ. മാണി മേൽവെട്ടം | 9447 332 799 |
| 7. | കുന്നോത്ത് | ഫാ. ജേക്കബ് പള്ളിനീരാക്കൽ | 9495 645 284 |
| 8. | മേരിഗിരി | ഫാ. ജോസ് കുന്നേൽ | 9495 848 125 |
| 9. | നെല്ലിക്കാംപൊയിൽ | ഫാ. തോമസ് പൈമ്പിള്ളിൽ | 9946 603 805 |
| 10. | പൈസക്കരി | ഫാ. ജോസഫ് നൂറാന്മാക്കൽ | 9447 286 501 |
| 11. | പനത്തടി | ഫാ. തോമസ് ആമക്കാട്ട് | 9745 007 008 |
| 12. | പേരാവൂർ | ഫാ. തോമസ് കീഴാരത്തിൽ | 9446 603 805 |

| | | |
|---|---|---|
| 13. തളിപ്പറമ്പ | ഫാ. തോമസ് മാപ്പിളപറമ്പിൽ | 9495 647 670 |
| 14. തോമാപുരം | ഫാ. ആന്റണി പള്ളിക്കുന്നേൽ | 9496 850 441 |
| 15. വായാട്ടുപറമ്പ | ഫാ. മാത്യു വെട്ടുവയലിൽ | 9961 594 359 |
| 16. വെള്ളരിക്കുണ്ട് | ഫാ. ജോസഫ് ആനചാരി | 9562 312 112 |

## ദിയാക്കോണിയ

13.8.2018ന് വൈകുന്നേരം 5 മണിക്ക് സന്ദേശഭവനിൽ നടന്ന ദിയാക്കോണിയ യോഗത്തിൽ അതിരൂപത ഡയറക്ടർ ഫാ. മാത്യു ആശാരി പറമ്പിൽ പ്രസിഡന്റ് ദേവസ്യ കൊങ്ങോല എന്നിവർ പങ്കെടുത്തു. എല്ലാ സംഘടനകളും മാസംതോറും പ്രവർത്തനറിപ്പോർട്ടുകൾ തയ്യാറാക്കി നല്കണമെന്ന് തീരുമാനിച്ചു.

## കണ്ണീരണിഞ്ഞ കർഷകദിനം

പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ചിങ്ങം ഒന്നിന് നടത്താനിരുന്ന കർഷകദിന സമ്മേളനം മാറ്റിവച്ചെങ്കിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട് കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾ കർഷകർക്കൊപ്പം നിന്നു. പതിനായിരത്തോളം ലഘുലേഖകൾ കർഷകർക്ക് വിതരണം ചെയ്ത് കർഷകന്റെ പ്രതിസന്ധികൾക്ക് മുമ്പിൽ “ഒരുമിക്കൂ...പ്രതിരോധിക്കൂ” എന്ന ആശയം കുടിയേറ്റ കർഷകരുടെ ഹൃദയങ്ങളിലേക്ക് സന്നിവേശിപ്പിച്ചു. കർഷകന്റെ കൂട്ടായ്മബോധം വളർത്തുവാനുള്ള സമ്മേളനങ്ങൾ ഒക്ടോബർ മാസത്തിൽ നടത്തുന്നതാണ്.

## പ്രതിനിധി സമ്മേളനം

സെപ്റ്റംബർ 1 ശനിയാഴ്ച കണ്ണൂർ ജില്ലയിലെ മുഴുവൻ യൂണിറ്റ് ഭാരവാഹികളുടെയും നേതൃത്വപരിശീലനം തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടുന്നു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ എല്ലാ യൂണിറ്റിലെയും ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കണം.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. മാത്യു ആശാരിപ്പറമ്പിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

പ്രകൃതിയുടെ സംഹാരതാണ്ഡവത്തിൽ കേരളത്തിലെ കാർഷിക മേഖല നാമാവിശേഷമായിരിക്കുന്നു. സമസ്തമേഖലകളിലും കർഷകന്റെ നിലവിളിയുടെ ശബ്ദം മാത്രമാണ് കേൾക്കാനുള്ളത്. അതോടൊപ്പംതന്നെ കൊടിയ ഭക്ഷ്യക്ഷാമവും ദാരിദ്ര്യവും ജനങ്ങൾ അഭിമുഖീകരിക്കുകയാണ്. പല മേഖലകളിലും കൊള്ളയും പിടിച്ചുപറിയും ആരംഭിച്ചുകഴിഞ്ഞു. ദുരിതശ്വാസ നടപടികൾക്ക്ശേഷം ദുരന്തങ്ങളാണ് ജനങ്ങളെ കാത്തിരിക്കുന്നത്. കടക്കെണിയിൽ മുങ്ങിത്താഴുന്ന സർക്കാരും നികുതി ഭാരത്താൽ വലയുന്ന ജനങ്ങളും ഈ സാഹചര്യത്തിലും രാഷ്ട്രീയം കളിക്കുന്ന ഭരണാധികാരികളാണ് നമുക്കുള്ളത്. വൻകിട വ്യവസായികൾ പരിസ്ഥിതിക്ക് ആഘാതം വരുത്തുന്ന നടപടികളുമായി മുന്നോട്ടുപോകുമ്പോൾ അതിന്റെ ദുരന്തം ഏറ്റുവാങ്ങുന്നത് സാധാരണക്കാരായ കർഷകരാണ്. കർഷകന്റെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ രക്ഷപെടാൻ സാധിക്കുകയുള്ളൂ. കർഷക വിരുദ്ധമായ പല നിയമങ്ങളും നയങ്ങളും തിരുത്താൻ സർക്കാരുകൾ തയ്യാറാകണം. കർഷകന്റെ അവകാശങ്ങളും സുരക്ഷയും ഉറപ്പുവരുത്തണം. സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ കർഷകർ ഒറ്റക്കെട്ടായി പ്രവർത്തിക്കുവാൻ തയ്യാറാകണം ഭരണസംവിധാനങ്ങൾക്ക് പുതിയ കാർഷിക നയവും സംസ്കാരവും വളർത്തിയെടുക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം ദുരന്തത്തിൽ ജീവഹാനി സംഭവിച്ചവർക്ക് ഇൻഫാം കുടുംബത്തിന്റെ ആദരാഞ്ജലികൾ നേരുന്നു. കൃഷിനാശവും ദുരന്തങ്ങളും നേരിടേണ്ടി വന്ന കർഷകർക്ക് കൈത്താങ്ങാകാൻ നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം.

## ജില്ലാവാർത്തകൾ

7.8.18ന് ഇൻഫാം കണ്ണൂർ ജില്ലാകമ്മറ്റി ശ്രീകണ്ഠാപുരം പാരീഷ് ഹാളിൽ ചേർന്നു. ജില്ലാ പ്രസിഡന്റ് സ്കറിയ നെല്ലംകുഴിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കാവനാടിയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ സണ്ണി തുണ്ടത്തിൽ, ജോസ് പൊഴിയാത്ത്, ജോസ് താന്നിക്കൽ, ഷാജി തെക്കേക്കര എന്നിവർ പ്രസംഗിച്ചു.

## തീരുമാനങ്ങൾ

- മേഖലാ കമ്മറ്റികൾ സമയബന്ധിതമായി ചേരുകയും മെമ്പർഷിപ്പ് വിതരണം നടത്താനും തീരുമാനിച്ചു.
- സ്വതന്ത്ര കർഷക സംഘടനയുടെ സംയുക്ത വേദിയായ ദേശീയ കർഷക മഹാസഖ് നേതാക്കൾക്ക് (സമരജാഥയ്ക്ക്) ഇരിട്ടിയിൽ സ്വീകരണം നല്കാൻ തീരുമാനിച്ചു.

- ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് കേരളത്തിലെ പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും കർഷകർക്ക് ഈ ദുരവസ്ഥയിൽനിന്ന് കരകയറാൻ പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ ആസ്ഥാനത്ത് ഇൻഫാമിന്റെ നേതൃത്വത്തിൽ ഉപവാസയജ്ഞം നടത്താൻ തീരുമാനിച്ചു.

## മഴക്കുഴിനിർമ്മാണം

ഇൻഫാം വിമലശ്ശേരി യൂണിറ്റിന്റെ നേതൃത്വത്തിൽ 250 മഴക്കുഴികൾ നിർമ്മിക്കുകയുണ്ടായി വിമലശ്ശേരി വികാരി, ഇൻഫാം ഭാരവാഹികൾ, മേഖലാ പ്രസിഡന്റ് ജോജി ആനിത്തോട്ടത്തിൽ എന്നിവർ നേതൃത്വം നല്കി.

## ജൈവകർഷക സെമിനാർ

കരിക്കോട്ടക്കരി ഇൻഫാം യൂണിറ്റിന്റെ മാതൃവേദിയുടെയും സംയുക്തമായി അടുക്കളത്തോട്ടം എന്ന വിഷയത്തിൽ സെമിനാർ നടത്തുകയുണ്ടായി. സെമിനാറിൽ പങ്കെടുത്തവർക്ക് വിത്ത് വിതരണം നടത്തി. ഫാ. ജോസഫ് കാവനാടി നേതൃത്വം നല്കി.

ഇൻഫാം ചെമ്പേരി യൂണിറ്റിന്റെ നേതൃത്വത്തിൽ ചെമ്പേരി പാരീഷ് ഹാളിൽ ജൈവകർഷക സെമിനാർ നടന്നു. ജൈവകൃഷിയെക്കുറിച്ചും വിവധ ഇലക്കറികളെക്കുറിച്ചും ക്ലാസ്സ് എടുത്തു. ഫൊറോന വികാരി ഫാ. ജോർജ് കാഞ്ഞിരക്കാട്ട് നേതൃത്വം നല്കി.

## വിത്ത് വിതരണം

കണ്ണൂർ ഹോളി ഫാമിലി പാരീഷ് ഹാളിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ അടുക്കളത്തോട്ടം പദ്ധതിയുടെ ഭാഗമായി ജൈവകർഷകസെമിനാറും ഇടവകയിലെ മുഴുവൻ ഭവനങ്ങളിലും പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും ചെയ്തു.

## സന്ദർശനം നടത്തി

പ്രളയ ദുരന്തം വഹിച്ച മലയോര മേഖലകളിലെ വിവിധപ്രദേശങ്ങൾ ഇൻഫാം ഡയറക്ടർ ഫാ. ജോസഫ് കാവനാടി, സ്കറിയ നെല്ലംകുഴി, ഷാജി തെക്കേക്കര എന്നിവരുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

# പ്രതീക്ഷ: ലഹരിവിമോചന ചികിത്സാകേന്ദ്രം

## 1. ആരോഗ്യ വിദ്യാഭ്യാസം

തലശ്ശേരി BKJM നേഴ്സിംഗ് സ്കൂളിലെ വിദ്യാർത്ഥികൾ ചികിത്സാ സെന്ററിൽവച്ച് മദ്യം വരുത്തുന്ന ശാരീരികരോഗങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

## 2. ആറളം ഫാമിലെ സ്കൂളിൽ പ്രതീക്ഷയോടെ

പ്രതീക്ഷയുടെ ആഭിമുഖ്യത്തിൽ ആറളം ഫാമിലെ ഗവ.ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾക്കായി അർധദിന ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി നടത്തപ്പെട്ട സെമിനാറിൽ ഡെയ്സി (HM) സ്വാഗതം ആശംസിച്ചു. ക്ലാസ്സുകൾക്ക് ഡയറക്ടർ ഫാ. ജോൺസൺ നേതൃത്വം നല്കി. മാത്യു എം. കണ്ടത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വേണു കെ.എൻ നന്ദിയും പറഞ്ഞു - 200 ലധികം കുട്ടികൾ പങ്കെടുത്തു.

## 3. കാഞ്ഞങ്ങാട് സൗത്ത് സ്കൂളിൽ ലഹരിവിരുദ്ധ ക്യാമ്പയിൻ

ഓഗസ്റ്റ് 1-ന് കാഞ്ഞങ്ങാട് സൗത്ത് ഗവ. എച്ച്.എസ്.എസിൽ വച്ച് ലഹരിവിരുദ്ധ ക്യാമ്പയിൻ നടത്തപ്പെട്ടു. ബേബി ടീച്ചർ അധ്യക്ഷത വഹിച്ചു. ഉണ്ണികൃഷ്ണൻ (വാർഡ് മെമ്പർ) ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു. ക്ലാസ്സുകളും ചോദ്യോത്തരവേളയും ഫാ. ജോൺസൺ അന്ത്യാംകുളം നയിച്ചു. എം. ലീലാവതി, ഹരിദാസ്, ലിസി ജേക്കബ് എന്നീ അധ്യാപകർ പ്രസംഗിച്ചു. ഹൈസ്ക്കൂൾ കുട്ടികൾ മുഴുവനും ക്യാമ്പയിനിൽ പങ്കാളികളായി.

## 4. ബോധവൽക്കരണ ക്ലാസ് സെന്ററിൽ

2-ാം തീയതിയിൽ ചികിത്സാകേന്ദ്രത്തിൽവച്ച് പിണറായി പോലീസ് സ്റ്റേഷനിലെ ശ്രീനിവാസൻ, ജനമൈത്രിപോലീസും സാമൂഹ്യപ്രതിബദ്ധതയും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

## 5. തൊഴിലധിഷ്ഠിത പരിശീലനം

സെന്ററിൽവച്ച് സ്റ്റാഫിനും ചികിത്സാർത്ഥികൾക്കുമായി സോപ്പും അനുബന്ധസാധനങ്ങളും ഉണ്ടാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകി. തലശ്ശേരി ടി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പരിശീലന പരിപാടിയിൽ ട്രെയിനർ ലിസി ക്ലാസ്സെടുത്തു. ചടങ്ങിൽ ഫാ. ഡയറക്ടർ, സി. എത്സീന എന്നിവർ പ്രസംഗിച്ചു.

## 6. ആദരാഞ്ജലികൾ

പ്രതീക്ഷയുടെ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്ന ജയ്സൺ മർക്കോസ് സാറിന്റെ നിര്യാണത്തിൽ പ്രതീക്ഷ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും സ്റ്റാഫും അനുശോചിച്ചു. വീട്ടിലും പള്ളിയിലും അംഗങ്ങൾ സന്നിഹിതരായി റീത്തു വയ്ക്കുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

## 7 . A.A സമ്മേളനം

ഓഗസ്റ്റ് 5ന് ചികിത്സാസെന്ററിൽവച്ച് പ്രവർത്തനവർഷത്തെ അഞ്ചാമത്തെ എ.എ സമ്മേളനം നടത്തപ്പെട്ടു. ടി.സി. തോമസ് അധ്യക്ഷത വഹിച്ചു. അതിരൂപതാ സി. എം. എൽ ഡയറക്ടർ ഫാ. ബിനീഷ് വേങ്ങക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സി. ഡോ. പ്രിൻസി ജോസഫ് എം.എസ്.എം.ഐ മദ്യപാനവും ആയുർവേദചികിത്സയേയും സംബന്ധിച്ച് ക്ലാസ്സെടുത്തു. ഇ.വി. നാരായണൻ, ജയന്തി ടീച്ചർ, സത്യൻ(മാഹി) സെബാസ്റ്റ്യൻ(വയനാട്) ബാലചന്ദ്രൻ (കാഞ്ഞങ്ങാട്) മധു നീലേശ്വരം തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം, സി. തെരേസ്, മനുമാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു.

## 8. ലഹരിവിരുദ്ധ ക്യാമ്പയിൻ വെള്ളരിക്കുണ്ടിൽ

പ്രതീക്ഷയുടെ ആഭിമുഖ്യത്തിൽ വെള്ളരിക്കുണ്ട് സെന്റ് ജോസഫ് യു.പി. സ്കൂളിൽവച്ച് ലഹരിവിരുദ്ധറാലിയും ലഹരി വസ്തുക്കളുടെ ഹോമവും ലഹരിവിരുദ്ധക്ലാസ്സും നടത്തപ്പെട്ടു. ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സെടുത്തു. ഫാ. ഡെന്നീസ് നെച്ചിത്താനം അദ്ധ്യക്ഷത വഹിച്ചു. ബെൻസി ടീച്ചർ സ്വാഗതവും നോബിൾ ജോസ് നന്ദിയും പറഞ്ഞു. സി. ആഗ്നസ്, സബിൻ ജോസ്, എന്നിവർ നേതൃത്വം നല്കി. എല്ലാം ഭംഗിയായി ക്രമീകരിച്ച എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും ഹൃദ്യമായ നന്ദി.

## 9. അറിയിപ്പ്

നമ്മുടെ ചികിത്സാസെന്ററിൽ ചികിത്സയിൽ കഴിയുന്നവരുടെ വീടു സന്ദർശനവും ഫോൺ കോൺടാക്റ്റും തുടരുന്നതുപോലെ എല്ലാമാസവും ആദ്യഞായറാഴ്ചയിലെ എ.എ. സമ്മേളനത്തിലേക്ക് പ്രതീക്ഷാ സെന്ററിലേക്ക് മുൻ ചികിത്സാർത്ഥികളെ പറഞ്ഞുവിടാൻ മാന്യവായനക്കാർ ശ്രദ്ധിക്കുമല്ലോ.

## 10. ലഹരിവിരുദ്ധ ക്യാമ്പയിൻ

നമ്മുടെ സ്കൂളുകളിലോ, സംഘടനാതലങ്ങളിലോ, ഇടവകാത ലത്തിലോ, ക്ലാസ്സ്, സെമിനാർ എന്നിവയിലൂടെയുള്ള ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് നടത്തിയാൽ ഏറെ ഉപകരിക്കും. താല്പര്യ പ്പെടുന്നവർക്ക് പ്രതീക്ഷാ സ്റ്റാഫും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ആവശ്യമായ നേതൃത്വം നൽകുന്നതാണ്. ബന്ധപ്പെടാൻ 0490 2 388 057, 388957, 9400933934, 9207475564 എന്നീ നമ്പറുകളും ഉപയോഗിക്കാവു ന്നതാണ്.

സ്നേഹത്തോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ



# സെൻ്റ് വിൻസെൻ്റ് ഡി പോൾസൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു." (അപ്പ : 2/44)*

ഈ വർഷത്തിലെ കാലവർഷക്കെടുതിയിൽ പ്രത്യേകിച്ച്, കുട്ടനാട്ടിലെ ദുരന്തത്തിൽപ്പെട്ടവരിൽ നല്ലൊരുവിഭാഗം ആളുകൾ സെൻ്റ് വിൻസെൻ്റ് ഡി പോൾ സൊസൈറ്റിഅംഗങ്ങളും ഉപകാരികളുമാണ്. ആറ് ഏരിയാ കൗൺസിലുകളും നൂറിൽപരം കോൺഫറൻസുകളും ഉൾപ്പെടുന്ന പ്രദേശങ്ങൾ പൂർണ്ണമായും ദുരന്തത്തിൽപ്പെടുകയും നമ്മുടെ സഹപ്രവർത്തകാരായ അംഗങ്ങളും അവരുടെ കുടുംബവും ഉൾപ്പെടുന്ന സമൂഹം ദുരന്തത്തിൻ്റെ കെടുതികൾ അനുഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരുണത്തിൽ ആദിമക്രൈസ്തവരെപ്പോലെ നമ്മുടെ ക്രൈസ്തവചൈതന്യവും വിൻസെൻഷ്യൽ കൂട്ടായ്മയും ഉൾകൊണ്ട് ഉണർന്ന് പ്രവർത്തിക്കുവാൻ നമുക്ക് കടമയുണ്ടെന്ന് ഓർമ്മിക്കാം. കുട്ടനാട് ദുരന്തത്തിൽപ്പെട്ട് സഹനമനുഭവിക്കുന്നവരെ സഹായിക്കുവാൻ നമ്മെയും യേശുനാഥൻ ക്ഷണിക്കുന്നു.

29-07-2018 ന് ചേർന്ന തലശ്ശേരി സെൻട്രൽ കൗൺസിൽ ഡയറക്ടർ ബോർഡിൻ്റെ അടിയന്തരയോഗം നമ്മുടെ സിസിയിലെ എല്ലാ കോൺഫറൻസുകളും കുട്ടനാട് ദുരിതാശ്വസത്തിനായി അംഗങ്ങളുടെ പക്കൽനിന്ന് ഒരു പ്രത്യേക സംഭാവന സ്വരൂപിച്ച് കുട്ടനാട്ടിലെ എസി പ്രസിഡൻ്റുമാർ മുഖേന സഹായമെത്തിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഇത്തരത്തിൽ പ്രത്യേക സംഭാവനയായി ലഭിക്കുന്ന തുക എസി പ്രസിഡൻ്റുമാർ മുഖാന്തരം സിസിയിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എസി പ്രസിഡൻ്റുമാർ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

നമ്മുടെ സിസിയുടെ നൽപതാംവാർഷികാഘോഷവും റൂബി ജൂബിലി സമാപന സമ്മേളനവും വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചതിൽ സന്തോഷിക്കുകയും എല്ലാവരുടെയും സഹകരണം അനുസ്മരിച്ചുകൊണ്ട് ദൈവത്തിന് നന്ദിപറയുകയും ചെയ്യുന്നു. റൂബി ജൂബിലി ഭവനപദ്ധതി പ്രകാരം 16 എസികളിലൂടെ 60 ഭവനങ്ങൾ നിർമ്മിച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിൻ്റെ സ്മരണയ്ക്കായ് സമർപ്പിച്ച് ജാതിമതഭേതമെന്യേ 60 നിർദ്ധന കുടുംബങ്ങൾക്ക് നാം നൽകുകയാണ്. ഈ സദുദ്യമത്തിൽ സഹകരിച്ച എല്ലാ അംഗങ്ങളെയും ഭാരവാഹികളെയും അഭിനന്ദിക്കുയും സംഭാവന നല്കുകയും മറ്റുവിധത്തിലും സഹകരിച്ച എല്ലാവർക്കും നന്ദി പറയുകയും ചെയ്യുന്നു.

K.R.C.C. യുടെ മേൽനോട്ടത്തിൽ നാഷണൽ പ്രസിഡന്റ് ബ്ര.ഡോ. ജോൺസൺ വർഗ്ഗീസിന്റെ നിർദ്ദേശാനുസരണം കാഴ്ചയില്ലാത്ത സഹോദരർക്ക് കാഴ്ച നൽകുന്നതിന് മരണശേഷം നേത്രപടലം സംഭാവന ചെയ്യുന്ന "പ്രോജക്ട് വിഷൻ" എന്ന പദ്ധതിയും നാം നടപ്പിലാക്കുകയാണ്. റൂബി ജൂബിലി സമാപനസമ്മേളനത്തിൽ വച്ച് ഈ പദ്ധതിയുടെ പ്രഖ്യാപനം നാഷണൽ ഡയറക്ടർ റവ. ഫാ. ജോർജ് കണ്ണന്താനത്തിന് ലോഗോ നൽകികൊണ്ട് നാഷണൽ പ്രസിഡന്റ് ബ്ര. ഡോ. ജോൺസൺ വർഗ്ഗീസ് നിർവ്വഹിച്ചു. പദ്ധതി വിജയപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ കോൺഫറൻസ് മെമ്പർമാരുടെയും, എസി ഭാരവാഹികളുടെയും സഹകരണവും അക്ഷീണപരിശ്രമവും ഉണ്ടാകണമെന്ന് മുൻകൂട്ടി അഭ്യർത്ഥിക്കുന്നു.

## പെരുമ്പടവ് എസി

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തലശ്ശേരി അതിരൂപതയിലെ റൂബി ജൂബിലി ഭവനം പെരുമ്പടവ് എസിയിൽ വെള്ളരിയാനം ഹോളിക്രോസ് ഇടവകയിൽ ഇടവകാംഗം ശ്രീ. ബിജു ആലപ്പാട്ടിന് 6 ലക്ഷത്തിൽപരം രൂപ ചിലവഴിച്ച് വീട് നിർമ്മിച്ച് നൽകി.

28-07-2018ന് ശനിയാഴ്ച രാവിലെ 10.30ന് ഇടവക വികാരി ഫാ. മുല്ലപ്പള്ളിയുടെ സാന്നിദ്ധ്യത്തിൽ മേരിഗിരി ഫൊറോന വികാരി റവ. ഫാ. മാത്യു മണിമലത്തറപ്പേൽ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. തദവസരത്തിൽ പെരുമ്പടവ് എസി പ്രസിഡന്റ് ബ്ര. ജോസഫ് പുതുപ്പള്ളിൽ ഭാരവാഹികൾ കോൺഫറൻസ് അംഗങ്ങൾ കൈക്കാരന്മാർ ഇടവകാസമൂഹവും പങ്കെടുത്തു.

തുടർന്ന് പെരുമ്പടവ് എസി പ്രസിഡന്റും കൈക്കാരന്മാരുംചേർന്ന് ശ്രീ. ബിജുവിന് ഭവനത്തിന്റെ താക്കോൽ കൈമാറി നൂറിൽപരം അംഗങ്ങൾ പങ്കെടുത്തു.

## വായാട്ടുപറമ്പ എസി സെമിനാർ

വായാട്ടുപറമ്പ് എസിയുടെ 2018-19 വർഷത്തെ ആദ്യത്തെ ആധ്യാത്മിക സെമിനാർ ഓഗസ്റ്റ് 9 2018 ന് വായാട്ടുപറമ്പ സെന്റ് ജോസഫ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. എസി പ്രസിഡന്റ് ബ്ര. ജോസഫ് ചൊറുക്കാവിൽ സെമിനാറിൽ അധ്യക്ഷത വഹിച്ചു. എസി സീനിയർ വൈസ് പ്രസിഡന്റ് ബ്ര. തോമസ് പുത്തൻപുര സ്വാഗതം ആശംസിച്ചു. സെന്റ് ജോസഫ് വായാട്ടുപറമ്പ അസി. വികാരി ഫാ. വർഗ്ഗീസ് വെട്ടിയാനിക്കാൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. ജോൺ കണിയാംപാലയ്ക്കൽ (പ്രീസ്റ്റ് ഹോം) നടത്തിയ ആത്മീയപ്രഭാഷണം പ്രവർത്തകർക്ക് കൂടുതൽ ഉണർവ്വ് നല്കുവാൻ ഉതകുന്നതായിരുന്നു. ബ്ര. ബാബു പീടികയിൽ സെമിനാറിൽ പങ്കെടുത്തവർക്ക് നന്ദിപ്രകാശിച്ചു. എസി സെക്രട്ടറി സി. ലീലാമ്മ ജോർജ് സെമിനാറിന് നേതൃത്വം നൽകി. 72 അംഗങ്ങൾ പങ്കെടുത്തു. ദിവ്യബലിയോടുകൂടി ആരംഭിച്ച സെമിനാർ സ്നേഹവിരുന്നോടുകൂടി പര്യവസാനിച്ചു.

## ആലക്കോട് എസി സെമിനാർ

ആലക്കോട് എസിയുടെ 2018-19 വർഷത്തെ ആദ്യ സെമിനാർ കുട്ടാപ റമ്പ് ലിറ്റിൽഫ്ളവർ ദൈവാലയത്തിൽ 11-08-2018 ശനിയാഴ്ച നടത്തപ്പെട്ടു. എസിപ്രസിഡന്റ് ബ്ര. സി.എം. മാത്യു ചിറപ്പുറം അധ്യക്ഷതവഹിച്ചു. ഇട വകവികാരി ഫാ. മാത്യു നരിക്കുഴി സെമിനാർ ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് ക്ലാസ്സ് നയിച്ചു. ബ്ര. സിബിച്ചൻ അബ്രാഹം പുലിയുറുമ്പിൽ സ്വാഗ തവും ബ്ര. റോയിച്ചൻ ചീങ്കല്ലേൽ നന്ദിയും പറഞ്ഞു. ബ്ര. ജോൺ കളപ്പുര, ബ്ര. ടോമി തൈക്കൂട്ടം, സി. ലില്ലിമാത്യു ചിറപ്പുറം എന്നിവർ പ്രാർത്ഥന ചൊല്ലുകയും ജ്ഞാനവായന നടത്തുകയും ചെയ്തു.

## നെല്ലിക്കാംപൊയിൽ എസി

**ഇരിട്ടി:** സെന്റ് വിൻസെന്റ് ഡി പോൾ സെന്റ് ജോസഫ് കോൺഫ റൻസ് നിർമ്മിച്ച റൂബി ജൂബിലി ഭവനം 15.08.2018ന് സെന്റ് ജോസഫ് പള്ളിവികാരി ഫാ. ജോസഫ് മഞ്ചപ്പള്ളി അച്ചൻ വെഞ്ചരിപ്പ് കർമ്മം നിർവ്വ ഹിച്ചു. സിസി പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിൽ ഭവനത്തിന്റെ താക്കോൽ വികാരിയച്ചന് കൈമാറി. തദവസരത്തിൽ ഫാ. ബിജു സിഎസ്ടി, ബ്ര. എമ്മാനുവൽ, എസി പ്രസിഡന്റ് ബ്ര. ലൂക്കോസ് കണിപ്പള്ളി, കോൺഫ റൻസ് പ്രസിഡന്റ് ബ്ര. വത്സൻ കുറുന്തോട്ടം എന്നിവർ പ്രസംഗിച്ചു. കോൺഫറൻസ് അംഗമായ ബ്ര. ജോമി കൊട്ടുകാപ്പള്ളി ദാനമായി നൽകിയ സ്ഥലത്ത് അഞ്ചുലക്ഷത്തിൽപരം രൂപ ചിലവഴിച്ച് നിർമ്മിച്ച ഭവനം ഇടവ കാംഗമായ അച്ചാമ്മ പുളിക്കതടത്തിന് കൈമാറി. ഈ സന്തോഷമുഹൂർത്ത ത്തിൽ കോൺഫറൻസ് അംഗങ്ങൾ ബഹു. സിസ്റ്റേഴ്സ് ഇടവകാംഗങ്ങൾ പങ്കെടുത്തു.

## വായാട്ടുപറമ്പ എസി

റൂബി ജൂബിലിയോടനുബന്ധിച്ചുള്ള വായാട്ടുപറമ്പ എസിയുടെ രണ്ടാ മത്തെ ഭവനത്തിന്റെ ആശീർവാദവും താക്കോൽ ദാനവും ഓഗസ്റ്റ് 18 2018 നടന്നു. ഈ ഭവനം ലിറ്റിൽ ഫ്ളവർ കോൺഫറൻസ് കരുവഞ്ചാൽ പുരുഷ വനിതാ കോൺഫറൻസുകളുടെ സംഘടിതമായ പ്രയ്നത്തിന്റെ ഫലമാ യിട്ടാണ്. ലിറ്റിൽ ഫ്ളവർ പള്ളിവികാരി ഫാ. മാത്യു പാലമറ്റം ഭവനത്തിന്റെ ആശീർവാദവും താക്കോൽദാനവും നടത്തി. ആശീർവാദചടങ്ങിൽ പുരുഷ, വനിതാ, കോൺഫറൻസ് പ്രസിഡന്റുമാരും എല്ലാ സംഘടനാ അംഗ ങ്ങൾക്കൊപ്പം എസി പ്രസിഡന്റ് ബ്ര. ജോസഫ് ചൊറുക്കാവിൽ, എസി സീനിയർ വൈസ് പ്രസിഡന്റ് ബ്ര. തോമസ് പുത്തൻപുരയും പങ്കെടുത്തു. 950 സ്ക്വയർ ഫീറ്റ് ഉള്ള ഭവനത്തിന് 7,68,000 രൂപ ചിലവായി.

| | |
|---|---|
| **ഫാ.ജോസഫ് കാക്കരമറ്റത്തിൽ** | **ബ്ര.ബാബു ജോസഫ് കൊട്ടാരത്തിൽ** |
| ആത്മീയ ഉപദേഷ്ടാവ് | സിസി പ്രസിഡന്റ് |

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## ശ്രീ ജയ്സൺ മർക്കോസ്-സ്നേഹാഞ്ജലികൾ

കഴിഞ്ഞ നാലുപതിറ്റാണ്ടിലേറെ മദ്യത്തിനും മറ്റ് ലഹരിവസ്തുക്കളുടെ ഉപയോഗത്തിനുമെതിരെ സംസ്ഥാനത്ത് നടന്ന പോരാട്ടങ്ങളിലെ മുന്നണിപ്പോരാളിയായിരുന്നു ആഗസ്റ്റ് 3ന് പുലർച്ചെ നമ്മോടു വിടപറഞ്ഞ ശ്രീ ജയ്സൺ മർക്കോസ്. അദ്ദേഹത്തിന്റെ ദേഹവിയോഗംമൂലം തലശ്ശേരി അതിരൂപതാ മദ്യവർജ്ജന മദ്യവിരുദ്ധ പ്രസ്ഥാനത്തിനുണ്ടായ നഷ്ടം നികത്താനാവാത്തതാണ്.

അദ്ദേഹത്തിന്റെ ആകസ്മികനിര്യാണത്തിൽ അതിരൂപത മദ്യവിരുദ്ധ കുടുംബം വേദനിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ധർമ്മിണിയുടെയും മക്കളുടെയും ദുഃഖത്തിൽ പങ്കുചേരുകയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിനേരുന്നു. പ്രാർത്ഥിക്കുന്നു.

## ലഹരിക്കെതിരെ ബഹുജനമുന്നേറ്റം

2018 ആഗസ്റ്റ് 11ന് ശനിയാഴ്ച ആലക്കോടുവച്ച് നടത്താൻ തീരുമാനിച്ചിരുന്ന ബിഷപ്പ് വള്ളോപ്പിള്ളി ജയന്തി ആചരണവും പുരസ്കാരസമർപ്പണവും ലഹരിക്കെതിരെയുള്ള ബഹുജനമുന്നേറ്റവും പ്രതികൂല കാലാവസ്ഥയും പ്രളയക്കെടുതികളുംമൂലം മറ്റൊരു അവസരത്തിലേയ്ക്ക് മാറ്റിവച്ചതായി അറിയിക്കുന്നു. തന്മൂലമുണ്ടായ അസൗകര്യങ്ങൾക്ക് ഖേദം അറിയിക്കുന്നു.

## പ്രളയകെടുതികൾക്ക് ഒരു കൈത്താങ്ങ്

കുട്ടനാട്ടിൽ മഴക്കെടുതിമൂലം ദുരിതമനുഭവിക്കുന്ന വിദ്യാർത്ഥികൾക്കായി തോമാപുരം സെന്റ് തോമസ് ഹയർ സെൻക്കന്ററി സ്കൂളിലെ എഡിഎസ്യു അംഗങ്ങൾ പഠനോപകരണ കിറ്റുകൾ സമ്മാനിച്ചു. എഡിഎസ്യു ആനിമേറ്റർ ശ്രീമതി മിനി തോമസിന്റെ നേതൃത്വത്തിൽ സമാഹരിച്ച പണവും പഠനോപകരണങ്ങളും സ്കൂൾ പ്രിൻസിപ്പാൾ ശ്രീ ഫിലിപ്പ് ജോസ് നല്ല പാഠം കോർഡിനേറ്റർ ശ്രീമതി സിജി അഗസ്റ്റിൻ വഴി മനോരമയെ ഏൽപ്പിച്ചു. ചടങ്ങിൽ സ്റ്റാഫ് സെക്രട്ടറി ശ്രീ. ഫാബിയൻ കെ.എ. പ്രസംഗിച്ചു. കുമാരി സ്നേഹമോൾ ഷാജി നന്ദി പറഞ്ഞു.

## എഡിഎസ് യു സ്ഥാപന ദിനാചരണം- തോമാപുരം ഹൈസ്കൂൾ

എഡിഎസ്യു സ്ഥാപനദിനമായ ആഗസ്റ്റ് 13 സെന്റ് തോമസ് ഹൈസ്കൂളിൽ (തോമാപുരം) ആചരിച്ചു. പതാകവന്ദനം, പ്രതിജ്ഞ, പൊതുസമ്മേളനം എന്നിവ നടത്തി. പ്രളയദുരന്തം അനുഭവിക്കുന്നവരെ അനുസ്മരിക്കുകയും പ്രാർത്ഥനാവരാചരണത്തിന്റെ ഉദ്ഘാടനം ഹയർസെ

ക്കന്ററി സ്കൂൾ അധ്യാപകൻ ശ്രീ സ്ക്കറിയ സാർ നടത്തി. എഡിഎസ് യു ആനിമേറ്റർമാരായ സോളിയ സെബാസ്റ്റ്യൻ, മിനി തോമസ് എന്നിവർ പ്രസം ഗിച്ചു. എഡിഎസ്‌യു സെക്രട്ടറി നന്ദി പറഞ്ഞു.

തോമാപുരം സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂളിലും എഡിഎസ് യു സ്ഥാപനദിനാചരണവും മഴക്കെടുതിയാൽ ദുരിതമനുഭവിക്കുന്നവർക്കു വേണ്ടിയുള്ള പ്രാർത്ഥനാവാരാചരണത്തിന്റെ ഉദ്ഘാടനവും നടത്തി. ശ്രീ സക്കറിയാസ് എബ്രഹമാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. കുമാരി അലീന സെബാസ്റ്റ്യൻ, കുമാരി അശ്വനി സാബു എന്നിവർ പ്രസംഗിച്ചു. കുമാരി തെരേസ പ്രിൻസ് അദ്ധ്യക്ഷം വഹിച്ചു. കുമാരി ജാസ്മിൻ ജോളി സ്വാഗതം ആശംസിച്ചു. എഡിഎസ്‌യു ആനിമേറ്റർ മിനി തോമസ് നേതൃത്വം നൽകി.

## മദ്യവിരുദ്ധ സമിതി യൂണിറ്റുകൾ

**ആലക്കോട് മേഖലാ ഭാരവാഹികൾ :** പ്രസിഡന്റ്-റോജി വീട്ടിയാങ്കൽ,വൈസ് പ്രസിഡന്റ്-ബേബി ചേരോലിക്കൽ, ജന. സെക്രട്ടറി-ജോഷി കാഞ്ഞിരത്തുങ്കൽ സെക്രട്ടറി-മാത്തുക്കുട്ടി പാലപ്പള്ളിൽ ട്രഷറർ-ജിജി മൂന്നാനപ്പള്ളിൽ **ഉദയഗിരി :** പ്രസിഡന്റ്-സജി മുളയന്നൂർ ജന. സെക്രട്ടറി - ബെന്നി മനയാനിക്കൽ **കാർത്തികപുരം:** പ്രസിഡന്റ്-അലക്സ് മാമ്പള്ളിൽ വൈസ് പ്രസിഡന്റ്-റോബിൻസ് പെട്ടപ്പുഴ ജന. സെക്രട്ടറി-മത്തായി വീട്ടിയാങ്കൽ സെക്രട്ടറി-പയസ് വേലമ്മാരുകുടിയിൽ ട്രഷറർ-മൈക്കിൾ മണക്കാട്ട് **ചീക്കാട് :** പ്രസിഡന്റ്-ആന്റണി മുത്തുമാക്കുഴി വൈസ് പ്രസിഡന്റ്-തോമസ് മാപ്പലകയിൽ **കാപ്പിമല:** പ്രസിഡന്റ്-തോമസ് പാലക്കുഴ വൈസ് പ്രസിഡന്റ്-ബാബു ചൊറുക്കാവിൽ ജന. സെക്രട്ടറി-ബിജു താന്നിപ്പാറ ട്രഷറർ-റിജോ മഞ്ഞപ്പള്ളി **മാമ്പോയിൽ:** പ്രസിഡന്റ്-ഷിജു പുതുപ്പള്ളിൽ വൈസ് പ്രസിഡന്റ്-ജോമോൻ തുരുത്തേൽ ജന. സെക്രട്ടറി-തോമസ് ഇടക്കരക്കണ്ടത്തിൽ സെക്രട്ടറി-സേവ്യർ നരിതൂക്കിൽ ട്രഷറർ-മാത്യൂസ് പാലപ്പള്ളിൽ **പരപ്പ :** പ്രസിഡന്റ്-ബെന്നി വശക്കൻ വൈസ് പ്രസിഡന്റ്-സാബു ഒഴുകയിൽ ജന. സെക്രട്ടറി-ജിജി മൂന്നാനപ്പള്ളി സെക്രട്ടറി-ജേക്കബ് ഇളയാനിതോട്ടം **ഒറ്റത്തൈ :** പ്രസിഡന്റ്-സണ്ണി പാലത്തിങ്കൽ ജന. സെക്രട്ടറി-ബിജു കുപ്പോഴക്കൽ ട്രഷറർ-സിബി പാലത്തിങ്കൽ **മണക്കടവ് :** പ്രസിഡന്റ്-ആന്റണി രാമനാട്ട് വൈസ് പ്രസിഡന്റ് -റോയി ചിറപ്പുറത്ത് ജന. സെക്രട്ടറി-സജി കാവിൽപുരയിടം

**പേരാവൂർ:** പ്രസിഡന്റ്-ജോർജ് തെക്കയിൽ വൈസ് പ്രസിഡന്റ് -ജോൺസൺ പൊട്ടക്കൽ ജന. സെക്രട്ടറി-ജോസ് കണയങ്കൽ സെക്രട്ടറി-ജോക്കബ് മുതുകുളം ട്രഷറർ-ജോസ് കളപ്പുര **പൂളക്കുറ്റി:** പ്രസിഡന്റ്-ജോളി വെള്ളക്കട വൈസ് പ്രസിഡന്റ്- ഷൈജു കീച്ചേരി ജന. സെക്രട്ടറി-ബാബു ഇളംപുരയിടത്തിൽ ട്രഷറർ-ചാർളി ആറുമാക്കൽ **കോളയാട് :** പ്രസിഡന്റ്-ജോയി കുര്യാങ്കൽ വൈസ് പ്രസിഡന്റ്-അബ്രാബം മാടപ്പാട്ട് ജന. സെക്രട്ടറി-പോൾ മണലിൽ സെക്രട്ടറി-തോമസ് കണവല ട്രഷറർ-ജോസ് കുടക്കച്ചിറ **ചെട്ടിയാംപറമ്പ് :** പ്രസിഡന്റ്-ഷിനോജ് തയ്യിൽ വൈസ്

പ്രസിഡന്റ്-ഗ്രെയ്സൺ ഉള്ളാഹയിൽ ജന. സെക്രട്ടറി-ജോൺസൺ തേനാകര സെക്രട്ടറി-സജി പാലത്തിങ്കൽ ട്രഷറർ സി.വി. വർഗീസ് പെരുമത്ര **പെരുമ്പുന്ന :** പ്രസിഡന്റ്-ജോണി ചേക്കാമറ്റം വൈസ് പ്രസിഡന്റ്-പോൾ മുണ്ടോളിക്കൽ ജന. സെക്രട്ടറി-ബേബി കുന്നുംപുറത്ത് സെക്രട്ടറി-ജിജോ ഉപ്പൂറ്റിൽ ട്രഷറർ ജോസ് കുഴിപ്ലാക്കൽ.

**ആലക്കോട് മേഖലാ മുക്തിശ്രീ ഭാരവാഹികൾ :** പ്രസിഡന്റ്-ലീലാമ്മ പാറയിൽ വൈസ് പ്രസിഡന്റ്-ലിസി അരിമാലിൽ ജന. സെക്രട്ടറി-മായ കണ്ണോളിൽ സെക്രട്ടറി-മിനി പള്ളിപ്പറമ്പിൽ ട്രഷറർ-നൈസി കളപ്പുരയിൽ **ഉദയഗിരി:** പ്രസിഡന്റ്-ലിസി അരിമാലിൽ വൈസ് പ്രസിഡന്റ്-ജന. സെക്രട്ടറി-ബിന്ദു ഏറത്തേൽ **കാർത്തികപുരം:** പ്രസിഡന്റ്- റോസമ്മ എമ്പ്രായിൽ വൈസ് പ്രസിഡന്റ്-ത്രേസ്യാമ്മ മൈലംമൂട്ടിൽ ജന. സെക്രട്ടറി-ആലീസ് കൊച്ചീത്തറ സെക്രട്ടറി-മിനി പള്ളിപ്പുറത്ത് ട്രഷറർ-ജെസി അട്ടേങ്ങാട്ടിൽ **ചീക്കാട് :** പ്രസിഡന്റ്-ജാനിഷ് തുണിയമ്പ്രായിൽ വൈസ് പ്രസിഡന്റ്-മിനി അടക്കാപ്പാറ ജന. സെക്രട്ടറി-ലൗലി ചോലയിൽ ട്രഷറർ-ആൻസി മാമ്പുഴക്കൽ **കാപ്പിമല :** പ്രസിഡന്റ്-നൈസി കളപ്പുരയിൽ വൈസ് പ്രസിഡന്റ്-മോളി നാക്കുഴിക്കാട്ട് ജന. സെക്രട്ടറി-മിനി വരിക്കനാനിക്കുഴി സെക്രട്ടറി-അൽഫോൻസ മുട്ടത്തുകുന്നേൽ ട്രഷറർ-സോണിയ കൊല്ലക്കൊമ്പിൽ **മാമ്പോയിൽ:** പ്രസിഡന്റ്-ഷാലറ്റ് മാപ്രക്കാവിൽ വൈസ് പ്രസിഡന്റ്-മേരിക്കുട്ടി കിഴക്കേൽ ജന. സെക്രട്ടറി-സോണിയ കാവുംപുറം സെക്രട്ടറി-ഷീന പാഴുകുന്നേൽ ട്രഷറർ-സിനി കളപ്പുര **പരപ്പ:** പ്രസിഡന്റ്-ജെസി ഒഴുകയിൽ വൈസ് പ്രസിഡന്റ്-സിൽവി വട്ടോത്തുകുന്നേൽ ജന. സെക്രട്ടറി-സിനി പനമറ്റം സെക്രട്ടറി-മോളി മണിയംപ്രായിൽ **ഒറ്റത്തൈ:** പ്രസിഡന്റ്-ഉഷ ചെറുവള്ളത്ത് വൈസ് പ്രസിഡന്റ്-സിൽവി പുത്തൻപുരയിൽ ജന. സെക്രട്ടറി-ഷൈനി കരിമ്പനക്കുഴി സെക്രട്ടറി-സിജി പട്ടക്കുഴി ട്രഷറർ-മോളി മണിമല **മണക്കടവ് :** പ്രസിഡന്റ-ലിസി മേപ്രക്കാവിൽ വൈസ് പ്രസിഡന്റ്- ബെറ്റി നരിതൂക്കിൽ ജന. സെക്രട്ടറി-ലാലി പുത്തൻപുരയിൽ.

**പേരാവൂർ:** പ്രസിഡന്റ്-തങ്കം സി.എ വൈസ് പ്രസിഡന്റ് - ഷേർളി കൈപ്പംപ്ലാക്കൽ ജന. സെക്രട്ടറി-റോസിലി കാരിക്കകുന്നേൽ സെക്രട്ടറി-ഗ്രേസി വടക്കേക്കര ട്രഷറർ- റോസിലി കൂറ്റനാൽ **രാജമുടി:** പ്രസിഡന്റ്-ബിൻസി ആനിത്തോട്ടത്തിൽ വൈസ് പ്രസിഡന്റ്-നിഷ വലിയവീട്ടിൽ ജന. സെക്രട്ടറി-ജിഷ മാങ്കുഴ സെക്രട്ടറി-റെസി താന്നിപ്പള്ളി ട്രഷറർ-ലൈസമ്മ കോക്കണ്ടത്തിൽ **പെരുമ്പുന്ന:** പ്രസിഡന്റ് നൈസി അരീക്കൽ വൈസ് പ്രസിഡന്റ്-മേരി മോളത്ത് ജന. സെക്രട്ടറി-റീജ വള്ളിയിൽ സെക്രട്ടറി-ആലീസ് പാറശ്ശേരിൽ ട്രഷറർ-പുഷ്പ കൊടപ്പന.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### ആദരാഞ്ജലികൾ

പനത്തടി RCC എക്സിക്യൂട്ടിവ് അംഗവും പടിമരുത് യൂണിറ്റ് സെക്രട്ടറിയുമായിരുന്ന ശ്രീ. സേവ്യർ അറയ്ക്കലിന്റെ ആകസ്മികമായ നിര്യാണത്തിൽ TSSS കുടുംബാംഗങ്ങൾ ആദരാഞ്ജലി അർപ്പിച്ചു. സേവ്യർ ചേട്ടന്റെ ദീർഘവീക്ഷണവും നേതൃപാടവും ആത്മാർത്ഥയും എന്നും TSSS നു അനുഗ്രഹമായിരുന്നു. പരേതന്റെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

### സ്നേഹ സന്ദേശ സംഗമവും പാലിയേറ്റീവ് രോഗികൾക്കുള്ള ഓണക്കിറ്റ് വിരണവും

ടിഎസ്എസ്എസിന്റെ സഹകരണത്തോടെ നടുവിൽ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച സ്നേഹ സന്ദേശ സംഗമവും പഞ്ചായത്ത് പരിധിയിൽ താമസക്കാരായ നൂറിലധികം പാലിയേറ്റീവ് കിടപ്പുരോഗികൾക്കുള്ള ഓണക്കിറ്റ് വിതരണവും 2018 ആഗസ്റ്റ് 17നു ട്. കെ. നാരായണൻ സ്മാരക കമ്മ്യൂണിറ്റി ഹാളിൽ നച്ചു നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ. ജോസഫ് പാംപ്ലാനി ഉദ്ഘാടന കർമം നിർവഹിച്ചു. നടുവിൽ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ബേബി ഓടംപള്ളിൽ സ്വാഗതം ആശംസിച്ച ചടങ്ങിൽ നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു ബാലൻ അദ്ധ്യക്ഷത വഹിച്ചു. ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. തോമസ് തയ്യിൽ, ചെമ്പൻതൊട്ടി ഫൊറോന വികാരി ഫാ. ജോസഫ് മാണിക്കതാഴെ, ഇടവകാ വികാരി ഫാ. സെബാസ്റ്റ്യൻ വാഴക്കാട്ട്, സെന്റ് ജോസഫ് മലങ്കര ചർച്ച് വികാരി ഫാ. ഡേവിഡ് ആലുങ്കൽ, നടുവിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. എൻ. യു. അബ്ദുള്ള, കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ജോയ് കൊന്നയ്ക്കൽ തുടങ്ങിയവർ ആശദസകളർപ്പിച്ചു സംസാരിച്ചു. നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ശിവദാസൽ കെ. നന്ദി പറഞ്ഞു.

### പൊതുയോഗങ്ങൾ

മേരിഗിരി മേഖല പൊതുയോഗം 2018 ആഗസ്റ്റ് 13 നു പച്ചാണിയിൽ വച്ചു നടന്നു. പച്ചാണി ഇടവക വികാരിയും യൂണിറ്റ് ഡയറക്ടറുമായ ഫാ. റോയ് കൊച്ചാപ്പിള്ളിയുടെ അധ്യക്ഷതയിൽ TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഈ യോഗം ഉദ്ഘാടനം ചെയ്തു. ഈ യോഗത്തിൽ വച്ച് പ്രോഗ്രാം മാനേജർ ശ്രീ. സണ്ണി മൈക്കിൾ സംഘനിധി റിപ്പോർട്ടും RCC പ്രസിഡന്റ് ശ്രീ. ജോർജ് ചെട്ടിക്കുളം RCC റിപ്പോർട്ടും അവതരിപ്പിച്ചു.

വെള്ളരിക്കുണ്ട് മേഖല പൊതുയോഗം 2018 ജൂലൈ 31 നു നടന്നു. സംഘശാക്തീകരണം എന്ന വിഷയത്തിൽ TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ക്ലാസ്സ് എടുത്തു. തുടർന്ന് ചർച്ചയും നടന്നു. ഫാ. ആന്റണി തെക്കേമുറി അധ്യക്ഷത വഹിച്ച ചടങ്ങിൽ പുന്നക്കുന്ന് ഇടവക വികാരി ഫാ. ജോസഫ് തയ്യിൽ ഉദ്ഘാടനം ചെയ്തു. ഫാ. ബെന്നി നിരപ്പേൽ മുഖ്യ പ്രഭാഷണം നടത്തി. RCC സെക്രട്ടറി ശ്രീമതി. ഷൈനി RCC റിപ്പോർട്ടും മേഖല കോർഡിനേറ്റർ ശ്രീമതി. ബീന ബേബി സംഘനിധി റിപ്പോർട്ടും അവതരിപ്പിച്ചു. മികച്ച ക്രെഡിറ്റ് യൂണിയൻ യൂണിറ്റായി ഭീമനടി, പുഞ്ച യൂണിറ്റുകളെയും മികച്ച ഗ്രാമിക യൂണിറ്റായി ചുള്ളിയേയും കൊന്നക്കാടിനെയും തിരഞ്ഞെടുത്ത് അവാർഡ് നൽകി. SSLC, Plus Two പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകി ആദരിച്ചു. 86 പേർ ഈ പൊതുയോഗത്തിൽ പങ്കെടുത്തു. RCC വൈസ് പ്രസിഡന്റ് ശ്രീ. ജോസ് പേണ്ടാനം നന്ദി പറഞ്ഞു.

തോമാപുരം മേഖല പൊതുയോഗം 2018 ആഗസ്റ്റ് 8 നു നടന്നു. TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സംഘശാക്തീകരണം എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ RCC പ്രസിഡന്റ് ശ്രീ. ജോസ് മാളിയേക്കൽ സ്വാഗതമാശംസിച്ച ചടങ്ങിൽ ഫാ. അഗസ്റ്റിൻ പാണ്ടിമാക്കൽ അധ്യക്ഷത വഹിച്ചു. ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് റാത്തപ്പള്ളി മുഖ്യ പ്രഭാഷണം നടത്തി. RCC സെക്രട്ടറി ശ്രീമതി. പ്രസന്ന രാമചന്ദ്രൻ RCC റിപ്പോർട്ടും മേഖല കോർഡിനേറ്റർ ശ്രീമതി. ലിസി ജോയ് സംഘനിധി റിപ്പോർട്ടും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിറ്റുകളായ പാലാവയൽ, കുന്നുംകൈ, വരക്കാട് യൂണിറ്റുകൾക്കും തോമാപുരം ഗ്രാമികയ്ക്കും മികച്ച യൂണിറ്റിനുള്ള അവാർഡ് നൽകി. SSLC, Plus Two പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകി ആദരിച്ചു. 92 പേർ ഈ പൊതുയോഗത്തിൽ പങ്കെടുത്തു. RCC വൈസ് പ്രസിഡന്റ് ശ്രീ. സി. പി. ജോസഫ് നന്ദി പറഞ്ഞു.

ആലക്കോട് മേഖല പൊതുയോഗം 2018 ആഗസ്റ്റ് 9 നു നടന്നു. TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സംഘശാക്തീകരണം എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു. തുടർന്ന് നടന്ന പൊതുസമ്മേളനം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി. സാവിത്രി ഭാസ്ക്കരൻ ഉദ്ഘാടനം ചെയ്തു. TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആലക്കോട് അസി. വികാരി ഫാ. ജിൻസ് പെരുംനിലം മുഖ്യ പ്രഭാഷണം നടത്തി. RCC സെക്രട്ടറി ശ്രീ. സി. കെ. ദേവസ്യ RCC റിപ്പോർട്ടും മേഖല കോർഡിനേറ്റർ സി. മെർലിൻ സംഘനിധി റിപ്പോർട്ടും അവതരിപ്പിച്ചു. ഈ യോഗത്തിൽ വച്ച് മികച്ച കർഷകനുള്ള അവാർഡും മികച്ച ക്ഷീര കർഷകനുള്ള അവാർഡും നൽകി. ക്രെഡിറ്റ് യൂണിയൻ യൂണി

റ്റുകളായ പെരുംമ്പടവ്, വിളക്കന്നൂർ യൂണിറ്റുകൾക്കും ഗ്രാമിക യൂണിറ്റുക ളായ വായാട്ടുപറമ്പ്, കരുവഞ്ചാൽ യൂണിറ്റുകൾക്കും മികച്ച യൂണിറ്റിനുള്ള അവാർഡ് നൽകി. SSLC, Plus Two പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അവാർഡ് നൽകി ആദരിച്ചു. 98 പേർ ഈ പൊതുയോഗ ത്തിൽ പങ്കെടുത്തു. RCC മെമ്പർ ശ്രീമതി. പുഷ്പ നന്ദി പറഞ്ഞു.

ചെറുപുഴ മേഖല പൊതുയോഗം 2018 ആഗസ്റ്റ് 14 നു നടന്നു. TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സംഘശാക്തീകരണം എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു. RCC വൈസ് പ്രസിഡന്റ് ശ്രീ. ജോൺസൺ സ്വാഗതമാശംസിച്ച യോഗത്തിൽ ഫാ. ജോർജ് വണ്ടർകുന്നേൽ അധ്യക്ഷത വഹിച്ചു. TSSS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിര പ്പേൽ ഉദ്ഘാടനം ചെയ്തു. RCC സെക്രട്ടറി ശ്രീമതി. ലൈല അഗസ്റ്റിൻ RCC റിപ്പോർട്ടും പ്രോഗ്രാം മാനേജർ ശ്രീമതി. വൽസമ്മ ടോമി സംഘനിധി റിപ്പോർട്ടും അവതരിപ്പിച്ചു. ചൂരപ്പടവ് ക്രെഡിറ്റ് യൂണിയനും മുളപ്ര ക്രെഡിറ്റ് യൂണിയനും അരവഞ്ചാൽ ഗ്രാമിക യൂണിറ്റിനും പുളിങ്ങോം MSS യൂണി റ്റിനും മികച്ച യൂണിറ്റിനുള്ള അവാർഡ് നൽകി. SSLC, Plus Two പരീക്ഷ യിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അവാർഡ് നൽകി ആദരിച്ചു. 96 പേർ ഈ പൊതുയോഗത്തിൽ പങ്കെടുത്തു. RCC ജോയിന്റ് സെക്രട്ടറി ശ്രീമതി. ലിസി പാറടിയിൽ നന്ദി പറഞ്ഞു.

## സൗജന്യ അക്യൂ പങ്ചർ ചികിൽസയും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും

2018 ആഗസ്റ്റ് 10 നു മാലോം ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ സൗജന്യ അക്യൂ പങ്ചർ ചികിൽസയും ബോധവൽക്കരണ ക്ലാസ്സും നട ത്തി. ഡോ. സജീവ് എം. ജി. ശ്രീ. ജയ സജി എന്നിവർ നേതൃത്വം നൽകി. 100 പേർ പങ്കെടുത്തു.

## ദുരന്തബാധിത പ്രദേശ സന്ദർശനം

മലയോര മേഖലയിൽ ഉരുൾപൊട്ടലിനെ തുടർന്നുണ്ടായ പ്രളയബാധിത പ്രദേശങ്ങളും വീടുകളും തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ട്, മാർ ജോർജ് വലിയമറ്റം സഹാ യമെത്രാൻ മാർ ജോസഫ് പാംപ്ലാനി എന്നീ പിതാക്കൻമാരുടെ നേതൃത്വ ത്തിൽ ഈ രൂപതയിലെ അച്ചൻമാരും സംഘടനകളുടെ പ്രതിനിധികളും ജൂൺ 16നു കച്ചേരിക്കടവ്, കിളിയന്തറ പ്രദേശങ്ങൾ സന്ദർശിച്ചു. ഓരോ കുടുംബത്തിനും ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അവരെ സ്വാന്തനിപ്പിക്കുകയും അവർക്ക് വേണ്ട സഹായങ്ങളും സേവനങ്ങളും ലഭ്യ മാക്കുന്നതിനു വേണ്ട നടപടികൾ ചെയ്തു നൽകാമെന്നു അവർക്ക് ഉറപ്പു നൽകി.

ഓഗസ്റ്റ് 11,12 തീയ്യതികളിൽ അ ിവന്ദ്യ പിതാക്കൻമാരും വൈദികരും കച്ചേരിക്കടവ്, രണ്ടാംകടവ്, കരിക്കോട്ടക്കരി, എടപ്പുഴ, ആടാംപാറ, കാഞ്ഞിരക്കൊല്ലി, ശാന്തിനഗർ, മണിക്കടവ്, കാലാങ്കി എന്നീ സ്ഥലങ്ങളിലെ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. ഇടവക വികാരിമാരും പിതാക്കൻമാരെ അനുഗമിച്ചു.

## കൗൺസിലിംഗ് സേവനം

ഉരുൾപൊട്ടലിനെ തുടർന്നുണ്ടായ ദുരന്തങ്ങൾ മൂലം മാനസികമായി തളർന്ന കുടുംബങ്ങൾക്ക് ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനും നേരിടുവാനും പയ്യാവൂർ വില്ലേജ് ഓഫീസറുടെ ക്ഷണം സ്വീകരിച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 9 കുടുംബങ്ങൾക്ക് കൗൺസിലിംഗ് കൊടുത്തു.

## ഇടവകകളിൽ നിന്നുള്ള   ക്ഷണ ശേഖരണം

തലശ്ശേരി അതിരൂപതയിലെ അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം 200 ഇടവകകളിൽ നിന്നുമായി ഏകദേശം 500 ടൺ അരിയും 1300 കിലോഗ്രാം പയറും 4200 കിലോഗ്രാം കടലയും 12000 തേങ്ങയും 100 കിലോഗ്രാം വെളിച്ചെണ്ണയും 2000 കിലോഗ്രാം പഞ്ചസാരയും ശേഖരിച്ചു. ഈ  ഭക്ഷണ സാധനങ്ങൾ ഏകദേശം 150 വാഹനങ്ങളിലായി കേരളത്തിലെ വിവിധ രൂപതകളായ ഇരിങ്ങാലക്കുട, തൃശ്ശൂർ, മാനന്തവാടി, എറണാകുളം, കോഴിക്കോട്, ഇടുക്കി, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലെ ഇടവകകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും വിതരണം ചെയ്തു.

## തുണി വിതരണം

തലശ്ശേരി അതിരൂപതയിലെ വിവിധഇടവകകളിൽ നിന്നു ശേഖരിച്ച തുണികൾ (സാരി-5000, നൈറ്റി-10000, ചുരിദാർ-5000, തോർത്ത്-13000, ബെഡ്ഷീറ്റ്-10000, സാനിറ്ററി സാധനങ്ങൾ-1000, മുണ്ടുകൾ-3000, ഷർട്ട്-5000 തുടങ്ങിയവ) വിവിധ രൂപതകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ എത്തിച്ചു. (ഏകദേശം 50 ലക്ഷം രൂപയുടെ തുണികൾ).

## കുടുംബക്കൂട്ടായ്മയിൽ നിന്നുണ്ടായ സ്നേഹപൊതി

മലയോരത്തെ പതിനായിരത്തോളം കുടുംബങ്ങളും അമ്മമാരും, എസ് എച്ച്, എസ് എബിഎസ് കോൺഗ്രിഗേഷനുകളിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും കുന്നോത്ത് മേജർ സെമിനാരി ബ്രദേഴ്സും പ്രളയ ബാധിത കുടുംബങ്ങൾക്ക് വേണ്ടി 4 ദിവസം കൊണ്ട് രണ്ടു ലക്ഷത്തോളം ചപ്പാത്തികളും മറ്റ്  ക്ഷണ സാധനങ്ങളും ഉണ്ടാക്കി  ഇരിങ്ങാലക്കുട, തൃശ്ശൂർ, മാന

ന്തവാടി, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്തു.

## പ്രളയ ബാധിത കുടുംബങ്ങൾ മനോഹരമാക്കാൻ തലശ്ശേരി അതിരൂപതയുടെ വൈദികർ

തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ സേവനം ചെയ്യുന്ന 150 ഓളം വൈദികരും കുന്നോത്ത് മേജർ സെമിനാരിയിലെ 160 വൈദിക വിദ്യാർത്ഥികളും പ്രളയ ബാധിത വീടുകൾ വൃത്തിയാക്കുന്നതിനു സേവന സന്നദ്ധരായി മുന്നിട്ടിറങ്ങി. ഒരു അച്ചനും 25 പേരടങ്ങുന്ന സന്നദ്ധ പ്രവർത്തകരും ആണ് ഒരു ടീം. വീടുകൾ വൃത്തിയാക്കുന്നതിനു ആവശ്യമായ ക്ലീനിംഗ് സാമഗ്രഹികളുമായി എറണാകുളം, തൃശ്ശൂർ, ഇരിങ്ങാലക്കുട രൂപതകളിലെ ദുരിതബാധിത വീടുകളിൽ സേവനം ചെയ്തു വരുന്നു.

## മരുന്ന് വിതരണം

കണ്ണൂർ കളക്ടറുടെ അഭ്യർത്ഥന പ്രകാരം മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി രണ്ടരലക്ഷത്തോളം രൂപയുടെ മരുന്നുകൾ കണ്ണൂർ കളക്ട്രേറ്റിൽ ഏൽപ്പിച്ചു. തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റൽ, തൊക്കിലങ്ങാടി ക്രിസ്തുരാജ ഹോസ്പിറ്റൽ, കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ, മംഗലാപുരം ഫാദർ മുള്ളർ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നിന്നാണ് ഈ മരുന്ന് ലഭിച്ചത്.

## മെഡിക്കൽ ക്യാമ്പ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും മംഗലാപുരത്തുള്ള ഫാ. മുള്ളർ മെഡിക്കൽ കോളജിന്റെയും നേതൃത്വത്തിൽ മലയോര മേഖലകളിൽ മാനന്തവാടി, ബത്തേരി, അമ്പായത്തോട് മണിക്കടവ് എന്നീ സ്ഥലങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഫാ. മുള്ളർ മെഡിക്കൽ കോളജിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുമായി 40 ഓളം പ്രഗത്ഭരായ ഡോക്ടർമാരും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റാഫ് അംഗങ്ങളും ഈ മെഗാ മെഡിക്കൽ ക്യാമ്പുകൾക്ക് നേതൃത്വം നൽകി.

**ഫാ. സ്കറിയ നിരപ്പേൽ**
എക്സി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2018 സെപ്റ്റംബർ & ഒക്ടോബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**സെപ്റ്റംബർ**

ആഗസ്റ്റ് 31 സെപ്റ്റം.2 : തപസ്സ് ധ്യാനം (10 am ആരംഭം)
2-7 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
8 : വാർഷികം
9-14 : അതിരൂപതാ വൈദികരുടെ ധ്യാനം
16-21 : അതിരൂപതാ വൈദികരുടെ ധ്യാനം
28-30 : പരിശുദ്ധാത്മ അഭിഷേക ധ്യാനം (വെള്ളി രാവിലെ 10 മുതൽ ഞായർ ഉച്ചവരെ)
30 ഒക്ടോബർ 5 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം

**ഒക്ടോബർ**

സെപ്റ്റം.30 ഒക്ടോ.5 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
5-7 : സൗഖ്യാനുഭവ ധ്യാനം(വെള്ളി 6 pm - ഞായർ 8 pm)
13 : ഏകദിനകൺവെൻഷൻ
14 -19 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
21-26 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
26-28 : മരിയൻ ധ്യാനം (വെള്ളി 5 pm - ഞായർ 8 pm )
27-28 : എഫ്ഫാത്ത ദ്വിദിന ധ്യാനം (10 am ആരംഭം) ശ്രവണ വൈകല്ല്യമുള്ളവർക്ക്)

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 2491941, 9745017131**

**സെപ്റ്റംബർ**
7 : ജാഗരണ പ്രാർത്ഥന
8 : ക്രിസ്റ്റീൻ ഏകദിന ധ്യാനം
9-13 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
15-19 : പ്രേഷിതരുടെ ധ്യാനം
23-27 : ആന്തരിക സൗഖ്യ ധ്യാനം
സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 4 വരെ പരിശുദ്ധാത്മ അഭിഷേക ധ്യാനം

**ഒക്ടോബർ**
12 : ജാഗരണ പ്രാർത്ഥന
13 : ക്രിസ്റ്റീൻ ഏകദിന ധ്യാനം
14-18 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
ഒക്ടോബർ 28 മുതൽ നവംബർ 1 വരെ ആന്തരിക സൗഖ്യ ധ്യാനം

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

**സെപ്തംബർ** 6-9 : ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം

21- 23 : കുടുംബ ദർശന ധ്യാനം

27- 30 : ഹീലിങ്ങ് & ഡെലിവറൻസ് റിട്രീറ്റ്

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

**സെപ്റ്റംബർ**7- 9 : ആന്തരീക സൗഖ്യ- കുടുംബാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

21- 23 : ആന്തരീക സൗഖ്യ- കുടുംബാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

**സെപ്റ്റംബർ** 01 : ഏകദിനം

02-06 : മരിയൻ ആന്തരീക സൗഖ്യധ്യാനം

08 : മരിയൻ ദിവ്യകാരുണ്യ ആരാധന

14 : ജാഗരണപ്രാർത്ഥന

15 : ക്രിസ്റ്റീൻ വിംങ്ങ്സ്

16-20 : ആന്തരീക സൗഖ്യധ്യാനം

22 : മരിയൻ ദിവ്യകാരുണ്യ ആരാധന

29 : മരിയൻ ദിവ്യകാരുണ്യ ആരാധന

സെപ്റ്റം.30 ഒക്ടോ.4 : ആന്തരീക ശാരീരിക സൗഖ്യധ്യാനം

**ഒക്ടോബർ** 06 : ഏകദിനം

13 : മരിയൻ ദിവ്യകാരുണ്യ ആരാധനയുടെ 16-ാംമത് വാർഷികം

20 : മരിയൻ ദിവ്യകാരുണ്യ ആരാധന

21-25 : ആന്തരീക സൗഖ്യധ്യാനം

27 : മരിയൻ ദിവ്യകാരുണ്യ ആരാധന

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജൂലൈ 2018

24 തലശ്ശേരി സന്ദേശഭവനിൽ നടന്ന 2018-2021 വർഷത്തേക്കുള്ള തലശ്ശേരി അതിരൂപത വൈദികസമിതിയുടെ പ്രഥമയോഗത്തിൽ അധ്യക്ഷത വഹിച്ചു.

25 അതിരൂപതയുടെ വിവിധഭാഗങ്ങളിൽനിന്നു വന്ന സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ശാന്തിഗിരി ഇടവകയിൽ നിര്യാതയായ മേരി കട്ടക്കരയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

26 അരമനയിൽ സന്ദർശകരായെത്തിയ അച്ചന്മാരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു.

27 കുന്നോത്ത് സെമിനാരിയിൽ ഒന്നാംവർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

28 രാവിലെ 8 മണിക്ക് കോളയാട് ദൈവദാൻ സെന്റർ സന്ദർശിച്ചു. 10 മണിക്ക് കോളയാട് അൽഫോൻസ തീർത്ഥാടനദൈവാലയത്തിൽ പ്രധാന തിരുനാളിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് സന്ദേശഭവനിൽ കെസിവൈഎം, എസ്എംവൈഎം സംസ്ഥാന സെനറ്റ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം തിരുമേനി ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി കിടപ്പുരോഗികളായവരെ സന്ദർശിച്ചു.

29 തിരുമേനി ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം മണിപ്പാറ ഇടവകയിൽ നിര്യാതനായ ആഞ്ഞിലിതോപ്പിൽ സിബിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

30-31 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ സെമിനാരി കമ്മീഷൻ സന്ദർശനത്തിൽ പങ്കെടുത്തു.

### ആഗസ്റ്റ് 2018

1-2 ബോംബെ ബിഷപ്സ് ഹൗസിൽ നടന്ന സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംങ്ങിൽ പങ്കെടുത്തു.

03 ഷംഷാബാദ് രൂപതയിലെ ഹൈദ്രാബാദ് മിഷനിൽ സന്ദർശനം നടത്തി.

3-6 സത്ന സെമിനാരിയിൽ കോൺവൊക്കേഷൻ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. സത്ന അരമനയും മൈനർ സെമിനാരിയും മറ്റ് മിഷൻ സെന്ററുകളും സന്ദർശിച്ചു.

7-10 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന കെ.സി.ബി.സി. മെത്രാൻസമിതിയുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

11 പുറവയൽ ഇടവകയിൽ സിസ്റ്റർ മേഴ്സിലിറ്റ് എം.എസ്.എം.ഐ.യുടെ വ്രതവാഗ്ദാന സിൽവർ ജൂബിലി ആഘോഷത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഉരുൾപൊട്ടലിൽ നാശനഷ്ടങ്ങളുണ്ടായ കരിക്കോട്ടക്കരി, എടപ്പുഴ, പാറയ്ക്കപ്പാറ, മാങ്ങോട്, കച്ചേരിക്കടവ്, വാണിയപ്പാറ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് ദുരിതബാധിതരെ ആശ്വസിപ്പിച്ചു.

12 രാവിലെ 8 മണിക്ക് ആടാംപാറ ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉരുൾപൊട്ടലിൽ നാശനഷ്ടങ്ങളുണ്ടായ ഭവനങ്ങളും സ്ഥലങ്ങളും സന്ദർശിച്ച് ആളുകളെ ആശ്വസിപ്പിച്ചു. ഉച്ചകഴിഞ്ഞ് കാലാങ്കി, മണിക്കടവ്, ശാന്തിനഗർ ഇടവകകളിൽ ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളും ഭവനങ്ങളും സന്ദർശിച്ച് ദുരിതബാധിതരെ ആശ്വസിപ്പിച്ചു.

14 പേരാവൂർ ഇടവകയിൽ നിര്യാതയായ മറ്റത്തിൽ ത്രേസ്യാമ്മയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പേരാവൂർ ഇടവകയിൽ ആഗസ്റ്റ് 3ന് നിര്യാതനായ പാലയൂർ പൂവത്തിങ്കൽ ജെയ്സൺ മർക്കോസിന്റെ ഭവനത്തിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

15 രാവിലെ 6.30ന് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലി അർപ്പിച്ചു. 8.30ന് സാൻ ജോസ് മെട്രോപോളിറ്റൻ സ്കൂളിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പതാക ഉയർത്തുകയും പുതിയതായി നിർമ്മിച്ച ഓഡിറ്റോറിയം വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് 10.30 ന് സന്ദേശഭവനിൽ നടന്ന തലശ്ശേരി റിസേർച്ച് സെന്ററിന്റെ പ്രഥമ മീറ്റിംഗിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് തലശ്ശേരി ഗവ. ബ്രണ്ണൻ ഹയർസെക്കന്ററി സ്കൂളിൽ ദീപിക ദിനപത്രത്തിന്റെ ആഭിമുഖ്യത്തിൽ പണികഴിപ്പിച്ച ക്ലാസ്റൂമിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. വൈകുന്നേരം സന്ദേശഭവനിൽ നടന്ന ദിയാക്കോണിയ മീറ്റിംഗിൽ പങ്കെടുത്തു.

16 സന്ദർശകരായെത്തിയ അച്ചന്മാരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു. ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന സ്കൂൾ മാനേജേഴ്സിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം മൈനർ സെമിനാരിയിൽ

നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്ത് ചർച്ചകൾക്ക് നേതൃത്വം കൊടുത്തു.

18 കൊട്ടിയൂർ, അമ്പായത്തോട് മേഖലകളിൽ ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളും ഭവനങ്ങളും സന്ദർശിക്കുകയും ക്യാമ്പിൽ കഴിയുന്ന ദുരിതബാധിതരെ ആശ്വസിപ്പിക്കുകയും ചെയ്തു. മഴക്കെടുതിയിൽ ഭവനം നഷ്ടപ്പെട്ട എടക്കാനം ഇടവകയിലെ മഠത്തിനകത്ത് ബേബിയുടെ ഭവനം സന്ദർശിച്ച് അവരെ ആശ്വസിപ്പിച്ചു.

20 പരിയാരം "അമ്മവീട്ടിൽ" അൽമായരുടെ ധ്യാനത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം എമ്പേറ്റുള്ള എംഎസ്എംഐ കോൺവെന്റിൽ രോഗികളായ സിസ്റ്റേഴ്സിനെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

21 അടയ്ക്കാത്തോട് ഇടവകയിൽ നിര്യാതനായ പള്ളിയാൻ തോമസിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് തൊക്കിലങ്ങാടി എസ്എച്ച് കോൺവെന്റിലെത്തി രോഗികളായ സിസ്റ്റേഴ്സിനെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

22 മണ്ണാർകാട് ഇടവകയിൽ നിര്യാതനായ മണിയാട്ട് ഔസേപ്പച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

23 അരമനയിലെത്തിയ സന്ദർശകരെ സ്വീകരിച്ചു.

❖❖❖

## Programme of the Archbishop
## Mar George Njaralakatt

### SEPTEMBER 2018

| | | | |
|---|---|---|---|
| 01 | 6.30 am | - | Peravoor |
| | 10.30 am | - | Arayangad |
| | | - | Pastoral visit - Ettupara |
| 02 | | - | Pastoral visit - Ettupara |
| 03 | | - | Finance council |
| 04 | | - | Consulters meeting |
| 05 | | - | Visitors' day |
| 06 | | - | Priests' and Sisters' day |
| | 5.00 pm | - | VJEC council |
| 07 | | - | Out of station |
| 08 | | - | Kodencherry |
| | | - | Pastoral Visit- Neduvaloor |
| 09 | | - | Pastoral Visit - Neduvaloor |
| 10-14 | | - | Annual Retreat of Priests |
| 14 | 2.00 pm | - | Peravoor - ADSU Jubilee |
| 15 | 9.30 am | - | Mangalore - Episcopal Ordination |
| | | - | Pastoral Visit - Vellad |
| 16 | | - | Pastoral Visit - Vellad |
| 17-21 | | - | Annual Retreat of Priests |
| 19 | | - | Vilakkannur |
| 20 | | - | Ordination - Paduppu |
| 22 | 10.am | - | Thaliparamba - TSSS General body |

| | | | |
|---|---|---|---|
| | 2.00 pm | - | Edoor - Convent blessing |
| | | - | Pastoral visit - Charal |
| 23 | | - | Pastoral visit - Charal |
| 24 | 8.30 am | - | GSMS Kunnoth |
| | 3.30 pm | - | Alakode |
| 25-28 | | - | CBCI - Bangalore |
| 29 | Nov 9 | - | USA - Europe |

**Secretary to the Archbishop**

## Programme of the Auxiliary Bishop
## Mar Joseph Pamplany

September - October - USA - Europe

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂലൈ 2018

23 രാവിലെ 10.30 ന് ഭരണങ്ങാനം പള്ളിയിൽ വി. അൽഫോൻസാ തിരുനാളിൽ വി. ബലിയർപ്പിച്ച് വചന സന്ദേശം നൽകി.

24 രാവിലെ 10 മണിക്ക് തലശ്ശേരിയിൽ വച്ച് നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

25 രാവിലെ 10 മണിക്ക് തളിപ്പറമ്പ് ഫൊറോന വൈദിക മാസധ്യാനത്തിൽ പങ്കെടുത്ത് വചന സന്ദേശം നൽകി. വൈകുന്നേരം 6 മണിക്ക് വായാട്ടുപറമ്പ് ഫൊറോന വൈദിക മാസധ്യാനത്തിൽ പങ്കെടുത്ത് വചന സന്ദേശം നൽകി.

26 രാവിലെ 10 മണിമുതൽ ചെമ്പേരി വിമൽജ്യോതി കോളേജിൽ വിവിധ ഡിപ്പാർട്ടുമെന്റുകൾ സന്ദർശിക്കുകയും സ്റ്റാഫ് മീറ്റിങ്ങുകളിൽ പങ്കെടുക്കുകയും ചെയ്തു. വൈകുന്നേരം 6 മണിക്ക് ചെമ്പേരി ഫൊറോന യുവജന അസംബ്ലിക്ക് അദ്ധ്യക്ഷത വഹിച്ചു.

27 രാവിലെ 9 മണി മുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസ് എടുത്തു.

28 ഉച്ചയ്ക്ക് 1 മണിക്ക് പുളിങ്ങോം ഇടവകയിൽ പടിയാനിക്കൽ ഷാജിയുടെ ഭവനം വെഞ്ചരിച്ചു. വൈകുന്നേരം 4 മണിക്ക് കണ്ണൂർ ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി. രാത്രി 8 മണിക്ക് മണിപ്പാറ ഇടവകയിൽ നിര്യാതനായ സിബി ആഞ്ഞിലിത്തോപ്പിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 രാവിലെ 7.30 ന് അട്ടക്കണ്ടം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം 4 മണിക്ക് മണിപ്പാറ ഇടവകയിൽ നിര്യാതനായ സിബി ആഞ്ഞിലിത്തോപ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

30 രാവിലെ 9 മണിക്ക് തടിക്കടവ് ഇടവകയിൽ ഡീക്കൻ അബ്രാഹം കുമ്പുക്കലിന് തിരുപ്പട്ടം നൽകി. വൈകുന്നേരം 6 മണിക്ക് ചെമ്പേരി ഫൊറോന വൈദിക മാസധ്യാനത്തിൽ പങ്കെടുത്ത് വചന സന്ദേശം നൽകി.

31 ഉച്ചവരെ പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് BSF കൂട്ടായ്മയിൽ ക്ലാസ് നയിച്ചു.

## ഓഗസ്റ്റ് 2018

01 പെരുവണ്ണാമൂഴി ശാലോം സ്റ്റുഡിയോയിൽ നടന്ന ഷൂട്ടിങ്ങ് പരിപാടിയിൽ പങ്കെടുത്തു.

02 രാവിലെ 10 മണിക്ക് തലശ്ശേരിയിൽ വച്ച് നടന്ന റിസേർച്ച് ഫോറം മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

03 രാവിലെ 9 മണി മുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ ക്ലാസ് എടുത്തു.

04 രാവിലെ 10.30 ന് കരിവേടകം ഇടവകയിൽ പാലക്കുഴി കുടുംബത്തിന്റെ കുടുംബാഘോഷങ്ങളിൽ വി. കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു.

05 രാവിലെ 7.30 മുതൽ കരിവേടകം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

7-10 കാക്കനാട് നടന്ന മെത്രാന്മാരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

11 വൈകുന്നേരം 6 മണിക്ക് എടൂരിൽ നാടകകൃത്ത് ജിനോ ജോസഫിനെ ആദരിക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

12 കാലവർഷക്കെടുതി നേരിടുന്ന വിവിധ സ്ഥലങ്ങളിൽ അതിരൂപതാ ദൗത്യസംഘത്തിനൊപ്പം സന്ദർശനം നടത്തി.

13 പേരാവൂർ ഇടവകയിൽ രാവിലെ 11.30 ന് ചെമ്പേട്ട് ജോവിലും, പാംപ്ലാനിയിൽ ആൻശ്രുതിയും തമ്മിലുള്ള വിവാഹ വാഗ്ദാനം നടത്തി. ഉച്ചകഴിഞ്ഞ് 3 മണിക്ക് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽ BSF കൂട്ടായ്മയിൽ ക്ലാസ് നയിച്ചു.

14 രാവിലെ 8.30 മുതൽ ആൽഫാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എം റ്റി എച്ച് വിദ്യാർത്ഥികളുടെ ഡിഫൻസിൽ പങ്കെടുത്തു. വൈകുന്നേരം 6 മണിക്ക് മൈനർ സെമിനാരിയിൽ നടന്ന സ്വാതന്ത്ര്യദിന അക്കാഡമി ഉദ്ഘാടനം ചെയ്തു.

15 രാവിലെ 9.30 മുതൽ തലശ്ശേരി റിസേർച്ച് സെന്റർ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.